# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ

## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ – 4**

**പേപ്പർ –410**

**സാമൂഹ്യശാസ്ത്രം – പഠനവും ബോധനവും – II**

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2019**

# സാമൂഹ്യശാസ്ത്രം – പഠനവും ബോധനവും

## Prepared by


1. **R. Raveendran Nair,** Senior Lecturer (Rtd) - DIET Pathanamthitta
2. **E.C. Mohanan,** Teacher Educator - GITE Palakkad


## Experts:


1. **Prof. (Dr). M.A. Sudhir**

   UGC Emeritus Professor

   Gandhigram Rural Institute, Dindigul
2. **Dr. Lidson Raj.**

   Asst. Professor, GCTE, Thiruvananthapuram.
3. **Dr. C.Gokuldasan Pillai**

   Former Curriculum Head, SCERT, Thiruvananthapuram


**Academic Co-ordinator**


**Smt. Deepa. N. Kumar**

Research Officer, SCERT, Thiruvananthapuram.

## യൂണിറ്റ് 1

## പാഠ്യപദ്ധതി വിനിമയവും ആസൂത്രണവും

### ആമുഖം

നാലാം സെമസ്റ്ററിലെ സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും - II എന്ന പേപ്പറിന് ആകെ നാലു യൂണിറ്റുകളാണ് പഠിക്കുവാനുള്ളത്.

**യൂണിറ്റ് 1**

പാഠ്യപദ്ധതി വിനിമയവും ആസൂത്രണവും

**യൂണിറ്റ് 2**

സാമൂഹ്യശാസ്ത്ര പഠനം വിലയിരുത്തൽ

**യൂണിറ്റ് 3**

സാമൂഹ്യശാസ്ത്ര പഠനവും ഗവേഷണവും

**യൂണിറ്റ് 4**

സാമൂഹ്യശാസ്ത്ര പഠനം - സ്കൂൾ അനുഭവ പരിപാടി

എന്നീ നാലു യൂണിറ്റുകളിലായി വിവിധ ആശയ മേഖലകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം യൂണിറ്റിൽ സ്കൂൾ പാഠ്യപദ്ധതി വിനിമയത്തിനായി സ്വീകരിക്കേണ്ട പഠന തന്ത്രങ്ങളും അവയുടെ ആസൂത്രണവും ചർച്ച ചെയ്യുന്നു. ആസൂത്രണവുമായി ബന്ധപ്പെട്ട് ടീച്ചർ തയാറാക്കേണ്ട രേഖകൾ, പരിഗണിക്കേണ്ട പഠന സാമഗ്രികൾ, വിഭവസ്രോതസുകൾ, ഐ.സി.ടി. സാധ്യതകൾ എന്നിവ വിശദമാക്കുന്നു. രണ്ടാം യൂണിറ്റിൽ സാമൂഹ്യശാസ്ത്ര പഠനത്തിന്റെ വിലയിരുത്തൽ പ്രക്രിയ എങ്ങനെയാണ് വിദ്യാലയത്തിൽ നടക്കുന്നതെന്ന് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. മൂന്നാം യൂണിറ്റ് സാമൂഹ്യശാസ്ത്ര പഠനത്തിൽ ഗവേഷണ പ്രവർത്തനങ്ങളും പ്രശ്ന പരിഹാരവും എന്ന ആശയമേഖലയിൽ  വിവിധ ഗവേഷണവും ഉപരിപഠന സാധ്യതകളും ചർച്ച ചെയ്യുന്നുണ്ട് നാലാം യൂണിറ്റിൽ സ്കൂൾ അനുഭവ പരിപാടിയുടെ തയാറെടുപ്പ്, വിശകലന ക്ലാസ്സുകൾ, വിലയിരുത്തലുകൾ, ടീച്ചിംഗ് മാന്വൽ പഠനോപകരണങ്ങൾ എന്നിവ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നു. അധ്യാപക വിദ്യാർഥികൾക്ക് ഫലപ്രദമായി സ്കൂൾ അനുഭവ പരിപാടി പൂർത്തിയാക്കുന്നതിന് സഹായകമായ ആശയധാരണകളും നൈപുണികളും നേടുക എന്നതാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

മൂന്ന്, നാല് ക്ലാസുകളിൽ പരിസരപഠനം എന്ന നിലയിലാണ് ശാസ്ത്ര-സാമൂഹ്യശാസ്ത്ര വിഷയങ്ങളെ പരിഗണിച്ചത്. 5 മുതൽ 10 വരെ ക്ലാസുകളിൽ സാമൂഹ്യശാസ്ത്ര വിഷയങ്ങളെ സംയോജിപ്പിച്ചുകൊണ്ടും ഭൗതിക ശാസ്ത്ര മേഖലകളെ വേർപ്പെടുത്തിയും ഉള്ള പാഠഭാഗങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. രണ്ടാം സെമസ്റ്ററിൽ സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതിയും ആശയ മേഖലകളും ചർച്ച ചെയ്തതിന്റെ തുടർച്ചയാണ് നാലാം സെമസ്റ്ററിലെ യൂണിറ്റുകൾ. സാധ്യതകൾ ഉപയോഗപ്പെടുത്തിയും വിശകലനം ചെയ്തും ധാരണകൾ മെച്ചപ്പെടുത്തുമല്ലോ.

സാമൂഹിക യാഥാർഥ്യങ്ങൾ, ആവശ്യങ്ങൾ ഇവ തിരിച്ചറിയുന്നതിനും സാമൂഹ്യപ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും സാമൂഹ്യശാസ്ത്രപഠനം കുട്ടികളെ പ്രാപ്തരാക്കണം. ജാതിയത, വർഗീയത, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ തുടങ്ങിയ സാമൂഹിക തിന്മകൾ ബലപ്പെട്ടുവരുന്ന ഇന്നത്തെ സാഹചര്യം കാണാതെ സാമൂഹ്യശാസ്ത്ര പഠിതാവിന് മുന്നോട്ടു പോകാനാവില്ല. മദ്യം, മയക്കുമരുന്നിനോടുള്ള ആസക്തി, ആത്മഹത്യാ പ്രവണത തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങളുടെ കാര്യകാരണ ബന്ധം കണ്ടെത്തി പരിഹരണ പ്രവർത്തനങ്ങളിൽ

പങ്കാളിയാകാൻ സാമൂഹ്യശാസ്ത്ര പഠനം പ്രചോദനമാകണം. ആശയപരമായ ധാരണകൾ നേടുന്നതോടൊപ്പം മനോഭാവും നൈപുണികളും ആർജിക്കുന്നതാവണം സാമൂഹ്യശാസ്ത്ര പഠനം. ഇത്തരം ലക്ഷ്യങ്ങളിലും പഠനനേട്ടങ്ങളിലും ഊന്നികൊണ്ട് സാമൂഹ്യശാസ്ത്രപഠനം ഫലപ്രദമാകണം. അതിന് ഫലപ്രദമായ ആസൂത്രണം കൂടിയേ തീരൂ.

അപ്പർ പ്രൈമറി ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങൾ ലക്ഷ്യബോധത്തോടെ വിനിമയം ചെയ്യുന്നതിന് ആവശ്യമായ നൈപുണികൾ ആർജിക്കലാണ് നാലാം സെമസ്റ്ററിലെ വിദ്യാലയ അനുഭവ പരിപാടികളിലൂടെ സാധ്യമാകേണ്ടത്. ഇതിനാവശ്യമായ ആശയങ്ങളും ധാരണകളും രണ്ടാം സെമസ്റ്ററിൽ നേടിയിട്ടുണ്ട്. നാലാം സെമസ്റ്ററിലെ ഒന്നാം യൂണിറ്റിൽ പാഠപുസ്തകങ്ങൾ പരിചയപ്പെടുകയും ആസൂത്രണ പ്രക്രിയയുടെ നേരനുഭവം ലഭ്യമാക്കുകയുമാണ്.

## പാഠ്യപദ്ധതി വിനിമയം

ഒന്നാം സെമസ്റ്ററിൽ (പേപ്പർ - 106) പരിസര പഠനത്തിലും രണ്ടാം സെമസ്റ്ററിലെ (പേപ്പർ 210) സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും എന്നി ഭാഗങ്ങളിലായി സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതിയുടെ പ്രധാനാശയങ്ങൾ, പഠനലക്ഷ്യങ്ങൾ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ട്. 5, 6, 7 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിചയപ്പെടുകയാണ് നാലാം സെമസ്റ്ററിൽ ചെയ്യേണ്ടത്. സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിന്റെ സ്വീകരിച്ചിട്ടുള്ള വിനിമയ സമീപനങ്ങളും ലക്ഷ്യങ്ങളും രണ്ടാം സെമസ്റ്ററിൽ ചർച്ച ചെയ്തത് ഓർത്തു നോക്കുക.

- പഠിതാവ് കേന്ദ്രീകൃതം
- അന്വേഷണാത്മകം
- പ്രവർത്തനാധിഷ്ഠിതം
- പ്രക്രിയാ ബന്ധിതം
- പരിസര ബന്ധിതം
- പഠനനേട്ട കേന്ദ്രീകൃതം
- ഐ.സി.ടി. അധിഷ്ഠിതം
- ജ്ഞാന നിർമ്മിതിയിലധിഷ്ഠിതം
- വിമർശനാത്മക ചിന്ത വളർത്തുന്നത്
- ......................................................

സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതി വിനിമയ സമീപനത്തിനനുസരിച്ച് തയാറാക്കിയ പാഠപുസ്തകങ്ങളാണ് നിങ്ങൾക്ക് ലഭ്യമായിട്ടുള്ളത്. എന്തെല്ലാം പഠനതന്ത്രങ്ങളാണ് സാമൂഹ്യശാസ്ത്ര പുസ്തകത്തിന്റെ വിനിമയത്തിനായി ഉൾചേർത്തിട്ടുള്ളത്?

- ലഘുപ്രോജക്ടുകൾ
- ഗ്രൂപ്പ് ചർച്ചകൾ
- സർവ്വേകൾ
- സെമിനാർ
- സിമ്പോസിയങ്ങൾ
- സംവാദങ്ങൾ
- പാനൽ ചർച്ചകൾ
- വർക്ക്ഷോപ്പ് (ശില്പശാല)
- പിയർട്യൂട്ടറിംഗ്
- അസൈൻമെന്റുകൾ
- സഹകരണ/സഹവർത്തിത പഠനം ...
- അഭിമുഖങ്ങൾ
- പഠനയാത്രകൾ
- ......................................................
- ആൽബം തയാറാക്കൽ
- ഭൂപട വിശകലനം

- *അഞ്ച്, ആറ്, ഏഴ് ക്ലാസിലെ ഓരോ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഏതെല്ലാം വിനിമയ രീതികളും പഠനതന്ത്രങ്ങളും ഉൾചേർന്നിട്ടുണ്ട് എന്ന് കണ്ടെത്തി അവതരിപ്പിക്കുക.*

## പാഠപുസ്തകവും വിനിമയവും

മനുഷ്യന്റെ സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യ കേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലുമുള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യശാസ്ത്രപഠനത്തിൽ നടക്കേണ്ടത്. അതിനുള്ള ആശയസംവാദത്തിനായി ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം, സമൂഹശാസ്ത്രം എന്നീ വ്യത്യസ്ത ഉപവിഷയങ്ങളായി വേർതിരിക്കുമ്പോൾ തന്നെ അവ തമ്മിലുള്ള പാരസ്പര്യം നിലനിർത്തികൊണ്ടാണ് പ്രൈമറി ക്ലാസിലെ പാഠപുസ്തകം അവതരിപ്പിച്ചിട്ടുള്ളത്. വിദ്യാർഥികളുടെ പ്രധാന പഠനസാമഗ്രിയാണ് പാഠപുസ്തകം, അത് കേവല വിവരണമല്ല, നിരീക്ഷണം, പരീക്ഷണം, താരതമ്യം ചെയ്യൽ, അപഗ്രഥനവും നിഗമനം രൂപപ്പെടുത്തലും തുടങ്ങിയ പ്രക്രിയകൾക്ക് പ്രേരണയും സൂചനയും നൽകുന്ന ഉപാധി കൂടിയാണ്.

സ്വയം പഠനത്തിനും ആശയങ്ങളെ ജീവിതവുമായി ബന്ധിപ്പിക്കുന്ന തരത്തിലുമാവണം സാമൂഹ്യശാസ്ത്ര പുസ്തകത്തിന്റെ ഉപയോഗം. ഓരോ കുട്ടിയുടേയും നിലവാരവും സവിശേഷതകളും പരിഗണിച്ച് കഴിവുകൾ, മൂല്യങ്ങൾ, ആശയങ്ങൾ, ധാരണകൾ എന്നിവ നേടുന്ന തരത്തിൽ പഠനാനുഭവങ്ങൾ ഒരുക്കുന്നതിന് പാഠപുസ്തകം ഉപയോഗപ്പെടുത്തണം. പഠനനേട്ടങ്ങൾ ആർജിക്കുന്നതിന് സന്ദർഭങ്ങൾ ഒരുക്കുക എന്ന സർഗപരമായ ചുമതലയാണ് അധ്യാപികക്കുള്ളത്. ഈ ചുമതല നിർവ്വഹിക്കുന്നതിന് ടീച്ചറെ സഹായിക്കുന്ന മറ്റൊരു ഉപാധിയാണ് ടീച്ചർ ടെക്സ്റ്റ്. ഒരു പാഠഭാഗത്തിലൂടെ കുട്ടിയിലേക്ക് വിനിമയം ചെയ്യേണ്ട ശേഷികൾ, ആശയങ്ങൾ, ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ കണ്ടെത്തി അതിനുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും ടീച്ചർ ടെക്സ്റ്റ് സഹായിക്കുന്നു.

5, 6, 7 ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങൾ പരിശോധിക്കുക. ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രതന്ത്രം, സാമ്പത്തിക ശാസ്ത്രം, സമൂഹശാസ്ത്രം എന്നീ ഉപവിഷയങ്ങളുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ വിശകലനം ചെയ്ത് താഴെ നൽകിയ പട്ടിക പൂർത്തിയാക്കി അവതരിപ്പിക്കുക. 5 ഗ്രൂപ്പായി അവതരിപ്പിക്കാം.

| ക്ലാസ് | ഉപവിഷയങ്ങൾ | യൂണിറ്റും പ്രധാനാശയങ്ങളും | പഠനതന്ത്രങ്ങൾ | പഠനസാമഗ്രികൾ |
|---|---|---|---|---|
| 5 | ചരിത്രം | | | |
| 6 | | | | |
| 7 | | | | |
| 5 | ഭൂമിശാസ്ത്രം | | | |
| 6 | | | | |
| 7 | | | | |
| 5 | രാഷ്ട്രതന്ത്രം | | | |
| 6 | | | | |
| 7 | | | | |
| 5<br>6<br>7 | സാമ്പത്തിക ശാസ്ത്രം | | | |
| 5 | സമൂഹശാസ്ത്രം | | | |
| 6 | | | | |
| 7 | | | | |

ആശയ മേഖലകളുടെ തുടർച്ചയും വ്യാപ്തിയും വിലയിരുത്തുക.

## വിനിമയ സാമഗ്രികളും വിഭവങ്ങളും

സാമൂഹ്യശാസ്ത്ര പാഠങ്ങളുടെ വിനിമയം ഫലപ്രദമാക്കുന്നതിന് നിരവധി സാമഗ്രികളും വിഭവങ്ങളും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അവയെന്തെല്ലാമാണ്? രണ്ടാം സെമസ്റ്ററിലെ ഇന്റേൺഷിപ്പിന്റെ ഭാഗമായി നിങ്ങൾ, സാമൂഹ്യശാസ്ത്ര ലാബ് സന്ദർശിച്ച് പഠനസാമഗ്രികളും അവയുടെ ഉപയോഗവും - മനസ്സിലാക്കിയിട്ടുണ്ടല്ലോ.

- പാഠപുസ്തകങ്ങൾ
- അധ്യാപക സഹായികൾ
- റഫറൻസ് പുസ്തകങ്ങൾ
- പത്രമാസികകൾ
- ദൃശ്യ-മാധ്യമങ്ങൾ
- ചരിത്ര രേഖകൾ, താളിയോലകൾ, ചെപ്പേടുകൾ
- ഭൂപടങ്ങൾ, ഗ്ലോബുകൾ
- അറ്റ്ലസ്, ചാർട്ടുകൾ
- ചരിത്ര സ്മാരകങ്ങൾ, ശേഷിപ്പുകൾ

- ചിത്രങ്ങൾ, ഫോട്ടോകൾ
- സിനിമ, നാടകം
- മഴമാപിനി
- കാറ്റാടിയന്ത്രം
- അനിമോമീറ്റർ
- തെർമോമീറ്റർ
- ഹൈഗ്രോമീറ്റർ
- ബാരോമീറ്റർ
- മാഗ്നറ്റിക് നീഡിൽ
- മോഡലുകൾ (സൗരയൂഥം, ഭൂരൂപങ്ങൾ...)
- സ്പെസിമനുകൾ (ഫോസിലുകൾ, സ്റ്റഫ്ഡ് ജീവികൾ...)
- ശേഖരങ്ങൾ (ധാതുക്കൾ, ശിലകൾ, മണ്ണുകൾ...)
- ഐ.സി.ടി. ഉപകരണങ്ങൾ, സോഫ്റ്റ്‌വെയറുകൾ
- .............................................

തുടങ്ങിയ നിരവധി സാമഗ്രികൾ സാമൂഹ്യശാസ്ത്ര പഠനത്തിന് ആവശ്യമാണ്. ഏതെല്ലാം സാമഗ്രികൾ, ഏതെല്ലാം പാഠഭാഗത്താണ് ഉപയോഗപ്പെടുത്തേണ്ടതെന്ന് കണ്ടെത്തി ബോധന സാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ മേന്മകൾ ചർച്ച ചെയ്യുക. അറിവിന്റെ തലവും വ്യാപ്തിയും കൂടിവരുന്ന ഈ കാലഘട്ടത്തിൽ പലതും നേരിട്ട് കാണുന്നതിനുള്ള അവസരങ്ങൾ കുറവാണ്. ഇവിടെയാണ് വിവരശേഖരണ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തികൊണ്ട് നേരനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് പഠന-ബോധന സാമഗ്രികൾ സഹായകമാകുന്നത്.

- *സാമൂഹ്യശാസ്ത്ര പഠനത്തിൽ ഡിജിറ്റൽ വിഭവങ്ങൾ എന്തെല്ലാം? ലഭ്യമാകുന്ന ബ്ലോഗുകളും വെബ്സൈറ്റുകളും കണ്ടെത്തി പട്ടികയാക്കുക.*

**ആസൂത്രണം**

ഏതൊരു പ്രവർത്തന പദ്ധതിയുടെയും ലക്ഷ്യപ്രാപ്തി ശാസ്ത്രീയമായ ആസൂത്രണത്തെ ആശ്രയിച്ചിരിക്കുന്നു. കുട്ടികളുടെ പഠനനിലവാരം, പഠനപ്രക്രിയ, പഠനാന്തരീക്ഷം, പഠനനേട്ടങ്ങൾ, പഠനതന്ത്രങ്ങൾ, ലഭ്യമായ ബോധന സാമഗ്രികൾ തുടങ്ങിയവയെല്ലാം പരിഗണിച്ചുകൊണ്ട് മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെയും ബോധനശാസ്ത്ര കാഴ്ചപ്പാടുകളുടെയും വെളിച്ചത്തിൽ അധ്യാപിക മുൻകൂട്ടി തയാറാക്കുന്ന പ്രവർത്തന പരിപാടിയാണ് ആസൂത്രണം. പഠനനേട്ടങ്ങൾ ആർജിക്കുന്നതിനുള്ള ആസൂത്രിത പ്രക്രിയയാണിത്. വളരെ സൂക്ഷ്മതയോടെയും കരുതലോടും നടക്കേണ്ടതാണ് ആസൂത്രണം. ആസൂത്രണം ഫലപ്രദമായാൽ തുടർന്നുള്ള പ്രക്രിയകളും നന്നായി നടക്കും. ഏതെല്ലാം തലത്തിലുള്ള ആസൂത്രണമാണ് സാമൂഹ്യശാസ്ത്ര അധ്യാപികയ്ക്ക് നിർവ്വഹിക്കുവാനുള്ളത്? വിശദമായി പരിശോധിക്കാം.

- വാർഷികാസൂത്രണം
- പ്രതിമാസാസൂത്രണം
- യൂണിറ്റാസൂത്രണം

- ദൈനംദിനാസൂത്രണം
- ........................................

## വാർഷികാസൂത്രണം, പ്രതിമാസാസൂത്രണം

കേരള വിദ്യാഭ്യാസവകുപ്പ് പ്രസിദ്ധീകരിക്കുന്ന കലണ്ടർ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാണ്. വിദ്യാഭ്യാസ കലണ്ടർ നിരീക്ഷിക്കുക. എന്തെല്ലാം വിവരങ്ങളാണ് കലണ്ടറിൽ നിന്നും ലഭ്യമാകുക? പരിശോധിച്ച് പട്ടികപ്പെടുത്തുക.

- പ്രവൃത്തി ദിനങ്ങളുടെ എണ്ണം
- അവധി ദിനങ്ങൾ
- ദിനാചരണങ്ങൾ
- മേളകൾ
- പരീക്ഷാ ദിനങ്ങൾ
- ......................................
- ......................................

ഓരോ വർഷവും വിദ്യാലയങ്ങളിൽ നടക്കേണ്ട പ്രവർത്തനങ്ങളുടെ സമയക്രമം മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെന്നു മനസ്സിലായല്ലോ.

ലഭ്യമായ പ്രവൃത്തി ദിനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ക്ലാസിലും ഓരോ മാസവും വിനിമയം ചെയ്യേണ്ട പാഠഭാഗങ്ങൾ നിശ്ചയിച്ച് സ്കീം ഓഫ് വർക്ക് വിദ്യാഭ്യാസ വകുപ്പ് തയാറാക്കി വിദ്യാലയങ്ങൾക്ക് നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5, 6, 7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങളുടെ വിനിമയ കലണ്ടർ നേരത്തെ നിശ്ചയിക്കാനാവും. ഓരോ വർഷവും പ്രവൃത്തി ദിനങ്ങളുടെ അടിസ്ഥാനത്തിൽ സ്കീം ഓഫ് വർക്ക് മാറ്റം വരാവുന്നതാണ്. ഇങ്ങനെ തയാറാക്കുന്ന വാർഷിക പ്രവർത്തന കലണ്ടറാണ് വാർഷികാസൂത്രണം. ആകെ പാഠഭാഗങ്ങളെ പ്രതിമാസാടിസ്ഥാനത്തിൽ വിഭജിക്കുമ്പോൾ പ്രവൃത്തി ദിനങ്ങളുടെ എണ്ണം, ഉള്ളടക്ക വ്യാപ്തി തുടങ്ങിയവ പരിഗണിക്കുന്നു. ഇവ ടീച്ചർ ടെക്സ്റ്റിൽ പ്രസിദ്ധീകരിക്കുന്നതു കൂടാതെ എല്ലാവർഷവും മാറ്റങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്നുമുണ്ട്. ആറാം ക്ലാസിലെ സാമൂഹ്യശാസ്ത്രം വാർഷിക പദ്ധതി വിശകലനം ചെയ്യുക. ഈ വർഷത്തെ വാർഷിക പദ്ധതിയുമായി എന്തെങ്കിലും മാറ്റങ്ങളുണ്ടോ എന്ന് പരിശോധിക്കുക.

## അക്കാദമിക മാസ്റ്റർ പ്ലാനും ആസൂത്രണവും

ലക്ഷ്യം നേടുന്നതിനും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അക്കാദമിക - ഭൗതിക - സാമൂഹിക മേഖലകളിലായി നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളും ഉൾപ്പെടുത്തി തയാറാക്കുന്ന വികസന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇതിൽ അക്കാദമിക പ്രവർത്തന പദ്ധതികളിലേക്ക് വിവിധ വിഷയങ്ങളിലെ പ്രത്യേക പരിപാടികൾ കൂടി ചേർക്കുന്നു. സാമൂഹ്യശാസ്ത്ര പഠനത്തിൽ വാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിപാടികൾ ഉണ്ടെങ്കിൽ അവ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്. പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സാമൂഹ്യശാസ്ത്ര പഠനത്തിൽ നടത്തുന്ന പരിപോഷണ പരിപാടികൾ തുടങ്ങിയവ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താം.

## യൂണിറ്റാസൂത്രണവും ദൈനംദിനാസൂത്രണവും

വാർഷിക പദ്ധതിയനുസരിച്ച് പ്രതിമാസം വിനിമയം ചെയ്യേണ്ട യൂണിറ്റുകൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട്. ഓരോ യൂണിറ്റും സമഗ്രമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. യൂണിറ്റാസൂത്രണത്തിൽ പരിഗണിക്കേണ്ട ഘടകങ്ങൾ എന്തെല്ലാമെന്നു നോക്കാം.

- യൂണിറ്റിലെ പഠനനേട്ടങ്ങൾ
- ആശയങ്ങൾ/ധാരണകൾ-ഉള്ളടക്ക വിശകലനം
- ലഭ്യമായ സമയം
- പഠന പ്രവർത്തനങ്ങൾ, പ്രക്രിയകൾ
- പഠന സാമഗ്രികൾ
- പ്രതീക്ഷിത ഉത്പന്നം
- മൂല്യങ്ങൾ, മനോഭാവങ്ങൾ
- വിലയിരുത്തൽ സാധ്യതകൾ
- വർക്കുഷീറ്റുകൾ
- തുടർപ്രവർത്തനങ്ങൾ
- സർഗവേള, ക്ലാസ് പി.ടി.എ. യിലേയ്ക്ക്
- ..............................................

ഇങ്ങനെ വിവിധ ഘടകങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള ബോധനശാസ്ത്രപരമായ അപഗ്രഥനമാണ് ഇവിടെ നടക്കേണ്ടത്. പഠനനേട്ടങ്ങൾ ലക്ഷ്യമാക്കി പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ സമീപനത്തിലൂന്നികൊണ്ട് സൂക്ഷ്മതയോടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. യൂണിറ്റാസൂത്രണത്തിന് ടീച്ചർ ടെക്സ്റ്റ്, സ്റ്റുഡന്റ് ടെക്സ്റ്റ്, വിദ്യാലയത്തിൽ ലഭ്യമായ പഠനസാമഗ്രികൾ, സാമൂഹ്യശാസ്ത്ര ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവയുടെ ഉപയോഗം ഉറപ്പുവരുത്തണം. നാം നേരത്തെ ചർച്ച ചെയ്ത വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ ടീച്ചർ ടെക്സ്റ്റിലും ടെക്സ്റ്റ് ബുക്കിലും ഉണ്ടാവാം. അവ സ്വന്തം ക്ലാസിലേയ്ക്ക് പറ്റിയ തരത്തിൽ അനുരൂപീകരിക്കുകയെന്ന ഒരു പ്രക്രിയ നടക്കണം. അനുബന്ധമായി നൽകിയിട്ടുള്ള യൂണിറ്റാസൂത്രണം വിശകലനം ചെയ്യുക.

- *5, 6, 7 ക്ലാസുകളിലെ ഏതെങ്കിലും ഒരു യൂണിറ്റ് വിശകലനം ചെയ്ത് അവതരണക്രമം, പഠനനേട്ടങ്ങൾ, ആശയങ്ങൾ പഠനപ്രവർത്തനങ്ങൾ, സാമഗ്രികൾ, മൂല്യങ്ങൾ, വിലയിരുത്തൽ തുടങ്ങിയ ഘടകങ്ങൾ കണ്ടെത്തുക. അവയെങ്ങനെയാണ് ടീച്ചർ ടെക്സ്റ്റിലും സ്റ്റുഡന്റ് ടെസ്റ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത് കണ്ടെത്തി അവതരിപ്പിക്കുക.*
- *5, 6, 7 ക്ലാസ്സുകളിലെ ഓരോ യൂണിറ്റ് വീതം വിശകലനം ചെയ്ത് ബോധനശാസ്ത്രപരമായ അപഗ്രഥനം ചെയ്ത് ഫോർമാറ്റിൽ അവതരിപ്പിക്കുക.*

## ടീച്ചിംഗ് മാന്വലും ദൈനം ദിനാസൂത്രണവും

ടീച്ചർ എഡ്യൂക്കേറ്റർ തയാറാക്കിയ സാമൂഹ്യശാസ്ത്രത്തിലെ ഒരു ദൈനംദിനാസൂത്രണം പരിശോധിക്കൂ. യൂണിറ്റാസൂത്രണത്തിൽ നിന്നുമാണ് ദൈനംദിനാസൂത്രണത്തിലേയ്ക്ക് കടക്കേണ്ടത്. ഓരോ ദിവസവും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കേണ്ടതെന്ന് മുൻകൂട്ടി കണ്ട് ആവശ്യമായ തയാറെടുപ്പുകൾ നടത്തുന്നതാണ് ദൈനംദിനാസൂത്രണം. പഠനനേട്ടങ്ങൾ പരിഗണിച്ച് പഠനപ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ ഉൾപ്പെടുത്തിയാണ് ആസൂത്രണം നടത്തേണ്ടത്. ആസൂത്രണം ചെയ്തവ എഴുതി തയാറാക്കുന്ന രേഖയാണ് ടീച്ചിംഗ് മാന്വൽ. കുട്ടി

കൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ, അവ നടത്തുന്നതിന് അധ്യാപികയുടെ പങ്ക്. പ്രവർത്തനത്തിലൂടെ രൂപപ്പെടേണ്ട ആശയങ്ങൾ, ധാരണകൾ, നേടേണ്ട മൂല്യങ്ങൾ, മനോഭാവങ്ങൾ, ആവശ്യമായ പഠനസാമഗ്രികൾ, പ്രതീക്ഷിക്കുന്ന ഉത്പന്നങ്ങൾ തുടങ്ങിയ ഒട്ടേറെ ഘടകങ്ങൾ ദൈനംദിനാസൂത്രണത്തിൽ പരിഗണിക്കണം. ഓരോ ഘട്ടത്തിലും കുട്ടികളുടെ പ്രതികരണങ്ങളും നേട്ടങ്ങളും പരിമിതികളും രേഖപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിലാണ് തുടർപ്രവർത്തനങ്ങൾ തീരുമാനിക്കുന്നത്.

## ടീച്ചിംഗ് മാന്വലിലെ ഘടകങ്ങൾ

### 1. പഠനനേട്ടങ്ങൾ

പഠന പ്രവർത്തനങ്ങളുടെ ഫലമായി കുട്ടികളിൽ പ്രകടമാകേണ്ട അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പഠനനേട്ടം. ഇവ ഒരു പ്രവർത്തനത്തിലൂടെ നേടുന്നതും ദീർഘകാലടിസ്ഥാനത്തിൽ നേടുന്നതും ഉണ്ട്. പഠനനേട്ടം നിരീക്ഷിക്കാനും ആർജിച്ചുവോ എന്ന് വിലയിരുത്താനും കഴിയുന്നതാണ്. ഉദാഹരണം നോക്കുക.

- പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്നതും ഉപയോഗയോഗ്യവുമായ വസ്തുക്കളാണ് പ്രകൃതി വിഭവങ്ങൾ എന്ന് തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.
- പ്രകൃതി വിഭവങ്ങളെ പുനഃസ്ഥാപിക്കാൻ കഴിയുന്നവയെന്നും പുനസ്ഥാപിക്കപ്പെടാൻ കഴിയാത്തവയെന്നും തരം തിരിച്ച് പട്ടികയാക്കുന്നു.

### 2. ആശയങ്ങൾ, ധാരണകൾ

വിവിധ പഠന പ്രവർത്തനങ്ങളിലൂടെ കടന്നുപോകുമ്പോൾ കുട്ടികൾ നേടുന്ന അറിവുകളാണ് ആശയങ്ങൾ, ധാരണകൾ.

ഉദാ: വിഭവങ്ങൾ, വിഭവശോഷണം, വിഭവ സംരക്ഷണം, സുസ്ഥിര വികസനം

### 3. മൂല്യങ്ങൾ, മനോഭാവങ്ങൾ

പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിലൂടെ കുട്ടികളിൽ വളർന്നു വരേണ്ട മാനസിക പരിവർത്തനങ്ങളാണ് മൂല്യങ്ങളും, മനോഭാവങ്ങളും. മാനവിക മൂല്യങ്ങളും ഭരണഘടനാമൂല്യങ്ങളും ഉണ്ട്. ഇവ ഒരു ക്ലാസിലോ ഒരു വിഷയത്തിലോ മാത്രം ഉൾക്കൊള്ളുന്നവയല്ല. സാമൂഹ്യശാസ്ത്ര മൂല്യങ്ങൾക്ക് ഉദാഹരണം പരിശോധിക്കാം.

- ജനാധിപത്യബോധം
- സമത്വം
- സഹിഷ്ണുത
- പൈതൃകങ്ങളോടുള്ള ആദരവ്
- ശാസ്ത്രീയ മനോഭാവം
- വിഭവ സംരക്ഷണ ബോധം
- മിതവ്യയശീലം
- റോഡുസുരക്ഷ ബോധം
- മതനിരപേക്ഷത
- പൗരധർമ്മം
- അവകാശബോധം
- നിയമബോധം
- ശുചിത്വശീലങ്ങൾ
- ലഹരിവിരുദ്ധ മനോഭാവം
- ലിംഗനീതി
- പ്രതികരണശേഷി
- സഹജീവി സ്നേഹം
- സംഘബോധം
- വിമർശനചിന്ത

- ................................

**4. പഠന പ്രവർത്തനങ്ങൾ, പ്രക്രിയകൾ**

സാമൂഹ്യശാസ്ത്രത്തിന്റെ പഠനരീതി മുൻപ് ചർച്ച ചെയ്തുവല്ലോ. എന്തു പഠിക്കണം എന്നതുപോലെ പ്രധാനമാണ് എങ്ങനെ പഠിക്കണം എന്നത്. അതുകൊണ്ട് ഉള്ളടക്കത്തിനും പ്രക്രിയയ്ക്കും തുല്യപ്രാധാന്യമുണ്ടായിരിക്കണം. ഓരോ പാഠഭാഗങ്ങളിലും നേടുന്ന ആശയധാരണകളോടൊപ്പം നിരീക്ഷണം, വിവരശേഖരണം, വർഗീകരണം, താരതമ്യം, വിശകലനം, നിഗമനങ്ങൾ രൂപപ്പെടൽ, പ്രവചനവും അനുമാനവും, ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങി ശേഷികൾ നേടുന്നതിന് പഠനപ്രവർത്തനങ്ങളിൽ അവസരം ഉണ്ടാവണം. സമൂഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രതിഭാസങ്ങൾ എന്നിവയെപ്പറ്റി ചർച്ചകളും കാരണങ്ങൾ അന്വേഷിക്കലും പ്രാഥമിക സ്രോതസ്സുകളും ദ്വിതീയ സ്രോതസ്സുകളും ഉപയോഗപ്പെടുത്തി വിവരശേഖരണവും നടക്കണം. ഐ.സി.ടി. സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.

പഠനവിടവ് ഇല്ലാത്ത വിധം എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പിക്കുന്നവിധം, പങ്കാളിത്ത സാധ്യതയുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. സെമിനാർ, സംവാദം, അഭിമുഖം, ഫീൽഡ്ട്രിപ്പ്, പ്രോജക്ട് ഗ്രൂപ്പുചർച്ച, സർവ്വേ, ആൽബം തയാറാക്കൽ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ സാമൂഹ്യശാസ്ത്ര പഠനത്തിൽ ഉപയോഗപ്പെടുത്തണം. അതിനായി നിരവധി പഠന സാമഗ്രികളും ഉപയോഗിക്കേണ്ടിവരും. ഓരോ സന്ദർഭത്തിനും യോജിച്ച പ്രവർത്തനങ്ങൾ, തന്ത്രങ്ങൾ എന്നിവ ആസൂത്രണം ചെയ്യലാണ് അധ്യാപികയുടെ റോൾ.

**5. പഠനസാമഗ്രികൾ (പഠനസാമഗ്രികളുടെ ലിസ്റ്റ് കാണുക)**

ഉദാ:
- പ്രസന്റേഷനുകൾ, വീഡിയോകൾ
- ധാതുക്കളുടെ ശേഖരം
- വിവിധതരം മണ്ണുകൾ
- ശിലകൾ
- ...............................

തുടങ്ങിയ സാമഗ്രികളാണ് **'പ്രകൃതിയുടെ വരദാനം'** എന്ന ആറാം ക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠഭാഗത്തിന് ആവശ്യമായി വരുന്നത്.

**6. പ്രതീക്ഷിത ഉത്പന്നങ്ങൾ**

ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. പ്രകൃതിയുടെ വരദാനം എന്ന യൂണിറ്റ് പഠിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഉത്പന്നങ്ങൾ ഉണ്ടാകും.

- പ്രകൃതി വിഭവങ്ങളുടെ പട്ടിക
- വിഭവങ്ങളെ പുനഃസ്ഥാപിക്കപ്പെടുന്നവയെന്നും, പുനഃസ്ഥാപിക്കാൻ കഴിയാത്തവ എന്നും തരം തിരിച്ച പട്ടിക.
- കുറിപ്പുകൾ
- ചർച്ചാകുറിപ്പുകൾ - അമിത വിഭവ ചൂഷണത്തിന്റെ പ്രത്യാഘാതം
- വിഭവ ചൂഷണവും ബദൽ മാർഗവും - വർക്ക്ഷീറ്റ്
- .........................

ഇങ്ങനെ പഠന പ്രവർത്തനത്തിന്റെ ഫലമായി കുട്ടികൾ ആർജിക്കുന്ന ആശയങ്ങളും, മനോഭാവങ്ങളും നോട്ടുപുസ്തകത്തിൽ തയാറാക്കുന്ന കുറിപ്പുകളും പ്രതീക്ഷിത ഉത്പന്നങ്ങളാണ്. ആസൂത്രണത്തിൽ ഇതും പരിഗണിക്കണം.

**7. സമയം, മുന്നറിവ്**

ഓരോ പ്രവർത്തനത്തിനും ആവശ്യമായ സമയം മുൻകൂട്ടി കാണണം. സാധാരണയായി യു.പി. ക്ലാസിലെ ഒരു പീരിയഡിലേക്കാണ് ദൈനംദിനാസൂത്രണം നടത്തുന്നത്.

പഠന പ്രവർത്തനങ്ങൾ ഒരു കോളത്തിലും പ്രതികരണം മറ്റൊരു കോളത്തിലുമായി തയാറാക്കുന്നു.

**8. പ്രതിഫലനാത്മക ചിന്ത**

പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ പേജിൽ ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനേട്ടം പ്രതികരണം, ആസൂത്രണം ചെയ്ത പ്രവർത്തനത്തിന്റെ അനുയോജ്യത, വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പഠനപ്രവർത്തനത്തിന് ശേഷം കുറിപ്പ് എഴുതുന്നു.

**9. എസ്.ആർ.ജി. യിലേയ്ക്ക്**

പഠന പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ, മേന്മകൾ എസ്.ആർ. ജി. യിൽ ചർച്ച ചെയ്യാനുണ്ടെങ്കിൽ അതും സൂചിപ്പിക്കുന്നു. ക്ലാസിനുശേഷം എഴുതേണ്ട ഭാഗമാണിത്.

**10. തുടർ ആസൂത്രണം**

പ്രതികരണ പേജിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര പ്രവർത്തനം, തുടർ അന്വേഷണ പ്രവർത്തനങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന ഘട്ടമാണിത്.

എങ്ങനെയാണ് ഒരു ടീച്ചിംഗ് മാന്വൽ തയാറാക്കേണ്ടത് എന്നും അതിനു പരിഗണിക്കേണ്ട ഘടകങ്ങൾ എന്തെല്ലാം എന്നും വ്യക്തമായല്ലോ! ഇതോടൊപ്പം നൽകിയിട്ടുള്ള മാതൃക പരിശോധിക്കുക.

- *5, 6, 7 ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങളുടെ ഓരോ യൂണിറ്റാസൂത്രണം തയാറാക്കിയല്ലോ. അതിൽനിന്നും ഓരോ ടീച്ചിംഗ് മാന്വൽ തയാറാക്കി അവതരിപ്പിച്ച് മെച്ചപ്പെടുത്തുക.*

## പഠനവിഭവസ്രോതസ്സുകൾ, ക്ലബ്ബുകൾ, പഠനയാത്രകൾ

സാമൂഹ്യശാസ്ത്ര പഠനത്തിന് ഉപയോഗിക്കാവുന്ന പഠനസാമഗ്രികളുടെ പട്ടിക പരിശോധിച്ചല്ലോ. ഇവയെല്ലാം വിവിധ പ്രവർത്തനങ്ങളിൽ ഉപയോഗിക്കേണ്ടി വരുന്നു. പഠനസാമഗ്രികൾ എളുപ്പത്തിൽ ലഭ്യമാക്കാവുന്ന തരത്തിൽ സാമൂഹ്യശാസ്ത്ര ലാബ് എല്ലാ വിദ്യാലയത്തിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. പഠന സാമഗ്രികൾ സൂക്ഷിച്ചു വയ്ക്കാൻ മാത്രമല്ല, പഠനത്തിന്റെ ഭാഗമായി ചില പരീക്ഷണ പ്രവർത്തനങ്ങളിലും ഏർപ്പെടേണ്ടിവരും. അതിനുള്ള വേദിയാകണം സാമൂഹ്യശാസ്ത്ര ലാബ്. ഭൂമിയുടെ ഭ്രമണം, പരിക്രമണം, ചന്ദ്രന്റെ ഭ്രമണം, പരിക്രമണം കാറ്റിന്റെ ഗതി, വേഗത അളക്കൽ, മഴയളക്കൽ, താപനില, ആദ്രത, മർദ്ദം നിർണയിക്കൽ തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ലാബിൽ ഉണ്ടാവണം.

ചരിത്ര പഠനത്തിന്റെ ഭാഗമായി ചരിത്രരേഖകൾ, ഉപകരണങ്ങൾ, ചിത്രങ്ങൾ, തുടങ്ങിയവയുടെ ശേഖരം ഒരുക്കേണ്ടതുണ്ട്. ഐ.സി.ടി. ഉപകരണങ്ങളും സോഫ്റ്റ്വെയറുകളും വിവിധ ബ്ലോഗുകളും, വെബ്സൈറ്റുകളും സാമൂഹ്യശാസ്ത്ര പഠനത്തിനുള്ള പ്രധാന സ്രോതസ്സുകളാണ്.

സാമൂഹ്യശാസ്ത്രപഠനത്തിന് മനുഷ്യവിഭവങ്ങൾ, ചരിത്രസ്മാരകങ്ങൾ, സ്ഥാപനങ്ങൾ ഭൂമിശാസ്ത്രപരമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയവ പ്രധാന സ്രോതസ്സുകളാണ്. ത്രിതല പഞ്ചായത്തു സംവിധാനങ്ങളെക്കുറിച്ച് ഒരു അഭിമുഖം നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേയ്ക്ക് ഒരു യാത്ര നടത്തുകയും അഭിമുഖം നടത്തുകയും ചെയ്യുന്നതാണ് നേരനുഭവം ലഭിക്കാൻ പറ്റിയ പഠനതന്ത്രം. ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുന്നതിലൂടെ ചരിത്ര സംഭവങ്ങളെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാൻ കഴിയുന്നു. നീതിന്യായ വ്യവസ്ഥയെക്കുറിച്ച് മനസ്സിലാക്കാൻ കോടതി സന്ദർശനമാണ് യോജിച്ചതന്ത്രം. ഇതുപോലെ പ്രാഥമിക സ്രോതസ്സുകൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ ദ്വിതീയ സ്രോതസ്സുകളായ പുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ തുടങ്ങിയവ ഉപയോഗപ്പെടുത്താം. ഇത്തരം സന്ദർഭങ്ങളിലും സാമൂഹ്യശാസ്ത്ര ക്ലബ്ബിന് പ്രധാന പങ്കുവഹിക്കുവാനുണ്ട്.

ക്ലാസുകളുടേയും കുട്ടികളുടെയും എണ്ണത്തിനനുസരിച്ച് എല്ലാവർക്കും പ്രാതിനിധ്യം ലഭിക്കുന്ന തരത്തിൽ 25 മുതൽ 50 വരെ കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് എല്ലാവർഷവും രൂപീകരിക്കേണ്ടതാണ് സാമൂഹ്യശാസ്ത്ര ക്യാമ്പ്. ദിനാചരണങ്ങൾ ഫീൽഡുട്രിപ്പുകൾ (പഠനക്യാമ്പുകൾ) തുടങ്ങിയവ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാം. ഗവൺമെന്റ് സ്പോൺസർ ചെയ്യുന്നതും സാമ്പത്തിക സഹായം ലഭ്യമാകുന്നതുമായ ധാരാളം ക്ലബ്ബുകൾ നിലവിലുണ്ട്. അന്വേഷിച്ച് പട്ടിക പൂർത്തിയാക്കുക.

- പാർലമെന്ററി ക്ലബ്
- പരിസ്ഥിതി - ഇക്കോ ക്ലബ്
- ലഹരി വിരുദ്ധ ക്ലബ്
- റോഡ് സുരക്ഷാ ക്ലബ്
- ഹരിത ക്ലബ്
- ..............................

*ഓരോ മാസവും നടത്താവുന്ന ക്ലബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ വിദ്യാഭ്യാസ കലണ്ടറിൽ നിന്നും കണ്ടെത്തുക. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്താവുന്ന പ്രവർത്തനങ്ങളുടെ വാർഷിക - പ്രതിമാസ കലണ്ടർ തയാറാക്കുക.*

## സാമൂഹ്യശാസ്ത്ര പ്രദർശനങ്ങൾ

പഠനത്തിന്റെ ഭാഗമായി വിവിധ (ശാസ്ത്ര - ഗണിത - സാമൂഹ്യശാസ്ത്ര - പ്രവൃത്തി പരിചയ) പ്രദർശനങ്ങളും മൽസരങ്ങളും വിദ്യാഭ്യാസവകുപ്പ് നിർദ്ദേശമനുസരിച്ച് വർഷം തോറും സ്കൂൾ - ഉപജില്ലാ - ജില്ലാ - സംസ്ഥാനതലത്തിൽ മേളകളായി നടക്കാറുള്ളത് അറിയാമല്ലോ. വിദ്യാർഥികളുടെ കഴിവുകൾ തെളിയിക്കാൻ പറ്റിയ അവസരങ്ങളാണിത്. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെയും അസോസിയേഷന്റെയും നേതൃത്വത്തിൽ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്. എന്നീ നാലു തലങ്ങളിലും നടന്നു വരുന്നു. എന്തെല്ലാം മത്സരങ്ങളാണ് നോക്കുക.

| | |
|---|---|
| ലോവർ പ്രൈമറി തലം - (രണ്ടു വിഭാഗം) | 1. ശേഖരണം, മാതൃകകൾ, ചാർട്ടുകൾ<br>2. ക്വിസ് മത്സരം |
| അപ്പർ പ്രൈമറി തലം - (നാലു വിഭാഗം) | 1. വർക്കിംഗ് മോഡൽ<br>2. സ്റ്റിൽ മോഡൽ<br>3. പ്രസംഗ മത്സരം<br>4. ക്വിസ് മത്സരം |

ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിന് മേൽ പറഞ്ഞ നാലു ഇനങ്ങൾക്കു പുറമെ

അറ്റ്ലസ് നിർമാണം, പ്രാദേശിക ചരിത്ര നിർമ്മാണം എന്നീ ഇനങ്ങൾക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം മത്സരങ്ങൾക്ക് കുട്ടികളെ തയാറാക്കുകയും മൽസരത്തിന്റെ വിവിധ തലങ്ങളിൽ പങ്കെടുപ്പിക്കുകയും വേണം ഇവയും വിദ്യാലയ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടേണ്ടതാണ്.

*ഐ.ടി.ഇ. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ അനുഭവ പരിപാടിക്കാവശ്യമായ പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കൂ. നിർമ്മിച്ചതും, ശേഖരിച്ചതുമായ വസ്തുക്കളുടെ ഒരു പ്രദർശനം ഒരുക്കുക.*

നമ്മൾ ഇതുവരെ ചർച്ച ചെയ്തത് സാമൂഹ്യശാസ്ത്ര പഠനം ഫലപ്രദമാക്കുന്നതിനായി വിവിധ തലങ്ങളിൽ നടക്കേണ്ട ആസൂത്രണ പ്രക്രിയകളും അതിനായി പരിഗണിക്കേണ്ട വിവിധ ഘടകങ്ങളുമാണ്. സ്കൂൾ അനുഭവ പരിപാടിക്ക് മുമ്പ് ഇത്തരം ആസൂത്രണ ഘട്ടങ്ങളിലൂടെ കടന്നുപോകുകയും ബോധനശാസ്ത്രപരമായ അപഗ്രഥനം, സൂക്ഷ്മതലാസൂത്രണം, പഠനോപകരണങ്ങളുടെയും സാമഗ്രികളുടെയും ലഭ്യതയും ഉപയോഗവും തുടങ്ങിയ മേഖലകളിൽ പ്രായോഗിക ധാരണകൾ ആർജിക്കേണ്ടതുണ്ട്.

### ഈ യൂണിറ്റിലൂടെ ചർച്ച ചെയ്ത പ്രധാനാശയങ്ങൾ

- പാഠ്യപദ്ധതി വിനിമയം
- ആസൂത്രണം
- വാർഷികാസൂത്രണം പ്രവർത്തന കലണ്ടർ, സ്കൂൾ പ്രവർത്തന കലണ്ടർ
- യൂണിറ്റാസൂത്രണം
- ദൈനംദിനാസൂത്രണം
- ടീച്ചിംഗ് മാന്വൽ
- പഠനബോധന സാമഗ്രികളും പ്രാധാന്യവും
- പഠന സാമഗ്രികളുടെ തയാറാക്കലും ഉപയോഗവും
- വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ
- പഠന വിഭവ സ്രോതസുകൾ
- ദിനാചരണങ്ങൾ
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- ഫീൽഡ് സന്ദർശനങ്ങൾ
- സാമൂഹ്യശാസ്ത്ര പ്രദർശനങ്ങൾ

**അനുബന്ധം 1**

**യൂണിറ്റാസൂത്രണം**

A. പ്രാഥമിക വിവരങ്ങൾ

| | | | |
|---|---|---|---|
| അധ്യാപക വിദ്യാർഥിയുടെ പേര് | : | | |
| വിദ്യാലയത്തിന്റെ/സ്ഥാപനത്തിന്റെ പേര് | : | | |
| റോൾ നമ്പർ | : | | |

B. ക്ലാസ് : 6 — തീയതി :

യൂണിറ്റ്: പ്രകൃതിയുടെ വരദാനം — വിഷയം : സാമൂഹ്യശാസ്ത്രം

ആകെ സമയം : 8 പിരിയഡ്

**ഉള്ളടക്ക വിശകലനം**

- വിഭവങ്ങൾ
- ജൈവ വിഭവങ്ങൾ
- പുനഃസ്ഥാപിക്കപ്പെടുന്ന വിഭവങ്ങൾ
- പുനഃസ്ഥാപിക്കപ്പെടാത്ത വിഭവങ്ങൾ
- വിഭവശോഷണം
- വിഭവ സംരക്ഷണം
- സുസ്ഥിര വികസനം
- പ്രകൃതി വിഭവങ്ങൾ
- അജൈവ വിഭവങ്ങൾ
- ശോഷിക്കപ്പെടുന്ന വിഭവങ്ങൾ
- ബദൽമാർഗങ്ങൾ

**പഠന നേട്ടങ്ങൾ**

L1. പ്രകൃതിയിൽ നിന്നും നേരിട്ട് ലഭിക്കുന്നതും ഉപയോഗയോഗ്യവുമായ വസ്തുക്കളാണ് പ്രകൃതി വിഭവങ്ങൾ എന്ന് തിരിച്ചറിഞ്ഞ് പട്ടികയാക്കുന്നു.

L2. പ്രകൃതി വിഭവങ്ങളെ പുനഃസ്ഥാപിക്കപ്പെടുന്നവയെന്നും പുനഃസ്ഥാപിക്കപ്പെടാത്തവ യെന്നും വർഗീകരിച്ച് പട്ടികയാക്കുന്നു.

L3. വർദ്ധിച്ചു വരുന്ന മനുഷ്യാവശ്യങ്ങളുടെയും അനിയന്ത്രിതമായ വിഭവ ഉപഭോഗത്തിന്റെയും പരിണതഫലമാണ് വിഭവശോഷണം എന്ന് വിശദീകരിക്കുന്നു.

L4. വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിവിധ മാർഗങ്ങൾ നിർദേശിക്കുന്നു.

L5. സുസ്ഥിര വികസനത്തിനായി കൂട്ടായും ഒറ്റയ്ക്കുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

**മൂല്യങ്ങൾ, മനോഭാവങ്ങൾ**

- വിഭവങ്ങൾ കരുതലോടെ ഉപയോഗിക്കണം
- മിതവ്യയ ശീലം
- വിഭവ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടണം.
- സുസ്ഥിര വികസന മനോഭാവം
- പ്രകൃതി സംരക്ഷണബോധം

**പ്രക്രിയാശേഷികൾ**

- പ്രകൃതി വിഭവങ്ങൾ നിരീക്ഷിക്കുന്നു, പട്ടികപ്പെടുത്തുന്നു.

  സവിശേഷതകൾക്കനുസരിച്ച് തരം തിരിക്കുന്നു.

- വിഭവങ്ങൾ സംരക്ഷിക്കാതിരുന്നാൽ എന്തെല്ലാം സംഭവിക്കും എന്ന് പ്രവചിക്കൽ
- വിഭവ സംരക്ഷണ മാർഗങ്ങൾ പ്രചരിപ്പിക്കൽ - ആശയവിനിമയം

**D. തുടർ പ്രവർത്തനങ്ങൾ**

- വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളുടെയും സസ്യങ്ങളുടെയും പട്ടിക തയാറാക്കി - ചിത്രങ്ങൾ സഹിതം പ്രദർശിപ്പിക്കുക.
- ലോക പരിസ്ഥിതി ദിനം, ഭൗമദിനം എന്നിവയുടെ പ്രാധാന്യം സൂചിപ്പിക്കുന്ന ചാർട്ടുകൾ തയാറാക്കി പ്രദർശിപ്പിക്കുക.
- സ്കൂൾ വളപ്പിൽ ലഭ്യമായ സ്ഥലങ്ങളിൽ ചെടികൾ നട്ടുപിടിപ്പിച്ച് പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- വിഭവ സംരക്ഷണത്തിനുള്ള ബദൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**2. സർഗ വേളയിലേക്ക്**

- പരിസ്ഥിതി ദിനം, ഭൗമദിനം ആചരണ പ്രവർത്തനങ്ങൾ
- ചിത്രപ്രദർശനം, പോസ്റ്റർ പ്രദർശനം

**3. ക്ലാസ് പി.ടി.എ. യിലേക്ക്**

- വിഭവ സംരക്ഷണ ചർച്ചകൾ
- സുസ്ഥിര വികസനത്തിനുള്ള ബദൽ മാർഗങ്ങൾ ആരായൽ
- തയാറാക്കിയ പോസ്റ്റർ, ചിത്രങ്ങൾ പ്രദർശനം
-
-

| ആശയങ്ങൾ | പഠന പ്രവർത്തനങ്ങൾ/തന്ത്രങ്ങൾ | പഠനനേട്ടങ്ങൾ | പഠന സാമഗ്രികൾ | പ്രതീക്ഷിത ഉൽപന്നം | വിലയിരുത്തൽ |
|---|---|---|---|---|---|
| വിഭവങ്ങൾ | നൗറു എന്ന ദ്വീപിനെക്കുറിച്ചുള്ള വീഡിയോ പ്രദർശനം – ചർച്ച – വായന | L1 | Nouru - The Dramatic fall of the wealthiest country - video | | ചർച്ചയിലെ പങ്കാളിത്തം |
| പ്രകൃതി വിഭവ ങ്ങൾ | വിഭവങ്ങൾ – നിർവ്വചിക്കൽ<br>പ്രാധാന്യം ചർച്ച<br>പ്രകൃതി വിഭവങ്ങൾ – നിരീക്ഷണം, പട്ടികയാക്കൽ | L1 | പാഠഭാഗത്തെ വിഭവങ്ങളുടെ ചിത്രം | നിർവചനക്കുറിപ്പ്<br><br>വിഭവങ്ങളുടെ പട്ടിക | വിഭവം – നിർവ്വചിക്കൽ തിരിച്ചറിയൽ<br><br>വിഭവങ്ങൾ പട്ടികപ്പെടുത്തി – ഉപയോഗം ചർച്ച ചെയ്യുന്നതിന്റെ ഉത്പന്നവും – പ്രക്രിയയും |
| ജൈവ വിഭവം<br>അജൈവ വിഭവം | സവിശേഷതക്കനുസരിച്ച് വിവിധതരം വിഭവങ്ങൾ വിശകലനം ചെയ്യൽ | L2 | വിഭവ പട്ടികയും ഉപയോഗവും | | ചർച്ചയിലെ പങ്കാളിത്തം |
| പുനഃസ്ഥാപിക്കപ്പെടുന്ന വിഭവങ്ങൾ<br><br>പുനഃസ്ഥാപിക്കപ്പെടാത്ത വിഭവങ്ങൾ | നിർവ്വചിക്കൽ<br>സവിശേഷതക്കനുസരിച്ച് തരംതിരിക്കൽ<br>ഉദാഹരിക്കൽ | L2 | വിഭവങ്ങളുടെ ചിത്രങ്ങൾ | തരംതിരിച്ച പട്ടിക | പുനഃസ്ഥാപിക്കപ്പെടുന്നവ പുനഃസ്ഥാപിക്കപ്പെടാത്തവ എന്നിങ്ങനെ വിഭവങ്ങളെ തരംതിരിക്കുന്നതിന്റെ വ്യക്തത |
| വിഭവ ശോഷണം | വർദ്ധിക്കുന്ന ആവശ്യങ്ങൾ, ശോഷിക്കുന്ന വിഭവങ്ങൾ എന്ന പാഠഭാഗം – വായന<br>വിഭവശോഷണവുമായ ബന്ധപ്പെട്ട ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതൽ<br>പ്രകൃതി വിഭവങ്ങൾ തീർന്നു പോയാൽ – ഗ്രൂപ്പു ചർച്ച, കുറിപ്പ് തയാറാക്കൽ (ജലം, മണ്ണ്, വനം പെട്രോൾ...) | L3 | ടെക്സ്റ്റ് ബുക്ക്<br><br>പാഠഭാഗത്തെ ചിത്രങ്ങൾ | വിഭവശോഷണം – കുറിപ്പ്<br>ചർച്ചാക്കുറിപ്പ് | കുറിപ്പ് വിലയിരുത്തൽ<br><br>യോജിച്ച അടിക്കുറിപ്പ് എഴുതിയിട്ടുണ്ട്<br><br>വിഭവചൂഷണത്തിന്റെ പ്രത്യാഘാതങ്ങൾ – ചർച്ചയിലെ പങ്കാളിത്തം – കുറിപ്പുകളുടെ ഉള്ളടക്കം |

| ആശയങ്ങൾ | പഠന പ്രവർത്തനങ്ങൾ/തന്ത്രങ്ങൾ | പഠനനേട്ടങ്ങൾ | പഠന സാമഗ്രികൾ | പ്രതീക്ഷിത ഉൽപന്നം | വിലയിരുത്തൽ |
|---|---|---|---|---|---|
| വിഭവ സംരക്ഷണം | വിഭവ സംരക്ഷണത്തെ സഹായിക്കുന്ന പ്രവർത്തനങ്ങൾ<br>പാഠഭാഗത്തെ ചിത്രങ്ങളെ അടിസ്ഥാനമാക്കി - ഗ്രൂപ്പു ചർച്ച | L4 | പാഠഭാഗത്തെ ചിത്രങ്ങൾ | ചർച്ച ക്രോഡീകരണ കുറിപ്പുകൾ | ചർച്ചയിലെ പങ്കാളിത്തം ക്രോഡീകരണ ആശയങ്ങൾ |
| വിഭവ സംരക്ഷണത്തിന്റെ ബദൽ മാർഗങ്ങൾ | വിഭവ ചൂഷണവും ബദൽ മാർഗവും വർക്ക്ഷീറ്റ് (12-2) പൂർത്തിയാക്കൽ, കൂടുതൽ ബദൽ മാർഗങ്ങൾ കണ്ടെത്തൽ | L4 | വർക്ക്ഷീറ്റ് | പൂർത്തിയാക്കിയ വർക്ക്ഷീറ്റ് | വർക്ക്ഷീറ്റ് |
| സുസ്ഥിര വികസനം കാഴ്ചപ്പാട് | സുസ്ഥിര വികസനം - കാഴ്ചപ്പാട് ചർച്ച, നിയമങ്ങൾ വായന മാർഗങ്ങൾ ചർച്ച | L5 | പാഠഭാഗത്തെ കുറിപ്പുകൾ | സുസ്ഥിര വികസനം - കുറിപ്പ് തയാറാക്കിയത് | സുസ്ഥിരവികസന കാഴ്ചപ്പാട് കുറിപ്പു തയാറാക്കിയതിന്റെ ഉള്ളടക്കം |
| സുസ്ഥിര വികസന പ്രവർത്തനങ്ങൾ | സുസ്ഥിര വികസനത്തിനായി എന്തു ചെയ്യാം? ബദൽ മാർഗങ്ങൾ ചർച്ച<br><br>സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ<br><br>പോസ്റ്റർ പ്രദർശനം | L5 | ബദൽ മാർഗങ്ങൾ പട്ടിക<br><br>മാതൃകാ പോസ്റ്റർ | ബദൽ നിർദേശങ്ങൾ<br><br>തയാറാക്കിയ പോസ്റ്റർ | ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കാം<br><br>പോസ്റ്റർ വിലയിരുത്താം |
| | വിലയിരുത്തൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു | | ടെക്സ്റ്റ് ബുക്കിലെ പ്രവർത്തനങ്ങൾ | വിലയിരുത്തൽ - ചോദ്യങ്ങളുടെ വിശദീകരണം | പാഠഭാഗത്തു നൽകിയ വിലയിരുത്തൽ പ്രവർത്തനങ്ങൾ |

**അനുബന്ധം 2**

**ദൈനംദിനാസൂത്രണം**

പാർട്ട് എ: പ്രാഥമിക വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | അധ്യാപക വിദ്യാർഥിയുടെ പേര് | : | എ |
| 2. | സ്ഥാപനത്തിന്റെ പേര് | : | ബി |
| 3. | ക്ലാസ് | : | 6 |
| 4. | തീയതി | : | – |
| 5. | പ്രതിക്ഷിത സമയം | : | 45 മിനിട്ട് |

പാർട്ട് ബി

1. **വിഷയം** : സാമൂഹ്യശാസ്ത്രം
2. **യൂണിറ്റ്** : 12. പ്രകൃതിയുടെ വരദാനം

**3. പഠനനേട്ടങ്ങൾ**

1. പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്നതും ഉപയോഗ യോഗ്യവുമായ വസ്തുക്കളാണ് പ്രകൃതി വിഭവങ്ങൾ എന്ന് തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

**4. ആശയങ്ങൾ/ധാരണകൾ**

- വിഭവങ്ങൾ
- വിഭവങ്ങളുടെ സവിശേഷതകൾ
- പ്രകൃതി വിഭവങ്ങളും ഉപയോഗങ്ങളും

**5. ശേഷികൾ/നൈപുണികൾ**

- വിഭവങ്ങൾ നിരീക്ഷിക്കുക
- വിഭവങ്ങൾ നിരീക്ഷിച്ച് സവിശേഷതകളും ഉപയോഗങ്ങളും കണ്ടെത്തി പട്ടികപ്പെടുത്തൽ.
- ആശയവിനിമയം ചെയ്യൽ

**6. മുന്നറിവുകൾ**

- ചുറ്റുപാടും മനുഷ്യന് ഉപയോഗപ്രദമായ നിരവധി വസ്തുക്കൾ പരിചിതമാണ്.
- പല വിഭവങ്ങളെയും ഉപയോഗപ്പെടുത്തുന്നുണ്ട്.

**7. മൂല്യങ്ങൾ/മനോഭാവങ്ങൾ**

- പ്രകൃതിയിലെ പല വസ്തുക്കളും മനുഷ്യന് ഉപയോഗമുള്ളതാണ്.
- വിഭവങ്ങൾ സംരക്ഷിക്കപ്പെടണം, ബദൽ മാർഗങ്ങൾ ഉണ്ട്.
- സുസ്ഥിര വികസനമാണ് ആവശ്യം
- പ്രകൃതി സംരക്ഷിക്കണം

**8. പഠന സാമഗ്രികൾ**

- Nouru - History - വീഡിയോ, വായനാസാമഗ്രി, ധാതുക്കൾ, ശിലകൾ, മണ്ണുകൾ – ശേഖരം, ചിത്രങ്ങൾ

9. പ്രതീക്ഷിത ഉത്പന്നം

- വിഭവങ്ങൾ – ഉപയോഗം പട്ടികപ്പെടുത്തിയത്

പാർട്ട് സി

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| 1 **പ്രവേശക പ്രവർത്തനം**<br>● 'Nouru The Wealthiest Nation' എന്ന വീഡിയോ പ്രദർശനം:<br>നൗറു ഒരു കൊച്ചു ദ്വീപാണ്. ഒരിക്കൽ ലോകത്തെ സമ്പന്നമായ ഒരു ചെറുരാജ്യം. ഇപ്പോൾ എന്തു സംഭവിച്ചു എന്ന് നമുക്ക് ഒരു വീഡിയോ നിരീക്ഷിച്ചു മനസ്സിലാക്കാം.<br>● പ്രകൃതിയുടെ വരദാനം - എന്ന യൂണിറ്റിന്റെ ആമുഖം<br>- വായന.<br>ചർച്ച: സമ്പന്നമായ രാജ്യം ദരിദ്രമായിത്തീർന്ന കഥ<br>വായിച്ചുവല്ലോ. എങ്കിൽ ചില ചോദ്യങ്ങൾക്ക് വിശദീകരണം<br>പറഞ്ഞു നോക്കാം.<br>- എങ്ങനെയാണ് നൗറു ദരിദ്രമായത്?<br>- എന്താണ് വിഭവങ്ങൾ?<br>- വിഭവശോഷണം എങ്ങനെ സംഭവിക്കുന്നു?<br>- വിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടോ?<br>അറിയാവുന്നവർ പ്രതികരിക്കട്ടെ. കൂടുതൽ അറിയാനായി<br>പ്രകൃതിയുടെ വരദാനം, എന്ന യൂണിറ്റ് സഹായിക്കും | ചർച്ചയിലെ പങ്കാളിത്തം<br>പ്രസക്തമായ നിരീക്ഷണം |
| **2. വിഭവങ്ങൾ പരിചയപ്പെടാം**<br>● പാറകൾ<br>● ജലം<br>● മണ്ണ്<br>● കാറ്റ്<br>● ഇരുമ്പ്<br>● സൂര്യപ്രകാശം<br>ഇവ നമുക്ക് എങ്ങനെ ഉപയോഗപ്പെടുന്നു? ഓരോന്നായി പറയട്ടെ. ചർച്ച ചെയ്യാം. ഇവയെല്ലാം വിഭവങ്ങളാണ്. എങ്കിൽ എന്താണ് വിഭവം? കുട്ടികൾ നിർവ്വചിക്കട്ടെ. | ● (വിഭവങ്ങൾ, നിർവ്വചനത്തിന്റെ വ്യക്തത) |

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
വിഭവങ്ങൾ<br>
പ്രകൃതിയിൽ കാണുന്നതും മനുഷ്യന് ഉപയോഗപ്രദമായ വസ്തുക്കളെ വിഭവങ്ങൾ എന്നു പറയാം.<br>
• നദികളെ വിഭവം എന്നു വിളിക്കാമോ? പൊതു ചർച്ച. മനുഷ്യന്റെ ഉപയോഗത്തിനായി രൂപമാറ്റം ചെയ്യപ്പെടുന്ന വസ്തുക്കളും വിഭവങ്ങളാണ്. നദിയെ മനുഷ്യർ ജലസേചനം, ഗതാഗതം, വൈദ്യുതി ഉൽപ്പാദനം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ട് അത് വിഭവമാണ്.<br>
• പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കളെ പ്രകൃതി വിഭവങ്ങൾ എന്നു വിളിക്കുന്നു.
</td><td>(ചർച്ചയിലെ പങ്കാളിത്തം, ആശയധാരണ)</td></tr>
<tr><td>
3. വിഭവങ്ങൾ പട്ടികയാക്കാം: വ്യക്തിഗതം - ഗ്രൂപ്പുപ്രവർത്തനം<br>
• കല്ലുകൾ, മണ്ണുകൾ, ധാതുക്കൾ ശേഖരങ്ങൾ പ്രദർശിപ്പിച്ച് ഉപയോഗം ചർച്ച ചെയ്യാം. എങ്കിൽ നമ്മുടെ ചുറ്റും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന മനുഷ്യന് ഉപയോഗപ്രദമായ വസ്തുക്കളെ പട്ടികയാക്കാം. ആർക്കാണ് ഏറ്റവും കൂടുതൽ കണ്ടെത്താനാവുക. വ്യക്തിഗതമായി പട്ടികപ്പെടുത്തട്ടെ. കൂടുതൽ എഴുതിയവരെ അഭിനന്ദിക്കുന്നു. വസ്തുക്കളുടെ ഉപയോഗം കണ്ടെത്തണ്ടേ?<br>
• കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 4 - 5 പേരുടെ ഗ്രൂപ്പുകളാക്കാം. ഓരോ ഗ്രൂപ്പുകാരും സ്വന്തം ഗ്രൂപ്പിൽ അവതരിപ്പിക്കുക. എല്ലാ ഗ്രൂപ്പിനും വർക്ക്ഷീറ്റ് തയാറാക്കിയത് വിതരണം ചെയ്യുന്നു. പൂർത്തിയാക്കി അവതരിപ്പിക്കട്ടെ. അവതരണത്തിൽ ആവശ്യമായ ഇടപ്പെടൽ നടത്തി കൂട്ടിച്ചേർക്കലുകൾ വരുത്താം.
</td><td>വിലയിരുത്തൽ<br>(വിഭവങ്ങളും അവയുടെ ഉപയോഗവും നിരീക്ഷിച്ച് പട്ടികയാക്കിയിട്ടുണ്ട്)</td></tr>
<tr><td>
വർക്ക്ഷീറ്റ് മാതൃക<br>
പ്രകൃതി വിഭവങ്ങൾ
<table>
<tr><th>വിഭവങ്ങൾ</th><th>ഉപയോഗങ്ങൾ</th></tr>
<tr><td>1. മണ്ണ്<br>2. ഇരുമ്പയിര്<br>3. മരങ്ങൾ<br>4. ..........................</td><td>• സസ്യങ്ങൾ വളർത്തുന്നതിന്<br>• ജീവികളുടെ നിലനിൽപ്പിന്<br>• ആയുധങ്ങളും ഉപകരണങ്ങളും നിർമ്മാണത്തിന്<br>..............................................</td></tr>
</table>
</td><td>(പൂർത്തിയാക്കിയ വർക്ക്ഷീറ്റ്)</td></tr>
</table>

**4. തുടർപ്രവർത്തനം: വിഭവങ്ങൾ തരംതിരിക്കാം**

പട്ടികപ്പെടുത്തിയ വിഭവങ്ങളെ ജീവനുള്ളവയെന്നും ജീവനില്ലാത്തവയെന്നും തരം തിരിക്കട്ടെ.

**അധ്യാപക വിദ്യാർഥിയുടെ ഒപ്പ്, പേര്** **മെന്റർ ടീച്ചറുടെ ഒപ്പ്**

**പാർട്ട് ഡി**

5. പ്രതിഫലനാത്മക ചിന്ത: (പഠനനേട്ടം ആർജിക്കൽ, പഠനതന്ത്രത്തിന്റെ ഫലപ്രാപ്തി, നൽകിയ സഹായം എന്നിവയടിസ്ഥാനമാക്കി കുറിപ്പുകൾ)
6. പ്രതിഫലനാത്മക കുറിപ്പ്: (സി.ഇ. ക്രോഡീകരണ സാധ്യതകൾ, തുടർ ആസൂത്രണത്തിന്, എസ്.ആർ.ജി. യിലേക്ക് തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള കുറിപ്പുകൾ)

# യൂണിറ്റ് – 2
# വിലയിരുത്തലും മൂല്യനിർണയവും

ഏതൊരു പദ്ധതിയുടേയും വിജയകരമായ പരിസമാപ്തിക്ക് വിലയിരുത്തലിനും മൂല്യ നിർണയത്തിനുമുള്ള പ്രാധാന്യം ഏറെയാണ്. നിർവഹണത്തിന്റെ ഓരോ ഘട്ടവും വില യിരുത്തലിനു വിധേയമാക്കേണ്ടി വരും. ഓരോ ഘട്ടത്തിലെ വിലയിരുത്തലിന്റെ ധർമവും വ്യത്യസ്തമാകും. എല്ലാ വിലയിരുത്തലും മൂല്യം നിർണയിക്കാൻ വേണ്ടി മാത്രമാകണമെ ന്നില്ല, പദ്ധതിയുടെ പ്രായോഗികത, പുരോഗതി എന്നിവ അളക്കലുമാകണം. ഈ അള ക്കൽ നിർവഹണഘട്ടത്തിൽ ഉണ്ടാകുന്നതോ, ഉണ്ടാകാനിടയുള്ളതോ ആയ തടസ്സങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകണം. നിശ്ചിത ഇടവേളകളിൽ സമഗ്രമൂല്യനിർണയത്തിനു വിധേയമാക്കുകയും വേണം.

## പഠനപ്രക്രിയയിൽ വിലയിരുത്തലിന്റെ/മൂല്യനിർണയത്തിന്റെ ഉദ്ദേശ്യങ്ങൾ

### പഠനപിന്തുണ

വ്യത്യസ്തനിലവാരവും പഠനവേഗതയുമുള്ള കുട്ടികൾക്കു ലഭിക്കേണ്ട പഠനപിന്തുണയും വ്യത്യസ്തമായിരിക്കും. ഇതിനായി ഓരോ കുട്ടിയുടേയും കഴിവുകളും പരിമിതികളും ടീച്ചർ തിരിച്ചറിയേണ്ടതുണ്ട്. കുട്ടികൾക്കു സ്വയം ബോധ്യപ്പെടുകയും വേണം. പഠനപ്ര ക്രിയയോടൊപ്പം നടക്കുന്ന വിലയിരുത്തലിലൂടെയാകണം ഇതു സാധ്യമാകേണ്ടത്. വില യിരുത്തൽ ഒരു നിരന്തരപ്രക്രിയയാകണം. ടീച്ചറിന്റെ വിലയിരുത്തലിനൊപ്പം കുട്ടികൾക്കും സ്വയംവിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും അവസരമുണ്ടാകുമ്പോൾ വില യിരുത്തൽ സർഗാത്മകവും ഫലപ്രദവുമാകും. ഇത്തരത്തിലുള്ള വിലയിരുത്തൽ ഫല ങ്ങൾ ഓരോ കുട്ടിക്കും ഉചിതമായ പഠനപിന്തുണ നൽകാൻ ടീച്ചറിനു സഹായകമാകുന്ന തോടൊപ്പം ടീച്ചറുടെ പിന്തുണ സ്വീകരിച്ചു മെച്ചപ്പെടാനുള്ള കഴിവും മനോഭാവവും കുട്ടി കളിൽ വളരുകയും ചെയ്യും.

### ക്ലാസ്കയറ്റം, സർട്ടിഫിക്കേഷൻ, പഠനഫലം സമൂഹവുമായി പങ്കുവയ്ക്കൽ

ഓരോ നിശ്ചിത പഠന കാലഘട്ടം പൂർത്തിയാകുമ്പോഴും കുട്ടിയുടെ പഠനനേട്ടം മൂല്യനിർണയത്തിനു വിധേയമാക്കേണ്ടതുണ്ട്. ഓരോ ടേം കഴിയുമ്പോഴും വർഷാന്ത്യ ത്തിലും നടത്തുന്ന ഇത്തരം വിലയിരുത്തലിനു പ്രസക്തിയുണ്ട്. ഈ മൂല്യനിർണയ ഫല ങ്ങളും കുട്ടിയുടെ മികവുകളും പോരായ്മകളും തിരിച്ചറിഞ്ഞ് ഉചിതമായ ഇടപെടലുകൾ തുടർന്നു നടത്താൻ ടീച്ചറിനു സഹായകമാകും. അതോടൊപ്പം ക്ലാസുകയറ്റം, സർട്ടിഫി ക്കേറ്റു നൽകൽ, പഠനഫലം സമൂഹവുമായി പങ്കുവയ്ക്കൽ എന്നിവയ്ക്കും ഉപയോഗപ്പെ ടുത്താൻ കഴിയും.

## സാമൂഹ്യശാസ്ത്രപഠനവും വിലയിരുത്തലും

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന പഠനസമീപനവും രീതികളുമാണല്ലോ സാമൂഹ്യശാ സ്ത്രപഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ പഠനനേട്ടത്തിന് ഊന്നൽ നൽകിയുള്ള വിലയിരുത്തൽ സമീപനവും തന്ത്രങ്ങളുമാണ് സാമൂഹ്യശാസ്ത്രപഠനത്തിലും സ്വീകരിച്ചിട്ടുള്ളത്. (പ്രൈമറി ക്ലാസുകളിലെ മൂല്യനിർണയ/വിലയിരുത്തൽ സമീപനം 3– ാം സെമസ്റ്ററിൽ വിശദമായി ചർച്ച ചെയ്തത് ഓർമിക്കുമല്ലോ) വ്യത്യസ്ത ഉപാധി

കളും തന്ത്രങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടു മാത്രമേ വിലയിരുത്തൽ/മൂല്യനിർണയം ഫലപ്രദമായി നിർവഹിക്കാൻ കഴിയൂ.

വിലയിരുത്തലിന്റെ വിവിധ രീതികൾ പരിചയപ്പെടാം.

**a സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ**

കുട്ടികൾ ബൗദ്ധിക നിലവാരത്തിലും പഠന വേഗതയിലും വ്യത്യസ്തരായിരിക്കുമെന്നതിനാൽ ഓരോ കുട്ടിക്കും ലഭിക്കേണ്ട പരിഗണനയും കൈത്താങ്ങും വ്യത്യസ്തമായിരിക്കുമല്ലോ. ഇതിനായി ഓരോ കുട്ടിയുടെയും കഴിവുകൾ ടീച്ചർ തിരിച്ചറിയുന്നതോടൊപ്പം കുട്ടികൾക്കു സ്വയം ബോധ്യപ്പെടാനുള്ള അവസരവുമുണ്ടാകണം. ഇതിനായി ഉപയോഗപ്പെടുത്താവുന്ന സന്ദർഭങ്ങളാണ്.

- സംഘപ്രവർത്തനങ്ങൾ
- പഠനനേട്ടങ്ങൾ പങ്കുവയ്ക്കാനുള്ള അവസരങ്ങൾ
- പഠനോല്പന്നങ്ങൾ പരസ്പരം വിലയിരുത്താനുള്ള അവസരങ്ങൾ
- സർഗാത്മക സൃഷ്ടികൾക്കും പ്രകടനങ്ങൾക്കുമുള്ള അവസരങ്ങൾ എന്നിവ.

ഇത്തരം സന്ദർഭങ്ങളിൽ കുട്ടികൾ സ്വാഭാവികമായിത്തന്നെ സ്വയം വിലയിരുത്തുകയും വിലയിരുത്തപ്പെടുകയും ചെയ്യുന്നുണ്ട്. അതിലൂടെ ലഭിക്കുന്ന തിരിച്ചറിവുകൾ സ്വയം മെച്ചപ്പെടുത്തുന്നതിനുള്ള മനോഭാവം വളർത്തുകയും സാധ്യമായ സഹായങ്ങൾ സ്വീകരിക്കുന്നതിന് കുട്ടി സന്നദ്ധമാകുകയും ചെയ്യും.

ബോധപൂർവം ടീച്ചർ ഒരുക്കുന്ന ഇത്തരം സന്ദർങ്ങളിലൂടെ സ്വയം വിലയിരുത്തലിനും പരസ്പരം വിലയിരുത്തുന്നതിനും കുട്ടിക്ക് അവസരം ലഭിക്കുന്ന ഈ രീതി ഫലപ്രദമായ ഒരു വിലയിരുത്തൽ തന്ത്രമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

**b. നിരന്തര വിലയിരുത്തൽ**

ക്ലാസ് മുറിക്കകത്തും പുറത്തും നടക്കുന്ന എല്ലാ പഠന പ്രവർത്തനങ്ങളും പഠനപ്രക്രിയയോടൊപ്പം തന്നെ വിലയിരുത്തലിനു വിധേയമാക്കണം. ഈ വിലയിരുത്തൽ കുട്ടിയുടെ അക്കാദമിക നേട്ടം മാത്രം ലക്ഷ്യമാക്കിയുള്ളതാകുകയുമരുത്. അക്കാദമിക നേട്ടത്തോടൊപ്പം പ്രക്രിയാശേഷികളിലെ മികവ്, സാമൂഹ്യശേഷികൾ, ജീവിത നൈപുണികൾ, സർഗശേഷികൾ മനോഭാവങ്ങൾ തുടങ്ങിയ മേഖലകളിലെയും ഓരോ കുട്ടിയുടെയും സ്ഥാനം നിർണയിക്കുന്നതിന് നിരന്തരവിലയിരുത്തൽ അനിവാര്യമാണ്.

**നിരന്തര വിലയിരുത്തലിനായി -**

- ടീച്ചിങ് മാന്വൽ ഉൾപ്പെടെയുള്ള ടീച്ചറിന്റെ അനൗപചാരിക നിരീക്ഷണക്കുറിപ്പുകൾ,
- ചെക്ക് ലിസ്റ്റുകൾ
- റേറ്റിങ് സ്കെയിൽ
- പോർട്ടുഫോളിയോ ഉല്പന്നങ്ങൾ
- ഡയറികൾ

– യൂണിറ്റുടെസ്റ്റുകൾ എന്നിവ സന്ദർഭോചിതമായി പ്രയോജനപ്പെടുത്തണം.

**c ടേം മൂല്യനിർണയം**

ഓരോ നിശ്ചിത കാലയളവു പൂർത്തീകരിക്കുമ്പോഴും കുട്ടി നേടിയ അറിവുകൾ, ധാരണകൾ, കഴിവുകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയും അവയുടെ പ്രയോഗക്ഷമതയും വിലയിരുത്തലിനു വിധേയമാക്കണം. ഉയർന്ന ചിന്താശേഷികളെ പ്രയോജനപ്പെടുത്താനും നേടിയ കഴിവുകളെ പ്രയോഗത്തിൽ കൊണ്ടു വരാനും ടേം മൂല്യനിർണയത്തിലൂടെ സാധ്യമാകണം.

**ടേം മൂല്യനിർണയത്തിലൂടെ –**

- ഒരു നിശ്ചിത കാലയളവിലെ കുട്ടിയുടെ പഠനപുരോഗതി വിലയിരുത്തപ്പെടുന്നു.
- കുട്ടിയുടെ പഠനപുരോഗതി രക്ഷിതാവിനും രക്ഷിതാവുൾക്കൊള്ളുന്ന സമൂഹത്തിനും പങ്കു വയ്ക്കപ്പെടുന്നു.
- കുട്ടിയുടെ പഠനപുരോഗതിക്കായുള്ള ഇടപെടൽ സാധ്യതകളും മേഖലകളും പരിശോധിക്കുന്നതിനും വേണ്ടി വന്നാൽ പുനർനിർണയിക്കുന്നതിനും സാധ്യമാകുന്നു.
- പഠന നിലവാരത്തെ ഗ്രേഡു ചെയ്യുന്നതിന് സാധ്യമാകുന്നു.

## ടേം മൂല്യനിർണയ ടൂളുകൾ/ചോദ്യങ്ങൾ

വ്യക്തമായ ഉദ്ദേശ്യങ്ങളോടെ, ആസൂത്രിതമായി തയാറാക്കേണ്ടവയാണ് മൂല്യനിർണയ ചോദ്യങ്ങൾ. മൂല്യനിർണയ ചോദ്യങ്ങൾ തയാറാക്കുന്നതിനു മുന്നോടിയായി, പഠനനേട്ടങ്ങൾ, ഉള്ളടക്കം, ചോദ്യമാതൃകകൾ, വിഷമതാ നിലവാരം എന്നിവയുടെ ആപേക്ഷിക പ്രാധാന്യം തീരുമാനിച്ചുകൊണ്ടുള്ള രൂപരേഖ (Blue Print) തയാറാക്കേണ്ടതുണ്ട്. ഈ രൂപരേഖയായിരിക്കണം ചോദ്യനിർമാണത്തിന് വഴികാട്ടിയായി ഭവിക്കേണ്ടത്.

## ചോദ്യങ്ങൾ തയാറാക്കുമ്പോൾ

വിലയിരുത്തൽ ചോദ്യങ്ങൾ തയാറാക്കുമ്പോൾ അവയ്ക്ക് ഉണ്ടായിരിക്കേണ്ട പ്രധാന സവിശേഷതകളും പരിഗണിക്കേണ്ട ചിന്താപ്രക്രിയകളും കണക്കിലെടുക്കണം. (വിലയിരുത്തൽ ചോദ്യങ്ങൾക്ക് ഉണ്ടായിരിക്കേണ്ട പ്രധാന സവിശേഷതകളും പരിഗണിക്കേണ്ട ചിന്താപ്രക്രിയകളും മൂന്നാം സെമസ്റ്ററിൽ ഇ.വി.എസ്. – ൽ ചർച്ച ചെയ്തിട്ടുള്ളത് റഫർ ചെയ്യുക.) ചോദ്യങ്ങൾ തയാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾക്കൂടി പരിഗണിക്കണം.

- ❖ ജ്ഞാനനിർമിതി സമീപനത്തിൽ ഊന്നിയാണ് ചോദ്യങ്ങൾ തയാറാക്കേണ്ടത്.
- ❖ വ്യത്യസ്ത നിലവാരക്കാരെ പരിഗണിക്കുന്നവിധത്തിൽ ചോദ്യപേപ്പർ ചിട്ടപ്പെടുത്തണം.
- ❖ പ്രധാന ആശയമേഖലകളിലും നൈപുണികളിലും നിലവാരഭേദം പരിഗണിക്കണം.
- ❖ അടിസ്ഥാനശേഷികളും ധാരണകളും സന്ദർഭാനുസരണം പ്രയോഗിക്കാൻ അവസരമുണ്ടാകണം.
- ❖ ഓരോ കുട്ടിക്കും തന്റേതായ നിലയിൽ മികവ് പ്രകടിപ്പിക്കാൻ കഴിയണം.
- ❖ ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന നിശ്ചിത എണ്ണം ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
- ❖ ചോദ്യങ്ങൾ ചിന്താപ്രക്രിയക്ക് ഊന്നൽ നൽകുന്നതും വെല്ലുവിളി ഉയർത്തുന്നതുമാകണം.

- ❖ നൂതനവും വൈവിധ്യ പൂർണവുമായ ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
- ❖ ചോദ്യങ്ങളിലെ നിർദേശങ്ങൾക്ക് വ്യക്തതയുണ്ടാവണം.
- ❖ പഠനനേട്ടങ്ങളെ ആവശ്യാനുസരണം വിഭജിച്ചും കൂട്ടിചേർത്തും ചോദ്യങ്ങളാക്കാം.
- ❖ വിവരണാത്മക ചോദ്യങ്ങളുടെ ഉത്തരങ്ങളുടെ ദൈർഘ്യം സൂചിപ്പിക്കണം.
- ❖ ചോദ്യഭാഷ ലളിതവും, വിദ്യാർഥി സൗഹൃദവും ആയിരിക്കണം.
- ❖ ചിത്രങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ, ഭൂപടങ്ങൾ എന്നിവയുടെ സാധ്യതകൾ ഉപയോഗ പ്പെടുത്തണം.
- ❖ ആശയങ്ങൾക്കും യൂണിറ്റുകൾക്കും, അനുപാതിക പ്രാധാന്യം വേണം.
- ❖ സ്വന്തം നിലപാടുകൾ, വിമർശനചിന്ത, പ്രതികരണശേഷി എന്നിവ പ്രകടിപ്പിക്കുന്ന തിന് അവസരം ഉണ്ടാവണം.
- ❖ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളിൽ എല്ലാവർക്കും എഴുതാവുന്ന ഒരു പ്രവേശക ചോദ്യം ഉണ്ടാവണം.
- ❖ ഓപ്പൺ എന്റഡ് ചോദ്യസാധ്യത പ്രയോജനപ്പെടുത്തണം.
- ❖ ചിന്താപ്രക്രിയ പരിഗണിച്ച് ഉത്തരമെഴുതാനുള്ള സമയവും സ്കോറും നിശ്ചയിക്കണം
- ❖ ബഹുവികല്പക ചോദ്യങ്ങളും ഓർമ്മ പരിശോധന മാത്രമുള്ള ചോദ്യങ്ങളും പരിമിത മാക്കണം.
- ❖ വിലയിരുത്തൽ സൂചകങ്ങൾ കൃത്യതയോടെ തയാറാക്കണം.
- ❖ വിവരണാത്മക ചോദ്യങ്ങൾക്ക് ഓരോ ഘടകത്തിനും വേർതിരിച്ച് സ്കോർ നൽകണം.
- ❖ ചോദ്യപേപ്പറിനു മുകളിൽ പൊതുനിർദേശങ്ങൾ, സമയം, സ്കോർ എന്നിവ നൽകി യിരിക്കണം.
- ❖ ചോദ്യപേപ്പർ തയാറാകുന്നതിന് മുമ്പ് ചോദ്യപേപ്പർഡിസൈൻ തയാറാക്കണം.

## ഉത്തരസൂചികയും സ്കോറിങ്ങിനുള്ള പദ്ധതിയും

തയാറാക്കിയ ടൂളുകൾ/ചോദ്യങ്ങൾക്ക് ഉത്തരസൂചികയും സ്കോറിങ്ങിനുള്ള പദ്ധ തിയും തയാറാക്കിക്കഴിയുമ്പോൾ മാത്രമാണ് ചോദ്യനിർമാണം പൂർത്തീകരിക്കപ്പെടുന്നത്. അതുചോദ്യകർത്താവുതന്നെ ചെയ്യുന്നതാണ് ഉചിതം. ഉത്തരസൂചികയും സ്കോറിങ്ങിനുള്ള നിർദേശവും കൃത്യവും വ്യക്തവുമാകണം. നിശ്ചിത ഉത്തരസൂചിക പരിഗണിച്ചുകൊണ്ട് ഉത്തരക്കടലാസ് വിലയിരുത്തുന്നതാരായാലും, ഫലത്തിൽ വ്യത്യാസം വരാൻ പാടില്ല.

### ചോദ്യങ്ങളുടെ അപഗ്രഥനം

ചോദ്യനിർമാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ ചോദ്യകർത്താവുതന്നെ ചോദ്യപേ പ്പർ വിലയിരുത്തലിനു വിധേയമാക്കേണ്ടതുണ്ട്. ചോദ്യനിർമാണത്തിനു മുന്നോടിയായി തയാറാക്കിയ രൂപരേഖയ്ക്കനുസൃതമാണോ ചോദ്യപേപ്പർ എന്നു പരിശോധിക്കുകയാണ് ചോദ്യങ്ങളുടെ അപഗ്രഥനത്തിലൂടെ നിർവഹിക്കപ്പെടുന്നത്. നിശ്ചിത യൂണിറ്റുകൾ, പഠന നേട്ടങ്ങൾ, ചിന്താപ്രക്രിയകൾ, ചോദ്യമാതൃകകൾ, സ്കോർ, സമയം എന്നീ ഘടകങ്ങൾ ചോദ്യപേപ്പർ മൂല്യനിർണയ ഉപാധിയിൽ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടെന്നു ഉറപ്പു വരു ത്തുകയാണ് ഇവിടെ ചെയ്യുന്നത്. കുട്ടികളുടെ ഉത്തരങ്ങൾ വിശകലനം ചെയ്യുമ്പോഴും ഈ രേഖ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും.

## പ്രക്രിയാശേഷികളും വിലയിരുത്തലും

കുട്ടിയുടെ പഠനനേട്ടങ്ങളോടൊപ്പം പ്രക്രിയാശേഷികളുടെ വികസനം കൂടി പഠന പ്രവർത്തനങ്ങളിലൂടെ നാം ലക്ഷ്യമിടുന്നു. അതുകൊണ്ടു തന്നെ ചിന്താപ്രക്രിയകളുടെ നിലവാരം കൂടി വിലയിരുത്തിയാൽ മാത്രമേ മൂല്യനിർണയം സമഗ്രമാകൂ. വസ്തുക്കളെ/ വസ്തുതകളെ നിരീക്ഷിക്കുക, പ്രശ്നപരിഹാരത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, ശേഖരിച്ച വിവരങ്ങളെ ഉചിതമായ രീതിയിൽ തരം തിരിക്കുക, വിശകലനത്തിനു വിധേയമാക്കുക, നിഗമനങ്ങൾ രൂപപ്പെടുത്തുക. അവ പ്രയോഗിച്ചു ശരിതെറ്റുകൾ ബോധ്യപ്പെട്ട് ആവശ്യമായ തിരുത്തലുകൾ വരുത്തുക, ഉപകരണങ്ങൾ കൈകാര്യം ചെയ്യുക തുടങ്ങിയ പ്രക്രിയശേഷികൾ പഠനത്തിനു മാത്രമല്ല ജീവിത വിജയത്തിനും അനിവാര്യമാണല്ലോ.

## യു.പി. ക്ലാസുകളിൽ പരിഗണിക്കുന്ന പ്രക്രിയാശേഷികളും വിലയിരുത്തൽ സൂചകങ്ങളും

### പ്രക്രിയശേഷികളുടെ വിലയിരുത്തൽ

### 1. നിരീക്ഷണം

പ്രശ്നപരിഹരണത്തിനാവശ്യമായ വിവരശേഖരണത്തിനായി ഇന്ദ്രിയങ്ങളെ ഉപയോഗിച്ചിട്ടുണ്ട്. വ്യത്യസ്ത വസ്തുക്കൾ, സംഭവങ്ങൾ എന്നിവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഒരേ പോലുള്ള വസ്തുക്കൾ/സംഭവങ്ങൾ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ/സാമ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

നിരീക്ഷണ ഫലങ്ങൾ വാക്കാലുള്ള അവതരണം /എഴുത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്.

ക്രമേണ സങ്കീർണത കൂടി വരുന്ന ചിത്രങ്ങൾ, മാപ്പുകൾ, പട്ടികകൾ എന്നിവയിൽ നിന്നും പ്രസക്തമായ വിവരങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

### 2. വർഗീകരണം

നിരീക്ഷിക്കാൻ കഴിയുന്ന സ്വഭാവ വിശേഷങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പറ്റം വസ്തുക്കളെ/ആശയങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഒരു കൂട്ടം വസ്തുക്കളുടെ/ആശയങ്ങളുടെ വ്യത്യാസങ്ങൾ/വിഭിന്നതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഒരു കൂട്ടം വസ്തുക്കളുടെ/ആശയങ്ങളുടെ സമാനതകൾ തിരിച്ചറിഞ്ഞ് കൂട്ടങ്ങളാക്കിയിട്ടുണ്ട്.

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യാസം വിശദമാക്കി വസ്തുക്കളെ/വിവരങ്ങളെ കൂട്ടങ്ങളാക്കിയിട്ടുണ്ട്.

### 3. ആശയം വിനിമയം ചെയ്യൽ

പട്ടികകൾ, ഗ്രാഫുകൾ, മാപ്പുകൾ, ചാർട്ടുകൾ എന്നിവയിലൂടെ ഫലപ്രദമായി ആശയവിനിമയം നടത്തിയിട്ടുണ്ട്.

ചിത്രം വരച്ചും മാതൃകകൾ നിർമിച്ചും ആശയവിനിമയം നടത്തിയിട്ടുണ്ട്.

കുറിപ്പുകൾ, വിവരങ്ങൾ, റിപ്പോർട്ടുകൾ എന്നിവയിലൂടെ ആശയവിനിമയം നടത്തിയിട്ടുണ്ട്.

### 4. അളക്കൽ

അളന്ന് തിട്ടപ്പെടുത്തേണ്ട വിവരങ്ങൾ ഏതാണെന്നു കണ്ടെത്തിയിട്ടുണ്ട്.

അനുയോജ്യമായ തോത് ഉപയോഗിച്ച് അളന്നിട്ടുണ്ട്.

അളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 5. നിഗമനം രൂപീകരിക്കൽ

ശേഖരിച്ച വിവരങ്ങളിൽ നിന്നും പ്രശ്നപരിഹരണത്തിനാവശ്യമായ അളവുകൾ കണ്ടെത്തിയിട്ടുണ്ട്. ലഭ്യമായ ദത്തങ്ങളുടെ പരസ്പരബന്ധം കണ്ടെത്തിയിട്ടുണ്ട്. ദത്തങ്ങളിൽ നിന്നും പാറ്റേണുകൾ രൂപീകരിച്ചിട്ടുണ്ട്.

സംഭവത്തിന്റെ/ പ്രതിഭാസത്തിന്റെ സാധ്യമായ കാരണങ്ങൾ യുക്തിസഹമായി തിരിച്ചറിഞ്ഞിട്ടുണ്ട്/പ്രവചിച്ചിട്ടുണ്ട്.

കണ്ടെത്തലുകളുടെ പ്രകൃതവുമായി ചേർന്നുപോകാത്ത തെളിവുകൾ പരിശോധിച്ചിട്ടുണ്ട്. ഊഹത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്.

അനുഭവങ്ങളിലൂടെ/പരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ് നിഗമനങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

### 6. പരീക്ഷണങ്ങൾ

ഉപകരണങ്ങൾ കൃത്യതയോടും സൂക്ഷ്മതയോടും കൈകാര്യം ചെയ്യുന്നുണ്ട്.

പരീക്ഷണം നിരീക്ഷിച്ച് പ്രശ്നപരിഹരണത്തിനാവശ്യമായ തെളിവുകൾ ശേഖരിക്കുന്നുണ്ട്.

പരീക്ഷണഫലങ്ങൾ രേഖപ്പെടുത്തുകയും വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്.

## ടേം മൂല്യനിർണയത്തിനുള്ള ചോദ്യപേപ്പർ നിർമാണഘട്ടങ്ങൾ

ചോദ്യപേപ്പർ (മൂല്യനിർണയ ടൂൾ) നിർമ്മാണത്തിൽ പാലിക്കേണ്ട ഘട്ടങ്ങൾ പരിചയപ്പെടാം. ടേം മൂല്യനിർണയത്തിനായി ചോദ്യങ്ങൾ തയാറാക്കുന്നതിന് മുമ്പ് അതിനുള്ള ആസൂത്രണ രൂപരേഖ (Blue Print) തയാറാക്കണം. ഏതെല്ലാം പഠനനേട്ടങ്ങൾ പരിഗണിക്കണം? എത്ര സ്കോറിനുള്ള ചോദ്യങ്ങൾ ആവശ്യമാണ്? ചോദ്യങ്ങളുടെ രീതി എന്താവണം? തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ തീരുമാനിച്ച് അതിന്റെ രൂപരേഖ തയാറാക്കുന്നതാണ് ബ്ലൂപ്രിന്റ്, പാഠഭാഗങ്ങൾ, ചോദ്യമാതൃകകൾ, കാഠിന്യനിലവാരം, സ്കോർ തുടങ്ങിയവ തീരുമാനിച്ച് വിവിധ ഫോർമാറ്റിലേക്ക് എഴുതി തയാറാക്കുകയും അതിനനുസരിച്ച് ചോദ്യനിർമാണം, ഉത്തരസൂചിക നിർമാണം, ചോദ്യ വിശകലനം എന്നീ പ്രവർത്തനങ്ങൾ നടത്താം. നിശ്ചിത പരിഗണനകൾ ഉറപ്പു വരുത്തുവാനും നിലവാരം ഉറപ്പുവരുത്തുവാനും ഈ രീതി ആവശ്യമാണ്. ഒന്നോ രണ്ടോ യൂണിറ്റുകൾക്കുള്ള യൂണിറ്റ്ടെസ്റ്റുകൾക്കും ഈ മാതൃക പിന്തുടരാം. മാതൃക വിശകലനം ചെയ്യുക.

## ചോദ്യപേപ്പർ ഡിസൈൻ യു.പി. സാമൂഹ്യശാസ്ത്രം: STD 5

### 1. യൂണിറ്റുകൾക്കുള്ള ആപേക്ഷിക പ്രാധാന്യം (Weightage to Units)

| ക്രമ നമ്പർ | യൂണിറ്റ് | ചോദ്യങ്ങളുടെ എണ്ണം | സ്കോർ | സ്കോർ ശതമാനം |
|---|---|---|---|---|
| 1. | കരുതലോടെ ചെലവിടാം | 2 | 10 | 20 |
| 2. | പ്രപഞ്ചം എന്ന മഹാത്ഭുതം | 2 | 10 | 20 |
| 3. | വൻകരകളും സമുദ്രങ്ങളും | 2 | 10 | 20 |
| 4. | ഇരുമ്പുരുക്കിയ മാറ്റങ്ങൾ | 2 | 10 | 20 |
| | **ആകെ** | **8** (2 choice ചോദ്യം ഉൾപ്പെടെ) | **10** (10 choice ചോദ്യം ഉൾപ്പെടെ) | **100** |

### 2. ചോദ്യമാതൃകകൾക്കുള്ള ആപേക്ഷിക പ്രാധാന്യം (Weightage to question models)

| ക്രമ നമ്പർ | ചോദ്യമാതൃകകൾ | ചോദ്യങ്ങളുടെ എണ്ണം | ആകെ സ്കോർ |
|---|---|---|---|
| 1 | വസ്തു നിഷ്ഠം | 8 | 8 |
| 2. | വിവരണാത്മകം | 13 | 22 |
| | ആകെ | 24 (choice ഉൾപ്പെടെ) | 2 |

## 3. ബ്ലൂപ്രിന്റ്

| ക്രമ നമ്പർ | യൂണിറ്റ് | ചോദ്യമാതൃക | | | | ആകെ ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|---|---|---|
| | | വസ്തുനിഷ്ഠം | | വിവരണാത്മകം | | | |
| | | എണ്ണം | സ്കോർ | എണ്ണം | സ്കോർ | | |
| 1 | കരുതലോടെ ചെലവിടാം | 1 | 1 | 4 | 9 | 5 | 10 |
| 2. | പ്രപഞ്ചം എന്ന മഹാത്ഭുതം | 3 | 3 | 3 | 7 | 6 | 10 |
| 3. | വൻകരകളും സമുദ്രങ്ങളും | 3 | 3 | 3 | 7 | 6 | 10 |
| 4. | ഇരുമ്പുരുക്കിമാറ്റങ്ങൾ | 1 | 1 | 3 | 9 | 4 | 10 |
| | **ആകെ** | **8** | **8** | **13** | **32** | **21** | **40** |

4 ചോദ്യപേപ്പർ (അനുബന്ധം കാണുക)

5. ചോദ്യങ്ങളുടെ വിലയിരുത്തൽ സൂചകങ്ങൾ

| ചോദ്യ നമ്പർ | | വിലയിരുത്തൽ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|---|
| 1. | എ | പട്ടിക പൂർത്തിയാക്കിയിട്ടുണ്ട്<br>തൊഴിൽ – വരുമാനം<br>സർക്കാർ ജോലി – ശമ്പളം<br>കച്ചവടം – ലാഭം<br>ഇൻഷുറൻസ് ഏജന്റ് – കമ്മിഷൻ | 1 x 3 | 5 |
| | ബി. | അനുയോജ്യമായ ഏതെങ്കിലും ഒരു അഭിപ്രായം<br>സൂചന: ആഡംബരവസ്തുക്കൾ ഒഴിവാക്കാം. | 1 | |
| | സി | കൃത്യമായ ഉത്തരം എഴുതിയിട്ടുണ്ട് - പ്രവർത്തന ബഡ്ജറ്റ്. | 1 | |
| 2. | എ | ------------------------------ | — | — |

## 6. ചോദ്യ വിശകലനം (Questionwise Analysis)

| ചോദ്യ നമ്പർ | യൂണിറ്റ് | പഠനനേട്ടങ്ങൾ | ചിന്ത പ്രക്രിയകൾ | ചോദ്യ മാതൃക | സ്കോർ | സമയം |
|---|---|---|---|---|---|---|
| 1 എ ബി സി | കരുതലോടെ ചെലവിടാം | കുടുംബവരുമാന സ്രോതസ്സുകളുടെ വൈവിധ്യം തിരിച്ചറിയുന്നു. | നിരീക്ഷണം | വിവരണാത്മകം | 2 | 20 മിനിട്ട് |
| | | | വിശകലനം | വിവരണാത്മകം | 2 | |
| | | | നിഗമനം | വസ്തുനിഷ്ഠം | 1 | |
| 2. എ. ബി. സി. | | | | | | |
| 3. എ. ബി. സി. | | | | | | |
| 4 എ. ബി. സി. | | | | | | |
| 5. എ. ബി. സി. | | | | | | |
| 6. എ. ബി. സി. | | | | | | |
| 7. എ. ബി. സി. | | | | | | |
| 8. എ. ബി. സി. | | | | | | |

മൂല്യനിർണയ ടൂൾ തയാറാക്കി കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ചോദ്യവിശകലനം പ്രത്യേകം ഫോർമാറ്റിൽ തയാറാക്കിയിരിക്കണം. എല്ലാ വശങ്ങളും പരിഗണിച്ചുവോ എന്നറിയുന്നതിനും സമയബന്ധിതമായി കുട്ടികൾക്ക് ഉത്തരങ്ങൾ എഴുതുന്നതിനും വിലയിരുത്തൽ പൂർത്തിയാക്കുന്നതിനും ചോദ്യവിശകലനത്തിലൂടെ കഴിയുന്നു.

**മൂല്യനിർണയത്തിനുശേഷം :**

മൂല്യനിർണയ ടൂൾ ഉപയോഗിച്ച് മൂല്യനിർണയം നടത്തി കഴിഞ്ഞാൽ ഉത്തരസൂചിക ഉപയോഗപ്പെടുത്തികൊണ്ട് ഉത്തരപേപ്പറുകൾ വിലയിരുത്തണം. കുട്ടികളുടെ സ്കോർ, ഓവറോൾ ഗ്രേഡുകൾ എന്നിവ നിലവിലുള്ള മൂല്യനിർണയരീതിയനുസരിച്ച് കണ്ടു പിടിക്കുകയും അതിനെ പഠനപുരോഗതി രേഖയിലേക്ക് എഴുതി തയാറാക്കുകയും ചെയ്യുന്നു. സ്കോറിന്റേയും ഉത്തരക്കടലാസ് വിശകലനത്തിന്റേയും അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനപുരോഗതി വിശകലനം ചെയ്ത് തുടർപ്രവർത്തനങ്ങളും ക്ലാസ് കയറ്റവും തീരുമാനിക്കുന്നു.

> സ്കൂൾ ഇന്റേൺഷിപ്പ് കാലഘട്ടത്തിൽ - 5,6,7 ക്ലാസിലെ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ഏതെങ്കിലും ഒരു ക്ലാസിലേക്ക് ഒരു മൂല്യനിർണയ ടൂൾ നിർമ്മിച്ച് യൂണിറ്റ് ടെസ്റ്റ് നടത്തി പഠനപുരോഗതി വിലയിരുത്തൽ പ്രവർത്തനം നടത്തുക.

A

# സമഗ്ര ശിക്ഷ, കേരളം

505

## അർദ്ധവാർഷിക മൂല്യനിർണയം 2018–19

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

പ്രവർത്തനം – 1

**വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിലൂടെയാണ് കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്നത്.**

എ. **പട്ടിക പൂർത്തിയാക്കുക.**

| തൊഴിൽ | വരുമാനം |
|---|---|
| സർക്കാർ ജോലി | ................................................................ |
| ................................................................ | ലാഭം |
| ഇൻഷ്വറൻസ് ഏജന്റ് | ................................................................ |

ബി. കുടുംബങ്ങളിൽ മിതവ്യയശീലം എങ്ങനെ പാലിക്കാം? അഭിപ്രായം എഴുതുക.

സി. ഒരു പ്രത്യേക പ്രവർത്തനത്തിനോ, പരിപാടിക്കോ വേണ്ടി മാത്രം തയാറാക്കുന്ന വരവുചെലവ് കണക്ക് ഏത് പേരിൽ അറിയപ്പെടുന്നു?

പ്രവർത്തനം – 2

**കുടുംബത്തിന്റെ വരുമാനവും ചെലവും മുൻകൂട്ടി എഴുതി തയാറാക്കുന്നതാണ് കുടുംബ ബജറ്റ്**

ലീനയുടെ കുടുംബം ഒക്ടോബർ മാസത്തിൽ തയാറാക്കിയ ബജറ്റ് പരിശോധിക്കാം

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| ശമ്പളം | 25000 | വാടക | 1000 |
| കൃഷി | 4000 | അരി, പലചരക്ക് | 4000 |
| | | വസ്ത്രം | 3000 |
| | | പച്ചക്കറി | 2000 |
| | | കറന്റ് ചാർജ് | 1000 |
| | | വിദ്യാഭ്യാസം | 1000 |
| | | ചികിത്സ | 2000 |
| | | വായ്പ തിരിച്ചടവ് | 4500 |
| | | ഇൻഷ്വറൻസ് | 3500 |
| | | യാത്ര | 3000 |
| | | മറ്റു ചെലവുകൾ | 4000 |
| **ആകെ വരവ്** | **29000** | **ആകെ ചെലവ്** | **29000** |

എ. നവംബർ മാസത്തിൽ കാർഷിക വരുമാനം ലഭിക്കില്ല. എങ്കിൽ, സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തി നവംബർ മാസത്തെ ബജറ്റ് ക്രമീകരിക്കാൻ എന്തെല്ലാം നിർദേശങ്ങൾ മുന്നോട്ടു വയ്ക്കാം?

ബി. ഒരു കുടുംബ ബജറ്റ് തയാറാക്കുന്നതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം?

പ്രവർത്തനം – 3

**രാത്രിയിലെ ആകാശക്കാഴ്ചകൾ മനുഷ്യരിൽ ആദിമകാലം മുതൽ അത്ഭുതവും ആകാംക്ഷയും ജനിപ്പിച്ചിരുന്നു.**

എ. സൗരയൂഥത്തിന്റെ കേന്ദ്രം ഏത്?

(a) ബുധൻ

(b) സൂര്യൻ

(c) ഭൂമി

(d) ശനി

ബി. ഗ്രഹങ്ങളിൽ ഏറ്റവും വലിയ ഗ്രഹം വ്യാഴമാണല്ലോ. വ്യാഴത്തിന്റെ മറ്റു രണ്ടു സവിശേഷതകൾ എന്തെല്ലാം?

സി. താഴെ നൽകിയിരിക്കുന്നവയിൽ ശുക്രനെക്കുറിച്ചുള്ള ശരിയായ പ്രസ്താവനകൾ ഏതെന്നു കണ്ടെത്തി എഴുതുക?

- ഏറ്റവും ചൂടുള്ള ഗ്രഹം
- സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്നു
- ഉപഗ്രഹങ്ങളില്ല
- ചുവന്ന ഗ്രഹം

പ്രവർത്തനം – 4

**സൗരയൂഥത്തിൽ ഗ്രഹങ്ങളും നക്ഷത്രങ്ങളും മാത്രമല്ല വിരുന്നുകാരും ഉണ്ട്.**

എ. ചൊവ്വയുടെയും വ്യാഴത്തിന്റെയും ഇടയിലായി സൂര്യനെ വലം വയ്ക്കുന്ന പാറക്കഷണങ്ങൾ ഏതു പേരിൽ അറിയപ്പെടുന്നു.


ബി. രാത്രികാല ആകാശകാഴ്ചകൾ നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ? ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും എങ്ങനെ തിരിച്ചറിയും?

സി. ആകാശഗോളങ്ങൾക്ക് ഗ്രഹപദവി ലഭിക്കാൻ ചില നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. താഴെ നൽകിയിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെന്നു കണ്ടെത്തി എഴുതുക?

- കൃത്യമായ സഞ്ചാരപഥം ഉണ്ടായിരിക്കണം.
- മറ്റു ഗ്രഹങ്ങളെ വലം വയ്ക്കണം.
- സൂര്യനെ വലം വയ്ക്കണം.
- ഭ്രമണം ചെയ്യാതിരിക്കണം.

പ്രവർത്തനം – 5

**താഴെ നൽകിയിരിക്കുന്ന വാർത്തകൾ ശ്രദ്ധിക്കൂ**



എ. സമുദ്രങ്ങൾ മനുഷ്യന് ഉപകാരപ്രദമാണ്. സമുദ്രസംരക്ഷണം നമ്മുടെ കടമയാണ്. സമുദ്രസംരക്ഷണത്തിനാവശ്യമായ രണ്ടു നിർദേശങ്ങൾ എഴുതുക?

ബി. ലോകത്തിലെ ഏറ്റവും വലിയ ഗർത്തമായ ചലഞ്ചർ ഗർത്തം ഏതു സമുദ്രത്തിലാണ്?

സി. യൂറോപ്പു വൻകരയുടെ സമീപത്തു കാണുന്ന സമുദ്രങ്ങൾ ഏതെല്ലാം?

പ്രവർത്തനം - 6

**ഋഗ്വേദകാലത്ത് കന്നുകാലികളെ മേയ്ച്ചു നടന്ന ആര്യന്മാർ പില്ക്കാലവേദകാലത്ത് ഗംഗാ സമതലത്തിൽ എത്തി.**

എ. ആര്യന്മാർക്ക് ഗംഗാസമതലത്തിൽ സ്ഥിരവാസം ഉറപ്പിക്കാൻ സഹായകമായ ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

ബി. ശിലായുഗം, മഹാശിലായുഗം എന്നീ കാലങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക?

പ്രവർത്തനം - 7

**വെങ്കലയുഗത്തിൽനിന്ന് ഇരുമ്പുയുഗത്തിലേക്കും അവിടെനിന്ന് ആധുനിക യുഗത്തിലേക്കുമുള്ള മനുഷ്യന്റെ യാത്ര വളരെ ദീർഘമായിരുന്നു.**

എ. വെങ്കലയുഗത്തിൽ നിന്ന് ഇരുമ്പുയുഗത്തിലെത്തുമ്പോൾ മനുഷ്യജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി?

ബി. സംഘകാലത്തെ ഏതെങ്കിലും രണ്ടു കൃതികളുടെ പേര് എഴുതുക?

പ്രവർത്തനം - 8

**ഗ്ലോബ്, ഭൂപടം എന്നിവയുടെ നിരീക്ഷണത്തിലൂടെ വൻകരകളെയും മഹാസമുദ്രങ്ങളെയും കണ്ടെത്താം.**

എ. ഭൂപടത്തിൽ കൂടുതൽ ഭാഗവും ഏതു നിറത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്?


ബി. ഈ നിറം എന്തിനെ സുചിപ്പിക്കുന്നു?

സി. തന്നിരിക്കുന്ന രൂപരേഖയിൽ ചുവടെ കൊടുത്തിരിക്കുന്ന വൻകരകളും മഹാസമുദ്രവും കണ്ടെത്തി രേഖപ്പെടുത്തുക.

- മൗണ്ട് എവറസ്റ്റ് സ്ഥിതി ചെയ്യുന്ന വൻകര
- പവിഴപ്പുറ്റുകൾ കൂടുതൽ കാണുന്ന മഹാസമുദ്രം
- ഇരുണ്ട ഭൂഖണ്ഡം

## പ്രവർത്തനം- 8 (c)

വൻകരകൾ സമുദ്രങ്ങൾ - രൂപരേഖ




(രൂപരേഖ പൂർത്തീകരിച്ചതിന് ശേഷം ഉത്തരക്കടലാസിനോടൊപ്പം തിരികെ നൽകേണ്ടതാണ്)

**A** **GI 50**

# സമഗ്ര ശിക്ഷ, കേരളം

## അർദ്ധവാർഷിക മൂല്യനിർണയം 2018–19

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ പ്രവർത്തനങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ 8 പ്രവർത്തനങ്ങളിൽ 6 എണ്ണത്തിന്റെ മാത്രം മൂല്യനിർണയം നടത്തുക.
3. ഒരു പ്രവർത്തനത്തിന് 5 പോയിന്റ്, ആകെ 30 പോയിന്റ്. (5/4/3/2/1)
4. എല്ലാ ചോദ്യങ്ങൾക്കുമുള്ള സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് A/B/C/D/E ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ കൊടുക്കുന്നു.

---

പ്രവർത്തനം – 1

*പഠനനേട്ടം*

കുടുംബവരുമാന സ്രോതസുകളുടെ വൈവിധ്യം തിരിച്ചറിയുന്നു.

എ.

| തൊഴിൽ | വരുമാനം |
|---|---|
| സർക്കാർ ജോലി | ശമ്പളം |
| കച്ചവടം | ലാഭം |
| ഇൻഷുറൻസ് ഏജന്റ് | കമ്മീഷൻ |

(3 സ്കോർ )

ബി.
- ആഡംബരവസ്തുക്കൾ ഉപേക്ഷിക്കാം
- ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഭക്ഷ്യവസ്തുക്കൾ വീട്ടിൽ തന്നെ ഉൽപ്പാദിപ്പിക്കാം

അനുയോജ്യമായ ഏതെങ്കിലും ഒന്ന് എഴുതിയാൽ മതി (1 സ്കോർ )

സി. പ്രവർത്തന ബജറ്റ് (1 സ്കോർ )

പ്രവർത്തനം – 2

*പഠനനേട്ടം*

കുടുംബ ബജറ്റുകൾ വിശകലനം ചെയ്യുകയും അവയുടെ ആവശ്യകത തിരിച്ചറിയുകയും ചെയ്യുന്നു.

എ. വസ്ത്രം, യാത്ര, മറ്റുചെലവുകൾ എന്നിവയിൽ മാറ്റം വരുത്താം (ഉചിതമായ രണ്ടെണ്ണം) (2 സ്കോർ)

ബി. വരവിനനുസരിച്ച് ചെലവ് ക്രമപ്പെടുത്താൻ സഹായിക്കുന്നു.
മുൻഗണന നിശ്ചയിച്ച് ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നു.
സമ്പാദ്യശീലം, മിതവ്യയശീലം എന്നിവയുടെ ആവശ്യകത തിരിച്ചറിയാൻ സാധിക്കുന്നു. (3 സ്കോർ)

പ്രവർത്തനം – 3

*പഠനനേട്ടം*

പ്രപഞ്ചം, അതിന്റെ ഭാഗമായ ക്ഷീരപഥം, അതിലൊരംഗമായ സൗരയൂഥം, സൗരയൂഥത്തിലെ അംഗമായ ഭൂമി എന്നിവ തിരിച്ചറിയുന്നു.

എ. സൂര്യൻ (1 സ്കോർ )

ബി.
- 60ൽ അധികം ഉപഗ്രഹങ്ങൾ
- സൂര്യനെ വലം വയ്ക്കാൻ 12 വർഷം (2 സ്കോർ )

സി.
- ഏറ്റവും ചൂടുള്ള ഗ്രഹം
- ഉപഗ്രഹങ്ങൾ ഇല്ല (2 സ്കോർ )

പ്രവർത്തനം - 4

*പഠനനേട്ടം*

സൗരയൂഥത്തെക്കുറിച്ച് മനസിലാക്കാൻ കഴിയുന്നു.

എ. ക്ഷുദ്രഗ്രഹങ്ങൾ, (1 സ്കോർ)

ബി. * കൂടുതൽ തിളക്കം ഗ്രഹങ്ങൾക്ക്, നക്ഷത്രങ്ങൾ മിന്നിമിന്നി തിളങ്ങും
(അനുയോജ്യമായവയ്ക്ക് സ്കോർ നല്കാവുന്നതാണ്) (2 സ്കോർ)

സി. * കൃത്യമായ സഞ്ചാരപഥം ഉണ്ടായിരിക്കണം
* സൂര്യനെ വലം വയ്ക്കണം. (2 സ്കോർ)

പ്രവർത്തനം - 5

*പഠനനേട്ടം*

സമുദ്രങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന ധാരണ നേടുന്നു.

എ. * പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുക.
* ഫാക്ടറികളിലെ മലിനജലം ഒഴുക്കിവിടുന്നത് നിയന്ത്രിക്കുക.
* ഇ-മാലിന്യങ്ങൾ നിക്ഷേപിക്കരുത്.
(അനുയോജ്യമായ രണ്ടെണ്ണം എഴുതിയാൽ മതി) (2 സ്കോർ)

ബി. പസഫിക് സമുദ്രം (1 സ്കോർ)

സി. അറ്റ്ലാന്റിക് സമുദ്രം, ആർട്ടിക് സമുദ്രം (2 സ്കോർ)

പ്രവർത്തനം - 6

*പഠനനേട്ടം*

പിൽക്കാല വേദകാലഘട്ടത്തിലെ ജനജീവിതത്തെ തിരിച്ചറിഞ്ഞ് അതിനെ ഋഗ്വേദകാല ജീവിതവുമായി താരതമ്യം ചെയ്യുന്നു.

എ. ഫലഭൂയിഷ്ഠമായ എക്കൽമണ്ണ്
സമൃദ്ധമായ മഴ
ഇരുമ്പിന്റെ ലഭ്യത
(അനുയോജ്യമായ രണ്ടെണ്ണം എഴുതിയാൽ മതി) (2 സ്കോർ )

ബി. ശിലായുഗം
* ആയുധങ്ങളും ഉപകരണങ്ങളും ശിലകൊണ്ട് ഉണ്ടാക്കിയത്.
* മനുഷ്യർ കാട്ടിലാണ് ജീവിച്ചിരുന്നത്.

മഹാശിലായുഗം
* ഇരുമ്പുകൊണ്ടുള്ള ആയുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചു.
* രാജഭരണം നിലനിന്നിരുന്നു
(കുറിപ്പിൽ അനുയോജ്യമായ 3 സൂചനകൾ ഉണ്ടെങ്കിൽ) (3 സ്കോർ)

പ്രവർത്തനം - 7

*പഠനനേട്ടം*

തിണകളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു.

എ. * കൃഷിവ്യാപിച്ചു
* സ്ഥിരവാസം ആരംഭിച്ചു
* കൃഷിയുടെ വളർച്ച കച്ചവടത്തിന് വഴിതെളിച്ചു
* ചാരനിറപ്പാത്രങ്ങൾ ഉപയോഗിച്ചു.
(അനുയോജ്യമായ 3 എണ്ണം എഴുതിയാൽ മതി) (3 സ്കോർ)

ബി. പതിറ്റുപത്ത്, അകനാനൂറ്, പുറനാനൂറ് തുടങ്ങിയവ (2 സ്കോർ)

പ്രവർത്തനം - 8

*പഠനനേട്ടം*

വൻകരകളേയും സമുദ്രങ്ങളേയും സംബന്ധിക്കുന്ന അടിസ്ഥാന ധാരണ നേടുന്നു.

എ. നീല (1 സ്കോർ)

ബി.സമുദ്രങ്ങൾ (1 സ്കോർ)

സി. * ഏഷ്യ
* ഇന്ത്യൻ മഹാസമുദ്രം
* ആഫ്രിക്ക (3 സ്കോർ)

## യൂണിറ്റ് 3

## സാമൂഹ്യശാസ്ത്രപഠനം – ഗവേഷണവും പ്രശ്നപരിഹാരവും

### ആമുഖം

സാമൂഹ്യയാഥാർഥ്യങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും സമൂഹത്തിലെ പ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തി പരിഹാരപ്രവർത്തനങ്ങൾ നിർദേശിക്കുന്നതിനും സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ കുട്ടികൾ പ്രാപ്തരാകണം. സമൂഹത്തിൽ സാമൂഹ്യമായും സാമ്പത്തികമായും നിരവധി പ്രശ്നങ്ങൾ അനുഭവപ്പെടുന്നുണ്ട്. ആത്മഹത്യാപ്രവണതകൾ, അന്ധവിശ്വാസങ്ങൾ, മദ്യം – മയക്കുമരുന്നുകളോടുള്ള ആസക്തി, ജാതീയത, വർഗീയത, മാലിന്യപ്രശ്നങ്ങൾ, തെറ്റായ ആരോഗ്യശീലങ്ങൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കേരളത്തിന്റെ വികസന കാഴ്ചപ്പാടുകൾക്ക് വെല്ലുവിളി ഉയർത്തുന്നുണ്ട്. സാമൂഹ്യബന്ധങ്ങളും മനോഭാവങ്ങളും മാറിവരുന്നു. സാമൂഹ്യശാസ്ത്രപഠന ലക്ഷ്യങ്ങൾ നേടുന്നില്ലേ? എന്ന സംശയം ബലപ്പെടുമ്പോൾ ഗവേഷണത്തിനും പ്രശ്ന പരിഹാരത്തിനും ധാരാളം സാധ്യതകൾ ഉണ്ട്.

സാമൂഹ്യശാസ്ത്ര പഠനത്തിൽ ഒഴിവാക്കാനാവാത്ത മേഖലയാണ് ഗവേഷണ പ്രവർത്തനങ്ങൾ. ഈ യൂണിറ്റിൽ സാമൂഹ്യശാസ്ത്ര ഗവേഷണം, അതിന്റെ പ്രാധാന്യം, വിവിധ ഗവേഷണ പ്രവർത്തനങ്ങൾ, ഗവേഷണ റിപ്പോർട്ട് തയാറാക്കൽ തുടർപഠന സാധ്യതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്നു.

**ഗവേഷണം എന്ത്?**

എന്താണ് ഗവേഷണം? ചില നിർവ്വചനങ്ങൾ വിശകലനം ചെയ്യാം.

1. "Systematic effort to gain new knowledge, we call research." - L.V. Redman and Morry
2. "Any organised inquiry designed and carried out to provide information for solving problem" - Emory
3. "The manipulation of generalizing to extened, correct, or verify knowledge"

   - Encyclopedia of Social Science
4. "Social science research is a systematic method for understanding, analysing and conceptualizing human life in order to extend, correct or verify knowledge of human behaviour and social life"

ഏതാനും നിർവ്വചനങ്ങൾ വിശകലനം ചെയ്തുവല്ലോ. എന്താണ് ഗവേഷണം? ഒരു പ്രത്യേക കാര്യത്തെക്കുറിച്ചുള്ള ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ അന്വേഷണമാണ് ഗവേഷണം. നിരീക്ഷണം, താരതമ്യം, പരീക്ഷണം, നിഗമനം എന്നീ പ്രക്രിയകളോടെ നടത്തുന്ന സത്യാന്വേഷണമാണ് ഗവേഷണം. എല്ലാ വിജ്ഞാനശാഖകളിലും ഗവേഷണം നടക്കുന്നുണ്ട്. ഗവേഷണം പഠനത്തിലേക്ക് നയിക്കുകയും പഠനം ഗവേഷണത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. രണ്ടും പ്രധാനമാണ്. സാമൂഹ്യശാസ്ത്ര ഗവേഷണം മാനുഷിക വിഷയങ്ങളിൽ മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണമാണ്. നരവംശശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, സമൂഹശാസ്ത്രം, വിദ്യാഭ്യാസം, രാഷ്ട്രതന്ത്രം തുടങ്ങിയ മേഖലകളിലായി സാമൂഹ്യശാസ്ത്ര ഗവേഷണം വ്യാപിച്ചു കിടക്കുന്നു. ഗവേഷണത്തിന്റെ രീതികളെ വിശദമായി പരിശോധിക്കാം.

### സാമൂഹ്യശാസ്ത്ര ഗവേഷണത്തിന്റെ പ്രാധാന്യം

അറിയുവാനുള്ള താത്പര്യം മനുഷ്യസഹജമാണ്. ഈ താത്പര്യത്തിന്റെ ഭാഗമായി നിരവധി ചോദ്യങ്ങൾ മനുഷ്യ മനസ്സിൽ ഉയർന്നുവരാറുണ്ട്. ചോദ്യങ്ങൾ ഉയരുമ്പോൾ ഉത്തരങ്ങൾ തേടുന്നു. സാമൂഹ്യജീവിയായ മനുഷ്യൻ, കാലങ്ങളായി നടത്തിയ അന്വേഷണങ്ങളുടെ ഫലമാണ് അറിവ്. ഈ

അറിവാണ് മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുന്നത്. ഒരു സാമൂഹ്യശാസ്ത്ര വിദ്യാർഥിയുടെ മനസ്സിൽ എന്തെല്ലാം ചോദ്യങ്ങൾ ഉയരാം?

- വിവിധ നാടുകളിലെ മനുഷ്യവൈവിധ്യത്തിന് കാരണമെന്ത്?
- എന്തുകൊണ്ട് വംശീയാതിക്രമങ്ങൾ ഉണ്ടാകുന്നു?
- ദാരിദ്ര്യത്തിന്റെ കാരണങ്ങൾ എന്തെല്ലാം?
- പ്രളയം, മഴ, ഉരുൾപൊട്ടൽ തുടങ്ങിയവ ഉണ്ടാകുന്നത് എങ്ങനെ?
- രാത്രിയും പകലും മാറിവരുന്നത് എന്തുകൊണ്ട്?
- തൊഴിലുറപ്പു പദ്ധതിയുടെ ഫലപ്രാപ്തി എന്ത്?
- ..................................................

ഇത്തരം ചോദ്യങ്ങൾ ഉയരുമ്പോൾ ഉത്തരങ്ങൾ അന്വേഷിക്കാൻ ശ്രമിക്കുകയും കണ്ടെത്തുകയും ചെയ്യുന്നു. അജ്ഞാതമായ കാര്യങ്ങൾക്ക് ഉത്തരങ്ങൾ തേടലാണ് ഗവേഷണത്തിൽ നടക്കുന്നത്. ഇവിടെ അന്വേഷണം ക്രമീകൃതവും ശാസ്ത്രീയവും ആയിരിക്കണം. ഇത്തരത്തിൽ സാമൂഹ്യപ്രശ്ന ങ്ങൾക്ക് പരിഹാരം തേടലാണ് സാമൂഹ്യശാസ്ത്ര ഗവേഷണം.

നിരവധിയാളുകൾ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ജീവിതം തന്നെ ഗവേഷണ ത്തിനായി മാറ്റിവച്ച നിരവധി വ്യക്തിത്വങ്ങളെ നമുക്ക് പരിചിതമാണ്. ആൽബർട്ട് ഐൻസ്റ്റീൻ, അമർത്യ സെൻ, റൊമീലാഥാപർ, ഡി.ഡി. കൊസാമ്പി, തുടങ്ങിയവർ ചില ഉദാഹരണങ്ങൾ മാത്രം. ഇവരുടെ ഗവേഷണ നേട്ടങ്ങൾ മാനവ ചരിത്രം തന്നെ മാറ്റിമറിക്കുകയും സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്തു. ഇപ്പോഴും ധാരാളം പ്രതിഭകൾ നാടിനുവേണ്ടി ഗവേഷണങ്ങൾ തുടരുന്നു.

കേരള സമൂഹം നേരിടുന്ന ചില സാമൂഹ്യപ്രശ്നങ്ങൾ പട്ടികപ്പെടുത്തുക. അവയുടെ ഗവേഷണ സാധ്യത ചർച്ച ചെയ്യുക.

## സാമൂഹ്യശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ

സാമൂഹ്യശാസ്ത്രപഠനത്തിൽ ഉന്നത ബിരുദങ്ങൾ നേടുന്നതിനും ഗവേഷണ പഠനത്തിനുമായി നിര വധി സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ പ്രതിഭകൾക്ക് ഫെല്ലോഷിപ്പോടെ ഒട്ടേറെ പഠനമേഖലകൾ ലഭ്യമാണ്. ഏതാനും സ്ഥാപനങ്ങൾ പരിചയപ്പെടാം.

- ICSSR (Indian Council of Social Science Research), New Delhi.
- IIPS (International Institute of population science), Mumbai.
- TISS (Tata Institute of Social Sciences), Mumbai.
- CSDS (Centre for Study of Development Studies), New Delhi.
- CDS, (Centre for Development Studies), Thiruvananthapuram, Kerala
- KILA (Kerala Institute of Local Administration), Trichur, Kerala.
- Colleges, SCERT, DIET, Universities...
- ..................................................

ഈ സ്ഥാപനങ്ങളിലെല്ലാം സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ നിരവധി കോഴ്സുകളും ഗവേഷണ സാധ്യതകളും ലഭ്യമാണ്. രാജ്യത്തെ ഉന്നത സ്ഥാപനങ്ങളിൽ ധാരാളം തൊഴിൽ സാധ്യതകളും ഉണ്ട്.

- ICSSR, IIPS, TISS, CSDS, CDS, KILA എന്നീ സ്ഥാപനങ്ങളിലെ റിസർച്ച് പ്രോഗ്രാമുകളെക്കുറിച്ച് അന്വേഷിച്ച് വിവരങ്ങൾ ശേഖരിച്ച് പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കുക.
- കോളേജുകൾ, SCERT, DIET കൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ നടക്കുന്ന സാമൂഹ്യ ശാസ്ത്ര ഗവേഷണങ്ങളെക്കുറിച്ച് അന്വേഷിച്ച് വിവരം ശേഖരിക്കുക.

## ഗവേഷണ പ്രവർത്തനങ്ങൾ (Research works)

ഗവേഷണ പ്രവർത്തനങ്ങൾ തൊഴിൽപരമായ മെച്ചപ്പെടലിനും സാമൂഹ്യപ്രശ്നങ്ങളേയും പഠനപ്രശ്നങ്ങളേയും പരിഹരിക്കുന്നതിനും ഉതകുന്ന മാർഗ്ഗങ്ങളായാണ് മനസ്സിലാക്കേണ്ടത്. വിവിധ ക്ലാസുകളിലെ പാഠഭാഗങ്ങളുടെ അനുബന്ധമായും തുടർ അന്വേഷണത്തിന്റെ ഭാഗമായും വിദ്യാർഥികൾ ഏറ്റെടുക്കേണ്ട ഗവേഷണ പ്രവർത്തനങ്ങളെ അധ്യാപിക എന്ന നിലയിൽ മാർഗനിർദേശങ്ങൾ നൽകുകയും സഹായിയായി വർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. പഠനപ്രക്രിയയുടെ ഭാഗമായി അനുഭവപ്പെടുന്ന നിരവധി പഠനപ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കാണേണ്ടതായും വരും. ഇതുകൂടാതെ വോട്ടർ പട്ടിക പുതുക്കൽ, സെൻസസ് പ്രവർത്തനങ്ങൾ, വിവിധ സർക്കാർ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്ന സർവ്വേകൾ, കുടുംബ - സാമൂഹ്യ സർവ്വേകൾ, ആരോഗ്യസർവ്വേകൾ തുടങ്ങിയവയെല്ലാം നമ്മുടെ നാട്ടിൽ നടന്നുവരുന്നു. ഭാവിയിൽ ഉന്നത പഠനത്തിന്റെ ഭാഗമായും ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടിവരും. ഇതിനൊക്കെയുള്ള ധാരണകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഗവേഷണ പ്രവർത്തനങ്ങൾ ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്. ഇതിൽ ചിലത് മനഃശാസ്ത്രപഠനത്തിന്റെ ഭാഗമായി ഇതിനകം തന്നെ മനസ്സിലാക്കിയിട്ടുണ്ടല്ലോ.

- പ്രോജക്ട്
- കേസ് സ്റ്റഡി
- സർവ്വേ
- അഭിമുഖം
- ക്രിയാഗവേഷണം

എന്നീ അന്വേഷണാത്മക പ്രവർത്തനങ്ങളാണ് സാമൂഹ്യശാസ്ത്രപഠനത്തിന്റെ ഭാഗമായി ചർച്ചക്ക് വിധേയമാക്കുന്നത്. ഇവ ഓരോന്നും വിശദമായി മനസ്സിലാക്കാം.

## I. പ്രോജക്ട്

എന്താണ് പ്രോജക്ട്? ഒരു പഠന ലക്ഷ്യം നിർണയിച്ച് അതിനുവേണ്ട സാമഗ്രികൾ കണ്ടെത്തി ഒറ്റക്കോ കൂട്ടായോ പ്രവർത്തിച്ച് ലക്ഷ്യം നേടുകയാണ് പ്രോജക്ടിലൂടെ ചെയ്യുന്നത്. വിദ്യാലയങ്ങളിൽ പല വിഷയങ്ങളിലും പഠനപ്രോജക്ടുകൾ ചെയ്തു വരുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ പലതും വ്യക്തിഗതമാണെങ്കിലും അധ്യാപകരും രക്ഷിതാക്കളും, സഹപാഠികളും ഇതിൽ പങ്കാളികളാകുന്നുണ്ട്. അധ്യാപക വിദ്യാർഥികൾ എന്ന നിലയിലും ടീച്ചർ എന്ന നിലയിലും പ്രശ്ന പരിഹാര മാർഗമെന്ന നിലയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യേണ്ടിവരും. അന്വേഷണം, പരീക്ഷണം, നിരീക്ഷണം, ശേഖരണം, താരതമ്യം ചെയ്യൽ, നിഗമനങ്ങൾ രൂപപ്പെടുത്തൽ പ്രദർശനങ്ങൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രക്രിയകളെല്ലാം പ്രോജക്ടിന്റെ ഭാഗമായി ചെയ്യേണ്ടതുണ്ട്.

**പ്രോജക്ടിന്റെ ഘട്ടങ്ങൾ:**

**1. ഒരു പ്രശ്നം അനുഭവപ്പെടൽ**

ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള അന്വേഷണമാണ് പ്രോജക്ട് പ്രവർത്തനം. തന്റെ ചുറ്റുപാടും കാണുന്നതോ അനുഭവപ്പെടുന്നതോ ആയ നിരവധി മേഖലകളിൽ നിന്നു പ്രോജക്ട് പ്രശ്നം ഉണ്ടാകാം.

- പഠനപ്രവർത്തനങ്ങളിൽ നിന്ന്

- പാഠപുസ്തകത്തിൽ നിന്ന്
- ദൈനംദിന പ്രവർത്തനങ്ങളിൽ നിന്ന്
- സാമൂഹ്യ പ്രവർത്തനങ്ങളിൽ നിന്ന്
- സമൂഹത്തിൽ നിന്ന്
- പ്രകൃതി പ്രതിഭാസങ്ങളിൽ നിന്ന്
- ......................................

ഈ പ്രവർത്തന മേഖലകളിൽ നിന്നെല്ലാം പ്രത്യേകമായി ലഭിച്ച പ്രശ്നമാണ് പ്രോജക്ടിന് ആധാരമാവുക. ഈ പ്രശ്നം പഠന വിധേയമാക്കുമ്പോൾ അതിനുള്ള കാരണം, വിഷയം കണ്ടെത്തിയ രീതി, അതിന് തന്റെ ജീവിതവുമായോ തൊഴിൽ മേഖലയുമായോ ഉള്ള ബന്ധം, പഠനവിധേയമാക്കുന്നതിന്റെ മെച്ചങ്ങൾ തുടങ്ങിയവ പരിശോധിക്കണം.

പഠന പ്രോജക്ട് ചെയ്യുന്നതിന് മുമ്പ് ലക്ഷ്യം കൃത്യമായി നിർവ്വചിക്കണം. ഉദാഹരണമായി സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ഭാഗമായി "കേരളത്തിലെ നെൽകൃഷി കുറഞ്ഞു വരുന്നു" എന്ന പ്രശ്നം പഠനവിധേയമാക്കുകയാണെങ്കിൽ കേരളമാകെ പഠനവിധേയമാക്കാൻ പരിമിതമായ സാഹചര്യങ്ങൾ ഉപയോഗിച്ച് നിർവ്വഹിക്കുവാനാകില്ല. അതുകൊണ്ട് ലഭ്യമായ സമയം, വിഭവങ്ങൾ, സൗകര്യങ്ങൾ പരിഗണിച്ച് നമ്മുടെ പരിമിതികൾക്കും പ്രായോഗികതക്കും അനുസരിച്ച് പ്രശ്നത്തെ നിർവ്വചിച്ച് ലക്ഷ്യം പരിമിതപ്പെടുത്തണം. തുടർന്ന് തലക്കെട്ട് (ശീർഷകം) നിർണയിക്കണം അത് കൃത്യവും വ്യക്തവും ആകണം.

**2. മുൻ വിവരങ്ങളുടെ പരിശോധന**

പ്രോജക്ട് ചെയ്യുന്നതിന്റെ ഭാഗമായി അതുമായി ബന്ധപ്പെട്ട് ലഭ്യമായ മുൻ വിവരങ്ങൾ പരിശോധിക്കപ്പെടണം. ഈ പ്രശ്നം മുമ്പ് മറ്റാരെങ്കിലും പഠന വിധേയമാക്കിയിട്ടുണ്ടോ, ലഭ്യമായ വിവരങ്ങൾ എന്തെല്ലാം, എന്നു പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലൂടെ അനാവശ്യമായ ചെലവും സമയ നഷ്ടവും ഒഴിവാക്കുന്നതോടൊപ്പം സ്വന്തം പ്രശ്നത്തെ പ്രായോഗികമായി ശരിയായ രീതിയിൽ സമീപിക്കുവാനും കഴിയുന്നു. പത്രമാസികകൾ, പുസ്തകങ്ങൾ, ജേർണലുകൾ, പഠന റിപ്പോർട്ടുകൾ, ബ്ലോഗുകൾ തുടങ്ങിയവയെല്ലാം ഇതിനായി ഉപയോഗപ്പെടുത്താം.

**3. പരികല്പന രൂപപ്പെടുത്തൽ**

- മുൻ വിവരങ്ങളുടെ പരിശോധനയിൽ നിന്ന്
- പ്രാഥമിക പ്രശ്ന വിശകലനത്തിൽ നിന്ന്
- ബുദ്ധിപരമായ ഊഹത്തിൽ നിന്ന്
- മുൻപഠന റിപ്പോർട്ടുകളിൽ നിന്ന്
- നിലവിലുള്ള സിദ്ധാന്തങ്ങളിൽ നിന്ന്
- മുൻ അനുഭവങ്ങളിൽ നിന്ന്
- .........................................

ഇവയിൽ ഏതെങ്കിലും സാഹചര്യങ്ങളിൽ നിന്നും ഊഹിക്കപ്പെടുന്ന ഉത്തരമാണ് പരികല്പന. ഇതുവഴി പ്രശ്നത്തിന് പരിഹാരം തേടാനുള്ള വഴി തുറന്നു കിട്ടുന്നു. പരികല്പന പ്രസ്താവന രൂപത്തിൽ ലളിതവും വ്യക്തവുമായിരിക്കണം. പരികല്പന പരിശോധിക്കാൻ കഴിയുന്നതും സ്വീകരിക്കാനും തള്ളിക്കളയാനും സാധ്യതയുള്ളതുമാണ്.

**4. ശേഖരിക്കേണ്ട വിവരങ്ങളെ തീരുമാനിക്കൽ**

രൂപീകരിച്ച പരികല്പന ശരിയോ തെറ്റോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ, പരിശോധിക്കേണ്ട ഘടകങ്ങൾ എന്നിവ കൃത്യമാക്കേണ്ടതുണ്ട്. ഒരു ഘടകം മറ്റൊരു ഘടകത്തെ ബാധിക്കുന്നുണ്ടാവാം. ഉദാഹരണത്തിന് "കേരളത്തിലെ നെൽകൃഷി കുറഞ്ഞു വരുന്നു" എന്ന പ്രശ്നത്തിന് പല ഘടകങ്ങളുടെ സ്വാധീനമുണ്ടാകും.

- നെൽകൃഷി ലാഭകരമല്ലാത്തത്
- തൊഴിലാളികളുടെ ലഭ്യതക്കുറവ്
- കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്
- കൂലി കൂടുതൽ
-

ഇത്തരം ഘടകങ്ങളെ /ചരങ്ങളെ പരിഗണിച്ചുകൊണ്ട് പരികല്പനകളെ ശരിയോ തെറ്റോ എന്നു പരിശോധിക്കലാണ് പ്രോജക്ടിന്റെ പ്രധാനഘട്ടം. ഇത്തരം പരിശോധനാ ഘടകങ്ങളെ തിരിച്ചറിയലാണ് പ്രധാനം. ഇതിലൂടെ അന്വേഷണ മേഖലകളെ കൃത്യതപ്പെടുത്തുവാനാവുന്നു.

**5. അന്വേഷണ രൂപരേഖ തയാറാക്കൽ**

പരികല്പനയെ പരിശോധനക്ക് വിധേയമാക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിച്ച്, വിശകലനം ചെയ്ത് വിവിധ ചരങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കി തള്ളുകയോ കൊള്ളുകയോ ചെയ്യുന്നതിനുള്ള ഒരു രൂപരേഖ തയാറാക്കണം. രൂപരേഖയിൽ വിവരങ്ങളുടെ അളവ്, തരം, ശേഖരണമാർഗം തുടങ്ങിയവയുണ്ടാകണം.

- പ്രൊജക്ട് പൂർത്തിയാക്കാൻ എന്തെല്ലാം ചെയ്യണം?
- ആരെല്ലാം എന്തെല്ലാം പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു?
- എത്ര സമയത്തിനുള്ളിൽ ഓരോ പ്രവൃത്തിയും ചെയ്യണം?
- സാമ്പത്തികാവശ്യങ്ങൾ എന്തെല്ലാം?

തുടങ്ങിയ എല്ലാ കാര്യങ്ങളും, വിശദമായി തീരുമാനിച്ച് ആസൂത്രണ രൂപരേഖ പൂർത്തിയാക്കണം. ഇതനുസരിച്ച് ഒരു പ്രവർത്തന കലണ്ടർ തയാറാക്കുകയും വേണം.

**6. വിവരശേഖരണ ടൂളുകൾ തയാറാക്കൽ**

ശേഖരിക്കേണ്ടതും അന്വേഷിക്കേണ്ടതുമായ വിവരങ്ങളുടെ രീതി, സ്വഭാവം എന്നിവ അനുസരിച്ച് വിവരശേഖരണ ടൂളുകൾ, സാമഗ്രികൾ രൂപപ്പെടുത്തലാണ് അടുത്ത ഘട്ടം.

പരീക്ഷണം, നിരീക്ഷണം, ഫീൽഡ് സന്ദർശനം, ഇന്റർവ്യൂ, സർവ്വേ തുടങ്ങിയ രീതികളാണ് പൊതുവെ സ്വീകരിക്കാറുള്ള രീതികൾ.

വിവരശേഖരണത്തിനായി വിവിധ സാമഗ്രികളും തയാറാക്കുന്നു. സാമഗ്രികൾ ചുവടെ പറയുന്നവയാവാം.

- സർവ്വേ ഫോറം
- ചോദ്യാവലി
- അളവുപകരണങ്ങൾ
- ക്യാമറ
- ശബ്ദം റിക്കോർഡിംഗ് ഉപകരണം

**7. വിവരശേഖരണം**

നിരീക്ഷണം, പരീക്ഷണം, സർവ്വേ, ഫീൽഡ് സ്റ്റഡി, ഇന്റർവ്യൂ തുടങ്ങിയവയെല്ലാം വിവരശേഖരണ മാർഗങ്ങളാണ്. യോജിച്ച ടൂളുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവരശേഖരണം നടത്താം. സാമ്പിൾ തെരഞ്ഞെടുക്കുകയെന്നത് ഈ ഘട്ടത്തിൽ വളരെ പ്രധാനമാണ്. സാമ്പിൾ തെരഞ്ഞെടുക്കുമ്പോൾ സമൂഹത്തിന്റെ എല്ലാത്തരം വ്യക്തിഗത യൂണിറ്റുകളേയും പ്രതിനിധാനം ചെയ്യുന്ന പരിഛേദം ആയിരിക്കണം. വിവരശേഖരണ വ്യാപ്തി കൂടുതലാവുമ്പോൾ വിവരശേഖരണം പ്രയാസമാകുന്നു. ഇതു പരിഹരിക്കാനാണ് മുഴുവൻ സമൂഹത്തെയും പ്രതിനിധീകരിക്കുന്ന പരിഛേദമായി ചെറിയ ഗ്രൂപ്പിനെ തീരുമാനിക്കുന്നത്.

ഉദാഹരണമായി "കേരളത്തിലെ നെൽകൃഷി കുറഞ്ഞു വരുന്നു" എന്ന പ്രശ്നത്തിന്റെ കാരണങ്ങളും പരിഹാരവും കണ്ടെത്താൻ 14 ജില്ലകളിൽ നിന്നും വിവരങ്ങൾ ലഭിക്കണം. ഇത് ഒരു ജില്ലയിലെ പ്രശ്നമായിട്ട് ചുരുക്കിയാൽ യഥാർഥ കാരണങ്ങൾ കണ്ടെത്താനാവില്ല. അതിനാൽ എല്ലാ ജില്ലകളേയും പ്രതിനിധീകരിക്കുന്ന സാമ്പിൾ തീരുമാനിക്കണം. എന്നാൽ ജില്ലയിലെ മാത്രം പ്രശ്നമായി ചുരുക്കുകയും ചെയ്യാം. സവിശേഷ സാഹചര്യങ്ങളുള്ള ഓരോ മേഖലയിൽ നിന്നും ഏതാനും സാമ്പിളുകൾ ശേഖരിക്കാം. ജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ നിശ്ചിത വാർഡുകളിലെ ഏതാനും കർഷകരെ സാമ്പിളുകളായി തീരുമാനിക്കാം.

2000 കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിലെ "ഹാജരില്ലായ്മ" എന്ന പ്രശ്നത്തിന് പരിഹാരമന്വേഷിക്കുകയാണെങ്കിൽ ഓരോ ക്ലാസിലേയും ഓരോ ഡിവിഷനിലേക്കും ഡിവിഷനിലെ വിവിധ വിഭാഗം തിരിച്ച് ഏതാനും കുട്ടികളിലേക്കും സാമ്പിൾ ചുരുക്കാൻ സാധിക്കുന്നു.

വിവരശേഖരണം ആരംഭിക്കുന്നതു മുതൽ പ്രോജക്ട് ഡയറി എഴുതി തുടങ്ങാം. പ്രവർത്തനാരംഭം മുതൽ അവസാനം വരെ എല്ലാ കാര്യങ്ങളും കുറിച്ചു വയ്ക്കുന്ന ബുക്കാണ് പ്രോജക്ട് ഡയറി. ഇത് പിന്നീട് റിപ്പോർട്ട് തയാറാക്കുന്നതിന് ഉപയോഗപ്പെടുത്താം.

**പ്രോജക്ട് റിപ്പോർട്ടിംഗ്**

ചെയ്ത പ്രവർത്തനങ്ങളും ലഭിച്ച വിവരങ്ങളും അപഗ്രഥന വിശദാംശങ്ങളും നിഗമനങ്ങളും മറ്റുള്ളവർക്ക് മനസ്സിലാക്കാവുന്ന വിധത്തിൽ എഴുതി തയാറാക്കുന്നതാണ് പ്രോജക്ട് റിപ്പോർട്ട്. റിപ്പോർട്ടിന് അംഗീകരിക്കപ്പെട്ട ഘടന പാലിക്കേണ്ടതുണ്ട്. ഉള്ളടക്കത്തിലുൾപ്പെടുത്തേണ്ടത് എന്തെല്ലാം? ശീർഷകം, സംഗ്രഹം, ആമുഖം, ഉദ്ദേശ്യങ്ങൾ, മുൻപഠനങ്ങളുടെ പരിശോധന, പഠനരീതി, ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണം ഉപസംഹാരം നിഗമനം, അവലംബം, മുതലായവ ഉൾപ്പെടുത്തിയിരിക്കണം.

**പ്രാഥമിക ഭാഗം**

**1. ശീർഷകം (തലക്കെട്ട്)**

ലളിതമായിരിക്കണം

വിഷയവും പരിശോധനാ ഘടകങ്ങളും പ്രതിഫലിക്കുന്നതായിരിക്കണം.

പരമാവധി 15 വാക്കുകൾ വരെയാകാം.

ഗവേഷകന്റെ പേരും സ്ഥാപനത്തിന്റെ പേരും ഉണ്ടായിരിക്കണം.

2. നന്ദിപൂർവ്വം (ഉണ്ടെങ്കിൽ)

3. സാക്ഷ്യപത്രം

4. ഉള്ളടക്കം

**5. സംഗ്രഹം**

- പ്രോജക്ടിന്റെ വിഷയസംബന്ധമായ ഒരു ലഘുവിവരണം
- ലളിതവും വായനാതാൽപര്യം ഉണ്ടാക്കുന്നതും ആവണം.
- പരമാവധി 120 വാക്കുകളിൽ മതിയാകും.
- പ്രശ്നം, അന്വേഷണരീതി, സാമ്പിളിന്റെ വിവരങ്ങൾ, ഉപാധികൾ, പഠനഫലം, നിഗമനങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളണം.

| |
|---|
| സംഗ്രഹത്തിന്റെ വായനയിലൂടെയാണ് വായിക്കുന്നയാൾ തുടർന്ന് വായിക്കണോ എന്ന് തീരുമാനിക്കുന്നത്. |

**മുഖ്യഭാഗം**

**1. ആമുഖം**

- അനുഭവപ്പെട്ട പ്രശ്നം, പശ്ചാത്തലം, പ്രസക്തിയും പ്രാധാന്യവും
- ബന്ധപ്പെട്ട മുന്നറിവുകൾ
- അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങൾ
- രീതിശാസ്ത്രം
- പരികല്പന പ്രസ്താവിക്കൽ
- അനുമാനങ്ങൾ
- പരിമിതികൾ
- പ്രത്യേക പദങ്ങളുടെ നിർവചനം

**2. സമാന പ്രശ്നങ്ങളുടെ ലഭ്യമായ മുന്നറിവുകൾ:**

വിവരണങ്ങൾ, പട്ടികകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, ചാർട്ടുകൾ മുതലായവ ഉൾപ്പെടുത്താം.

**3. പഠനരീതി**

- ഗവേഷണ രൂപരേഖയുടെയും രീതിശാസ്ത്രത്തിന്റെയും വിവരണം
- വിവരശേഖരണത്തിന്റെ ഉറവിടം
- സാമ്പിൾ നടപടിക്രമം (Sampling Methods)
- വിവരശേഖരണ ഉപാധികൾ, രീതികൾ (Tools and Techniques)
- വിശകലന രീതികൾ (Analysis Methods) (വിവരശേഖരണ ടൂളുകളുടെ പൂർണരൂപം അനുബന്ധമായി ചേർക്കുന്നതാവും നല്ലത്)

**4. വിവരങ്ങളുടെ അപഗ്രഥനം**

- തരം തിരിച്ച് ക്രോഡീകരിച്ച പട്ടികകൾ (Table Nos.)
- ഗ്രാഫുകളാക്കി മാറ്റാവുന്നവയുടെ ഗ്രാഫുകൾ (Graph Nos.)
- എല്ലാ വിവരങ്ങളും പൂർണരൂപത്തിൽ മതിയായ തലക്കെട്ടുകൾ സഹിതം അവതരിപ്പിക്കണം.
- നിഗമനങ്ങൾ ചുരുക്കി അവതരിപ്പിക്കാം.
- പരികൽപ്പനയുമായുള്ള ബന്ധം വിശദമാക്കാം.
- ആവശ്യമായ ചിത്രങ്ങൾ അടിക്കുറിപ്പുകളോടെ ചേർക്കാം.

**5. ഉപസംഹാരം/നിഗമനം**

- പഠനഫലങ്ങളുടെ ചുരുക്കം - പരികല്പന ബന്ധം
- ഇനിയും പഠനവിധേയമാക്കേണ്ടവ
- പഠനത്തിന്റെ പരിമിതികൾ
- പഠനത്തിന്റെ നേട്ടം, പുതിയ കണ്ടെത്തലുകൾ, പ്രായോഗികത...
- പുതിയ നിർദേശങ്ങൾ...
- തുടർപ്രവർത്തന സാധ്യതകൾ
- ...........

**6. അവലംബം**

വിവരങ്ങൾ ലഭിച്ച സ്രോതസ്സുകൾ, പുസ്തകങ്ങൾ - രചയിതാക്കൾ, പ്രസിദ്ധീകരണം

**7. അനുബന്ധം**

ചിത്രങ്ങൾ, ചോദ്യാവലികൾ, സർവ്വേ ഫോർമാറ്റുകൾ മുതലായവ

**8. ശേഖരിച്ച വിവരങ്ങളുടെ അപഗ്രഥനം**

ശേഖരിച്ച വിവരങ്ങളെ അപഗ്രഥിച്ചാണ് നിഗമനങ്ങൾ രൂപപ്പെടുത്തുന്നത്. ഇതുവഴി വിവരങ്ങളെ തരംതിരിക്കലാണ് ആദ്യശ്രമം.

- "നെൽകൃഷി കുറഞ്ഞുവരുന്ന" പ്രശ്നത്തിൽ കർഷകർ, കർഷകത്തൊഴിലാളികൾ, അധികാരികൾ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവരിൽ നിന്നെല്ലാം വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടാവാം. ഇവയെല്ലാം തരംതിരിക്കേണ്ടതുണ്ട്.

വിദ്യാലയത്തിലെ 'ഹാജരില്ലായ്മ' യാണ് പഠനവിഷയമെങ്കിൽ വിവിധ ക്ലാസുകളിലെ ഹാജർ വിവരങ്ങൾ, വിഭാഗം തിരിച്ചുള്ള പട്ടികകൾ, രക്ഷിതാക്കളിൽ നിന്നുള്ള വിവരങ്ങൾ തുടങ്ങിയവയെ ക്രോഡീകരിക്കണം.

പട്ടികകളേയും അളവുകളേയും ക്രോഡീകരിച്ച് ഗ്രാഫുകളുടേയും ഗണിത ക്രിയകളുടെയും അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് നിഗമനത്തിലെത്തണം.

**9. പരികല്പനയുടെ അടിസ്ഥാനത്തിൽ പരിശോധന**

എത്തിച്ചേർന്ന നിഗമനങ്ങളെയും വ്യാഖ്യാനങ്ങളെയും ആദ്യം രൂപീകരിച്ച പരികല്പനയുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്ന ഘട്ടമാണിത്. ചിലപ്പോൾ പരികല്പനയുമായി യോജിക്കുന്നതാവാം. അല്ലെങ്കിൽ തള്ളിക്കളയുന്നതാവാം.

**10. നിഗമനത്തിൽ എത്തിച്ചേരൽ**

പ്രോജക്ട് പ്രവർത്തനത്തിന്റെ സമാപനഘട്ടമാണിത്. പരികല്പന സ്വീകരിക്കപ്പെടുകയോ തള്ളികളയുകയോ ചെയ്യാം. പുതിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുതിയ പരികല്പന രൂപപ്പെടുകയോ പുതിയ സിദ്ധാന്തം രൂപപ്പെടുകയോ ചെയ്യാം. ചിലപ്പോൾ നിലവിലുള്ള അറിവ് പരിഷ്ക്കരിക്കപ്പെടുകയോ ചെയ്യാം.

| |
|---|
| പ്രോജക്ടിനായി ഏറ്റെടുക്കാൻ സാധ്യമായ ഒരു പ്രശ്നം കണ്ടെത്തി പ്രവർത്തന രൂപരേഖ തയാറാക്കുക. |

## II. കേസ് സ്റ്റഡി (Case study)

സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സാധാരണയായി ഉപയോഗപ്പെടുത്തുന്ന ഒരു ഗവേഷണ രീതിയാണ് കേസ് പഠനം. ഒരു പ്രതിഭാസത്തെ അതിന്റെ യഥാർഥ ജീവിത സന്ദർഭത്തിൽ അന്വേഷിക്കുന്ന ഗവേഷണ തന്ത്രവും അനുഭവപരമായ അന്വേഷണവുമാണത്. പഠന വിധേയമാക്കുന്ന കേസ്, ഒരു നിർദിഷ്ട സമയത്തും സ്ഥലത്തും നിലവിലുള്ള വ്യക്തിയുടെയോ ഗ്രൂപ്പിന്റെയോ സമൂഹത്തിന്റെയോ ഒരു സ്ഥാപനത്തിന്റെയോ ആവാം. വിവരണാത്മകവും പര്യവേഷണപരവുമായ വിശകലനമാണ് ഇത്. ഒരു കേസിന്റെ പുനഃരവലോകനം, കൂടുതൽ അന്വേഷണം, ഒന്നിലധികം കേസ്സുകളുടെ അന്വേഷണം തുടങ്ങിയ സൈദ്ധാന്തിക നിർദേശങ്ങളുടെയും മുൻകാലാനുഭവങ്ങളുടെയും പിൻബലത്തിൽ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതാണ് കേസ് സ്റ്റഡികൾ.

ഒരു അധ്യാപികയെ സംബന്ധിച്ചിടത്തോളം, ഫലപ്രദമായ പഠനം ഉറപ്പുവരുത്തുന്നതിന് തടസ്സമാകുന്ന നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നേക്കാം. തന്റെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുന്നതിന് ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ക്ലാസിനകത്തും പുറത്തും പ്രത്യേക തരത്തിലുള്ള ചില പെരുമാറ്റ പ്രശ്നങ്ങൾ പ്രകടിപ്പിക്കുന്ന കുട്ടികളെ  പരിഗണിക്കാം. എന്തൊക്കെയാവാം പ്രശ്നങ്ങൾ?

- ചില കുട്ടികളുടെ സ്ഥിരമായ ഹാജരില്ലായ്മ
- ആരോഗ്യപ്രശ്നങ്ങൾ
- സാമൂഹ്യപരമായ ഒറ്റപ്പെടലുകൾ
- പഠന പ്രശ്നങ്ങൾ
- ചില വിഷയങ്ങളുടെ പഠന പിന്നാക്കാവസ്ഥ
- പഠനോപകരണങ്ങൾ കൊണ്ടുവരുന്നില്ല
- ഹോം വർക്കുകൾ ഏറ്റെടുക്കുന്നില്ല

ചിലപ്പോൾ വ്യക്തിഗതം മാത്രമല്ല, ഒരു ഗ്രൂപ്പിന്റെ/ഒരു ക്ലാസിന്റെ/വിദ്യാലയത്തിന്റെ/ഒരു സമൂഹത്തിന്റെ തന്നെ പ്രശ്നങ്ങളായിരിക്കാം ഇത്തരത്തിൽ കണ്ടെത്താനാവുക. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, അധ്യാപികയെ സംബന്ധിച്ചിടത്തോളം അന്വേഷണവും വിശകലനവും നടത്തേണ്ടി വരും. പ്രശ്നപരിഹരണത്തിന്റെ ഭാഗമായി കുറേക്കൂടി ഉയർന്ന തലത്തിൽ പ്രശ്നങ്ങൾ പഠിക്കേണ്ടി വരുന്നു. ഇതിന് കേസ്പഠന ഗവേഷണം പ്രയോജനപ്പെടുത്താം.

കേസ്പഠന ഗവേഷണത്തിൽ നിരീക്ഷണത്തിനും വിവരശേഖരണത്തിനും ഏറെ പ്രാധാന്യമുണ്ട്. ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കേണ്ടതുമുണ്ട്.

- ആളുകൾ എന്തു പറയുന്നു?
- ആളുകൾ എന്തു ചെയ്യുന്നു?
- ........................................

എന്ന് നിരീക്ഷിക്കുകയും ചോദിച്ചറിയുകയും ചെയ്യേണ്ടിവരും വിവരശേഖരണത്തിനായി ചോദ്യാവലികളും നിരീക്ഷണ ഫോർമാറ്റുകളും ആവശ്യമാകും. ഗ്രൂപ്പിനൊപ്പം പ്രവർത്തനങ്ങളിൽ പങ്കാളിയായും പുറമെ നിന്നുള്ള നിരീക്ഷകനായും വിവരശേഖരണം നടത്താം. പ്രധാന പ്രവർത്തന ഘട്ടങ്ങൾ എന്തെല്ലാം എന്നു പരിശോധിക്കാം.

**പ്രവർത്തന ഘട്ടങ്ങൾ:**

- കേസ്/പ്രശ്നം തിരിച്ചറിയൽ - പ്രശ്നവിശകലനം
- വിവരശേഖരണം - ടൂളുകൾ തയാറാക്കൽ
- ശേഖരിച്ച വിവരങ്ങളെ അപഗ്രഥിക്കൽ
- നിഗമനങ്ങൾ, നിർദേശങ്ങൾ രൂപപ്പെടുത്തൽ
- കേസ് സ്റ്റഡി റിപ്പോർട്ട് തയാറാക്കൽ (പ്രശ്നം, ശേഖരിച്ച വിവരങ്ങൾ, അപഗ്രഥനം, നിഗമനങ്ങൾ, നിർദേശങ്ങൾ...)
- പരിഹാര പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
- .......................................................

**കേസ് സ്റ്റഡിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ റഫറൻസിലൂടെ കണ്ടെത്തി അവതരിപ്പിക്കുക.**

**വിദ്യാലയനുഭവ പരിപാടിയിൽ വിദ്യാലയത്തിൽ അനുഭവപ്പെട്ട ഒരു പഠനപ്രശ്നം കേസ് സ്റ്റഡിയായി ഏറ്റെടുക്കുക.**

### III. സർവ്വേ (Survey)

പ്രശ്ന പരിഹാരത്തിനായി വിവിധ തലങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനമാണ് സർവ്വേ.

ഉദാ: ഒരു കോളനിയിലെ കുടിവെള്ളത്തിന്റെ ലഭ്യത സംബന്ധിച്ച സർവെ.

- ഒരു പ്രദേശത്തെ വൈദ്യുതിയുടെ ഉപഭോഗം സംബന്ധിച്ച സർവേ.

**സർവെയുടെ വിവിധ ഘട്ടങ്ങൾ:**

- പ്രശ്നം അനുഭവപ്പെടൽ
- വിഷയം തെരഞ്ഞെടുക്കൽ
- ആസൂത്രണ പദ്ധതി തയാറാക്കൽ
- സാംപിൾ നിശ്ചയിക്കൽ
- സർവ്വേ ഫോർമാറ്റ് തയാറാക്കൽ
- സർവ്വേ ഫോം ഉപയോഗിച്ച് വിവരശേഖരണം
- ശേഖരിച്ച വിവരങ്ങളെ ക്രോഡീകരിച്ച് രേഖപ്പെടുത്തൽ
- അപഗ്രഥിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ
- സർവ്വേ റിപ്പോർട്ട് തയാറാക്കൽ (പ്രശ്നം, വിഷയം, പ്രവർത്തനപദ്ധതി, ശേഖരിച്ച വിവരങ്ങൾ അപഗ്രഥനം, നിഗമനങ്ങൾ, നിർദേശങ്ങൾ)
- കണ്ടെത്തലുകളുടെയും നിർദേശങ്ങളുടെയും അവതരണം

എന്നീ ഘട്ടങ്ങളിലൂടെയാണ് ഒരു സർവ്വേ പ്രവർത്തനം പൂർത്തിയാകുന്നത്. ഗവേഷണത്തിന്റെ ഭാഗമായും പ്രോജക്ട് പ്രവർത്തനത്തിന്റെ ഭാഗമായും സർവ്വേ നടത്തേണ്ടി വന്നേക്കാം. പ്രധാനമായും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയാണ് സർവ്വേയിലൂടെ സാധ്യമാകുന്നത്.

### IV. അഭിമുഖം (Interview)

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ധാരാളം വിവരങ്ങൾ ശേഖരിക്കേണ്ടിവരും. ആവശ്യമായ വിവരങ്ങൾ ആധികാരികമായ വിഭവ സ്രോതസ്സുകളിൽ നിന്നു തന്നെ ശേഖരിക്കേണ്ടതുണ്ട്. പഠനപ്രവർത്ത

നത്തിന്റെ ഭാഗമായും പ്രശ്നപരിഹാരത്തിനുവേണ്ടി വ്യക്തികളിൽ നിന്നും വിവരശേഖരണത്തിനായി നടത്തുന്ന കൂടിക്കാഴ്ചയാണ് അഭിമുഖം. ചില സന്ദർഭങ്ങൾ പരിശോധിക്കുക.

- രാഷ്ട്രതന്ത്ര പഠനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തു ഭരണ സംവിധാനം, ഭരണഘടന, ഉപഭോക്തൃ നിയമങ്ങൾ തുടങ്ങിയവ വിനിമയം ചെയ്യേണ്ടിവരുമ്പോൾ ജനപ്രതിനിധികൾ, ഭരണാധികാരികൾ വക്കീലന്മാർ തുടങ്ങിയവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നത് കൂടുതൽ ഫലപ്രദമാകും.
- കല, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട് നൃത്തരൂപങ്ങളോ, സംഗീത ഉപകരണങ്ങളോ പരിചയപ്പെടുത്തേണ്ടിവരുമ്പോൾ ഈ മേഖലയിലെ വിദഗ്ധന്റെ സേവനം ഉപയോഗപ്പെടുത്താം.
- പ്രാദേശിക ചരിത്രാന്വേഷണത്തിന്റെ ഭാഗമായി, ചരിത്രത്തിന്റെ രീതിശാസ്ത്രവും കാലപ്പഴക്ക നിർണയ രീതികളും പരിചയപ്പെടുത്താൻ ചരിത്രകാരന്റെയോ ആർക്കിയോളജി വകുപ്പിന്റെയോ സഹായം ഉപയോഗിക്കുമ്പോൾ ആധികാരികമായ വിവരങ്ങളാവും ലഭിക്കുക.
- ഒരു പ്രദേശത്തുള്ള കാർഷികമേഖലയിലെ പ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതിന് കർഷകനുമായി അഭിമുഖം നടത്തേണ്ടി വരും.

ഇത്തരം പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിവരശേഖരണം നടത്തുന്നതിനും വിവിധ മേഖലകളിൽ അധ്യാപിക എന്ന നിലയിൽ തന്റെ അറിവും നൈപുണികളും മെച്ചപ്പെടുത്തുന്നതിനും അഭിമുഖം പ്രയോജനപ്പെടുത്താവുന്നതാണ്.

**അഭിമുഖത്തിന് തയാറെടുക്കൽ ഘട്ടങ്ങൾ, പ്രക്രിയകൾ:**

- പ്രശ്നം/വിഷയം തെരഞ്ഞെടുക്കൽ
- ആസൂത്രണം (അഭിമുഖത്തിനുള്ള വ്യക്തിയെ നിശ്ചയിക്കൽ, ചോദ്യാവലി തയാറാക്കൽ, സ്ഥലം, തീയതി, സമയം നിശ്ചയിക്കൽ, ചുമതലകൾ നൽകൽ...)
- നിർവ്വഹണം
  - അഭിമുഖകാരനെ ക്ലാസിലേക്ക് കൊണ്ടുവന്നോ യഥാർഥ സാഹചര്യത്തിൽ സന്ദർശനം നടത്തിയോ ആകാം.
  - അഭിമുഖ ചോദ്യാവലി ഉപയോഗിച്ച് ചോദ്യങ്ങൾ ചോദിച്ച് മറുപടികൾ തത്സമയം രേഖപ്പെടുത്തണം.
- അപഗ്രഥനം
  - അഭിമുഖകാരനിൽ നിന്നും ലഭിച്ച വിവരങ്ങളെ പ്രശ്ന പരിഹാരത്തിനനുസരിച്ച് അപഗ്രഥിച്ച് നിഗമനങ്ങളിലെത്തൽ.
- അഭിമുഖ റിപ്പോർട്ട് തയാറാക്കൽ, അവതരണം.
  - വിഷയം
  - ആസൂത്രണം
  - അഭിമുഖ വിവരങ്ങൾ
  - ഉന്നയിച്ച ചോദ്യങ്ങൾ - വിശദീകരണങ്ങൾ
  - നിഗമനങ്ങൾ, നിർദേശങ്ങൾ.

**പഠനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രശ്നം കണ്ടെത്തുക. ഇതിന് പരിഹാരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി ഒരു അഭിമുഖം സംഘടിപ്പിച്ച് റിപ്പോർട്ട് തയാറാക്കുക.**

### V. ക്രിയാ ഗവേഷണം (Action Research)

അധ്യാപകർക്ക് ക്ലാസ് മുറിക്കകത്തും പുറത്തും പലപ്രശ്നങ്ങളും നേരിടേണ്ടി വരാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശാസ്ത്രീയമായ അന്വേഷണമാണ് ആക്ഷൻ റിസർച്ച്. വ്യക്തിഗതമായും സംഘമായും വിദ്യാലയം ഒന്നിച്ചും ആക്ഷൻ റിസർച്ച് ഏറ്റെടുക്കാവുന്നതാണ്.

"Action Research is the process by which practitioners attempt to study their problems scientifically in order to guide, correct and evaluate their decisions and actions."

*- Stephen corey*


ടീച്ചറെന്ന നിലയിൽ ക്ലാസിലെ പ്രശ്നങ്ങളും ടീച്ചർ ട്രെയ്നിയെന്ന നിലയിൽ വിദ്യാലയ അനുഭവ പരിപാടിയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും ഏറ്റെടുത്ത് പഠന വിധേയമാക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.

ചില ക്രിയാഗവേഷണ വിഷയങ്ങൾ...

- പഠനതന്ത്രങ്ങളുടെ ഫലപ്രാപ്തി
- പഠന ആവശ്യങ്ങൾ
- പെരുമാറ്റ പ്രശ്നങ്ങൾ
- ചില വിഷയങ്ങളോടുള്ള താൽപര്യമില്ലായ്മ
- ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗം
- രക്ഷിതാക്കളുടെ പങ്കാളിത്തം
- തൊഴിൽപരമായ താൽപര്യങ്ങൾ
- അഭിപ്രേരണ ഇല്ലായ്മ

തൊഴിൽപരമായി മെച്ചപ്പെടലിനായി സ്വന്തം പ്രവർത്തന മേഖലയിലുള്ള പ്രശ്നങ്ങളാണ് ആക്ഷൻ റിസർച്ചിന് തെരഞ്ഞെടുക്കാറുള്ളത്. പ്രവർത്തനത്തിന്റെ സ്വഭാവമനുസരിച്ച് ഒറ്റക്കും കൂട്ടായും ഗവേഷണം ഏറ്റെടുക്കാം. ഗവേഷണപരമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ധാരണകളിലും പ്രവർത്തനത്തിലും മാറ്റങ്ങൾ വരുത്തുകയും നില മെച്ചപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് ക്രിയാഗവേഷണത്തിൽ ചെയ്യുന്നത്. തുടർന്നും പ്രശ്ന പരിഹാരത്തിനായി നിരന്തരം ഗവേഷണം ഏറ്റെടുക്കേണ്ടി വരാം.

**ക്രിയാഗവേഷണത്തിന്റെ പ്രക്രിയ**



**ഘട്ടങ്ങൾ**

- പ്രശ്നം അനുഭവപ്പെടൽ
- പ്രശ്നകാരണങ്ങൾ വിശകലനം ചെയ്യൽ
- ക്രിയ പരികല്പന രൂപപ്പെടുത്തൽ
- പ്രവർത്തന പദ്ധതി തയാറാക്കൽ
- പ്രീ-ടെസ്റ്റ് നടത്തൽ
- പരിഹാര പ്രവർത്തനങ്ങൾ ചെയ്യൽ
- പോസ്റ്റ് ടെസ്റ്റ് നടത്തൽ
- പ്രീടെസ്റ്റ് - പോസ്റ്റ് ടെസ്റ്റ് ഫല വിശകലനം
- നിഗമനങ്ങളും നിർദേശങ്ങളും രൂപീകരിക്കൽ
- ക്രിയാഗവേഷണ റിപ്പോർട്ട് തയാറാക്കൽ

**റിപ്പോർട്ട് - ഘടന**

- പ്രശ്നം
- പരികല്പന
- പ്രവർത്തനങ്ങൾ
- പ്രീടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് ഫലങ്ങൾ
- നിഗമനങ്ങൾ - നിർദേശങ്ങൾ

- ഫലങ്ങളുടെ അവതരണം

ഈ പ്രവർത്തന ഘട്ടങ്ങളിലൂടെ കടന്നാണ് ഒരു ആക്ഷൻ റിസർച്ച് പഠനം പൂർത്തിയാക്കുന്നത്.

**സ്കൂൾ അനുഭവ പരിപാടിയുടെ ഭാഗമായി വിദ്യാലയത്തിൽ നിന്നും ക്രിയാഗവേഷണ ത്തിനായി ഒരു പ്രശ്നം തെരഞ്ഞെടുത്ത് ക്രിയാഗവേഷണം നടത്തുക.**

ഈ യൂണിറ്റിലൂടെ ചർച്ച ചെയ്ത പ്രധാനാശയങ്ങൾ:

- എന്താണ് ഗവേഷണം? ഗവേഷണത്തിന്റെ പ്രാധാന്യം.
- സാമൂഹ്യശാസ്ത്ര ഗവേഷണവും പ്രശ്ന പരിഹാരവും.
- സാമൂഹിക പ്രശ്നങ്ങളും പഠന പ്രശ്നങ്ങളും
- സാമൂഹ്യശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ
- ഗവേഷണ പ്രവർത്തനങ്ങൾ - പ്രോജക്ട്, കേസ് സ്റ്റഡി, സർവ്വേ, അഭിമുഖം, ക്രിയാഗവേഷണം
- ഗവേഷണ റിപ്പോർട്ട് തയാറാക്കൽ

## Reference Books (അധിക വായനയ്ക്ക്)


1. Strategies & Techniques in Social science Research - R B Rathod, ABD Publishers, New Delhi (Editor 2010).
2. Case study Research Methods - Bill Gill Ham Continuum, London.2005. (Printed and bound by Brijbasi Art Press Ltd. UP.Noida)
3. Action Research Vol.16.December.2018.Editor in chief - Hilary Bradbury.Ph.D.
4. Social Research Methods - BA Sociology, University of Calicut.

# യൂണിറ്റ് 4

## സാമൂഹ്യശാസ്ത്രം സ്കൂൾ അനുഭവ പരിപാടി

### ആമുഖം

നാലാം സെമസ്റ്ററിൽ യു.പി. വിഭാഗം ക്ലാസുകൾ കേന്ദ്രീകരിച്ചുള്ള സ്കൂൾ അനുഭവ പരിപാടികളാണ് നടക്കേണ്ടത്. ഇതിനായി 45 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രായോഗികാനുഭവ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഡിസംബർ ആദ്യം മുതൽ ഫെബ്രുവരി 15 വരെയുള്ള ദിവസങ്ങളിൽ സമയക്രമം നിശ്ചയിക്കണം. മൂന്നാം സെമസ്റ്ററിൽ ചെയ്ത മുന്നൊരുക്ക പ്രവർത്തനങ്ങൾ എല്ലാം യു.പി. തലം കേന്ദ്രീകരിച്ച് നടക്കണം.

വിദ്യാലയം, അധ്യാപകർ, വിദ്യാർഥികൾ, സമൂഹം എന്നിവയുമായി ബന്ധപ്പെട്ട ഒരു സാമൂഹിക പ്രക്രിയയാണ് വിദ്യാലയങ്ങളിൽ നടക്കുന്നത്. അധ്യാപക വിദ്യാർഥി എന്ന നിലയിൽ നേടിയ ആശയധാരണകളും ബോധനശാസ്ത്രപരമായ കാഴ്ചപ്പാടുകളും പ്രയോഗിച്ചുനോക്കി - പ്രായോഗിക അനുഭവങ്ങൾ നേടുകയും ധാരണക്കുറവുകൾ പരിഹരിക്കുകയും ചെയ്യുന്നതിനായി ഒരു സീനിയർ ടീച്ചറുടെ സഹായത്തോടെ യഥാർഥ ക്ലാസിൽ പ്രവർത്തിക്കുന്നതാണ് ഇന്റേൺഷിപ്പ്. ഇതിനാവശ്യമായ മാർഗനിർദേശങ്ങളും ധാരണകളും നേടുകയാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്.

### സ്കൂൾ അനുഭവ പരിപാടി

DEI.Ed പാഠ്യപദ്ധതിയനുസരിച്ച് ഒന്നും രണ്ടും സെമസ്റ്ററുകളിൽ അഞ്ചു ദിവസം വീതവും മൂന്നാം സെമസ്റ്ററിൽ 45 ദിവസവും സ്കൂൾ അനുഭവ പരിപാടിയിൽ പങ്കെടുക്കുകയും പ്രായോഗികാനുഭവങ്ങൾ നേടുകയും ചെയ്തല്ലോ. നാലാം സെമസ്റ്ററിലും 45 ദിവസത്തെ സ്കൂൾ അനുഭവ പരിപാടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. യു.പി. വിഭാഗം ക്ലാസുകൾ കേന്ദ്രീകരിച്ചുള്ള സ്കൂൾ അനുഭവ പരിപാടികളുടെ ആസൂത്രണവും പ്രയോഗവുമാണ് ഈ സെമസ്റ്ററിൽ നടക്കേണ്ടത്.

## 1. വിശകലന ക്ലാസുകളുടെ വിതരണക്രമം (യു.പി. തലം)

| ക്രമ നമ്പർ | വിഷയം | വിശകലന ക്ലാസുകളുടെ എണ്ണം | | |
|---|---|---|---|---|
| | | ടീച്ചർ എജ്യുക്കേറ്ററുടെ ക്ലാസ് | വിദഗ്ധ അധ്യാപകരുടെ ക്ലാസ് | സഹപഠിതാവിന്റെ ക്ലാസ് (ഒന്നുവീതം) |
| 1 | മലയാളം | 1 | 1 | 1 |
| 2 | ഇംഗ്ലീഷ് | 1 | 1 | 1 |
| 3 | ഗണിതം | 1 | 1 | 1 |
| 4 | സയൻസ് | 1 | 1 | 1 |
| 5 | സാമൂഹ്യശാസ്ത്രം | 1 | 1 | 1 |
| 6 | കലാപഠനം | 1 | 1 | 1 |
| 7 | പ്രവൃത്തിപരിചയം | 1 | 1 | 1 |
| 8 | ആരോഗ്യ-കായികം | 1 | 1 | 1 |
| | **ആകെ** | **8** | **8** | **8** |

## 2. S4 ഇന്റേൺഷിപ്പ് പിരീഡ്, സ്കോർ വിതരണക്രമം

| ക്രമ നമ്പർ | വിഷയം | പിരീഡുകളുടെ എണ്ണം | സ്കോർ |
|---|---|---|---|
| 1 | മലയാളം | 15 | 20 |
| 2 | ഇംഗ്ലീഷ് | 15 | 20 |
| 3 | ഗണിതം | 15 | 20 |
| 4 | സയൻസ് | 15 | 20 |
| 5 | സാമൂഹ്യശാസ്ത്രം | 15 | 20 |
| 6 | കലാപഠനം | 05 | 10 |
| 7 | പ്രവൃത്തിപരിചയം | 05 | 10 |
| 8 | ആരോഗ്യ-കായികവിദ്യാഭ്യാസം | 05 | 10 |
| | **ആകെ** | **90** | **130** |

**ഇന്റേൺഷിപ്പ്: പ്രധാന ലക്ഷ്യങ്ങൾ**

1. വിദ്യാലയത്തിനകത്തും പുറത്തും നടക്കുന്ന പഠന - ബോധന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനുമുള്ള ധാരണ നേടുന്നതിന്.
2. വിദ്യാലയത്തിലെ പിന്തുണാസംവിധാനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
3. വിദ്യാർഥി, അധ്യാപകർ, രക്ഷിതാവ്, പഠനാന്തരീക്ഷം എന്നീ ഘടകങ്ങളുടെ പഠന-ബോധന പ്രവർത്തനങ്ങളിലെ പങ്ക് തിരിച്ചറിയുന്നതിന്.
4. വിദ്യാലയപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവയുടെ ഏകോപനവും മോണിറ്ററിങ്ങും എങ്ങനെയെന്നും നിരീക്ഷിക്കുന്നതിന്.

5. പഠനപ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹരിക്കുകയും ലഘു ഗവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതിന്.

6. പഠന-ബോധന പ്രക്രിയകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികാനുഭവം ലഭ്യമാക്കുന്നതിനും ടീച്ചിങ് മാന്വൽ വികസിപ്പിച്ച് പ്രതിഫലനാത്മക മായി വിലയിരുത്തുന്നതിനും ആവശ്യമായ നൈപുണികൾ ആർജിക്കുന്നതിനും

7. സ്കൂളിൽ നടക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ പങ്കെടുത്ത് പ്രായോഗികധാരണകൾ മെച്ചപ്പെടുത്തുന്നതിന്.

8. അധ്യാപികയുടെയും പ്രധാനാധ്യാപികയുടെയും റോൾ നിരീക്ഷിക്കുന്നതിനും പഠിതാക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ എങ്ങനെ നിറവേറുന്നു എന്ന് മനസ്സിലാക്കുന്നതിനും.

9. പഠന-ബോധനസാമഗ്രികൾ തയാറാക്കുന്നതിനും പഠനപ്രക്രിയയിൽ ഫലപ്രദമായി ഉപ യോഗിക്കുന്നതിനുമുള്ള വൈദഗ്ധ്യം ആർജിക്കുന്നതിനും

10 ഐ.സി.ടി. സങ്കേതങ്ങൾ പഠന - ബോധന പ്രക്രിയയിൽ ഫലപ്രദമായി ഉപയോഗപ്പെടു ത്തുന്നതിനുള്ള വൈദഗ്ധ്യം നേടുന്നതിന്.

11. പഠന - ബോധന പ്രക്രിയയുടെ വിലയിരുത്തലിൽ പ്രായോഗിക ധാരണകൾ നേടുന്നതിന്.

ഇന്റേൺഷിപ്പിനായുള്ള വിദ്യാലയങ്ങളുടെ തെരഞ്ഞെടുക്കലും അവിടത്തെ പ്രധാനധ്യാപ കർക്കും മെന്റർമാരായി പ്രവർത്തിക്കുന്ന സീനിയർ അധ്യാപകർക്കുള്ള നിർദേശങ്ങളും മറ്റും ബന്ധപ്പെട്ട ഡയറ്റുകളും ഐ.റ്റി.ഇ. കളും ചേർന്ന് നടത്തുന്നതാണ്. വിദ്യാർഥികളുടെ എണ്ണം, മെന്റർമാരുടെ ലഭ്യത, മികച്ച അനുഭവങ്ങൾ അധ്യാപക വിദ്യാർഥികൾക്ക് ലഭിക്കുവാനുള്ള സാധ്യത എന്നിവ പരിഗണിച്ചുകൊണ്ടായിരിക്കണം വിദ്യാലയങ്ങൾ തെരഞ്ഞെടുക്കേണ്ടത്. വിദ്യാലയത്തിൽ നിർവ്വഹിക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു നോക്കാം.

- ക്ലാസ് നിരീക്ഷണം
- മെന്ററുടെ സഹായിയായി പ്രവർത്തിക്കൽ
- പഠനോപകരണങ്ങൾ വികസിപ്പിക്കൽ
- യൂണിറ്റാസൂത്രണം, ദൈനംദിനാസൂത്രണം
- അധ്യാപനം നിർവ്വഹിക്കൽ
- പഠനം വിലയിരുത്തൽ
- വിവിധ രേഖകൾ വികസിപ്പിക്കൽ
- വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ
- .......................................

ഇപ്രകാരം ഒരു സ്കൂളിൽ നടക്കുന്ന എല്ലാത്തരം പ്രവർത്തനങ്ങളും പരിചയപ്പെടുന്നതിനും തൃപ്തികരമായി മനസ്സിലാക്കുന്നതിനുമുള്ള സഹായങ്ങളും പിന്തുണയും മെന്ററിംഗിലൂടെ വിദ്യാ ലയത്തിൽ നിന്നും ലഭ്യമാകണം.

**ടീച്ചിംഗ് പ്രാക്ടീസിനുള്ള തയാറെടുപ്പുകൾ**

പ്രാക്ടീസ് ടീച്ചിംഗിനുള്ള 45 ദിവസങ്ങളിൽ ആദ്യ 5 ദിവസം ക്ലാസ് നിരീക്ഷണം, വിശകലന ക്ലാസ്, അധ്യാപകരെയും കുട്ടികളെയും പരിചയപ്പെടൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വിനി യോഗിക്കണം. ബാക്കി 40 ദിവസങ്ങളിൽ ടീച്ചിംഗ് പ്രാക്ടീസിനോടൊപ്പം

- ലാബ് - ലൈബ്രറി പരിചയപ്പെടുൽ
- ഉച്ചഭക്ഷണ പരിപാടിക്ക് നേതൃത്വം നൽകൽ
- അസംബ്ലിക്ക് നേതൃത്വം നൽകൽ
- മെന്റർ ടീച്ചറെ സഹായിക്കൽ
- സർവ്വെ പ്രവർത്തനങ്ങൾ, ക്രിയാ ഗവേഷണം
- ക്ലാസ് പി.ടി.എ, പി.ടി.എ. യോഗങ്ങളിൽ പങ്കെടുക്കൽ
- എസ്.ആർ.ജി. സബ്ജക്ട് കൗൺസിൽ, ക്ലബ് പ്രവർത്തനങ്ങൾ
- ഗൈഡൻസ് & കൗൺസിലിംഗ്
- ..............................................................

തുടങ്ങിയ വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത് അനുഭവങ്ങൾ ആർജിക്കണം. ഒരു ദിവസം രണ്ട്-മൂന്ന് ക്ലാസുകൾ ലഭിക്കത്തക്കവിധം ടൈംടേബിൾ മുൻകൂട്ടി തയാറാക്കി സൂക്ഷിക്കണം. ക്ലാസ് എടുക്കുന്ന പിരിയഡുകൾ ഒഴികെയുള്ള സമയം പ്രാക്ടീസ് ടീച്ചറുടെയും സഹപഠിതാക്കളുടെയും ക്ലാസുകൾ നിരീക്ഷിക്കുന്നതിനും വിദ്യാലയത്തിലെ മറ്റു പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാം. ക്ലാസുകൾ കഴിയുന്നത്രയും ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിയാവണം.

- ഓരോ ദിവസത്തെയും അനുഭവങ്ങൾ അധ്യാപക വിദ്യാർഥികൾ കൂടിയിരുന്ന് വിലയിരുത്തുകയും വിശദാംശങ്ങൾ മിനിട്സിൽ എഴുതി സൂക്ഷിക്കുകയും വേണം. ഈ കൂടിയിരുപ്പ് എസ്.ആർ.ജി. യുടെ പ്രായോഗിക പരിശീലനമാണ്.
- ക്ലാസുകൾ ശരിയായ രീതിയിൽ ആസൂത്രണം ചെയ്ത് ടീച്ചിംഗ് മാന്വൽ തയാറാക്കിയാണ് എടുക്കുന്നതെന്ന് ഉറപ്പുവരുത്തണം. മെന്റർ ടീച്ചറുടെ സഹായം പൂർണ്ണമായും സ്വീകരിക്കണം.
- അസംബ്ലി, ദിനാചരണങ്ങൾ, രേഖകൾ തയാറാക്കൽ തുടങ്ങിയ പ്രായോഗിക പരിശീലനം ലഭ്യമാക്കുന്ന എല്ലാ മേഖലകളും പരിചയപ്പെടണം.

ഇതിനായി മെന്റർ ടീച്ചറുടെയും ടീച്ചർ എഡ്യുക്കേറ്റർമാരുടേയും പ്രിൻസിപ്പലിന്റെയും നിർദേശങ്ങൾ പാലിക്കുകയും അക്കാദമിക സഹായം ഉറപ്പുവരുത്തുകയും ചെയ്യണം. ശനിയാഴ്ചകളിലും വിദ്യാലയ പ്രവൃത്തിദിനമല്ലാത്ത ദിവസങ്ങളിലും ഐ.ടി.ഇ. കളിൽ കൂടിയിരുന്ന് ടീച്ചിംഗ് പ്രാക്ടീസ് വേളയിലെ പ്രശ്നങ്ങൾ, മികവുകൾ, പോരായ്മകൾ ചർച്ച ചെയ്ത് പരിഹാരങ്ങൾ കണ്ടെത്തണം.

**വിശകലന ക്ലാസ്സുകൾ**

ടീച്ചർ എഡ്യൂക്കേറ്റർ, വിദഗ്ധ അധ്യാപിക, സഹപഠിതാവ് എന്നിവരുടെ ഓരോന്നുവീതം ക്ലാസുകൾ നിരീക്ഷിച്ച് വിശകലനം ചെയ്യണം. വിശകലനത്തിനായി അനുബന്ധത്തിൽ നൽകിയ ഫോർമാറ്റ് ഉപയോഗപ്പെടുത്തുകയും ചെയ്യണം. നിരീക്ഷണ വേളയിൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുകയും നിരീക്ഷണം പൂർത്തിയായ ശേഷം ഫോർമാറ്റിലേക്ക് എഴുതി തയാറാക്കുകയും ചെയ്യുന്നതാണ് അഭികാമ്യം. സൂക്ഷ്മമായി വിലയിരുത്തി വിശകലനം ചെയ്ത് മികവുകളും പോരായ്മകളും അവതരിപ്പിക്കുകയും മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളും ചർച്ച ചെയ്യേണ്ടതാണ്. ഒരു ക്ലാസ് എങ്ങനെ നിർവഹിക്കും എന്ന ധാരണ നേടുകയാണ് വിശകലന ക്ലാസിന്റെ ലക്ഷ്യം.

**ടീച്ചിംഗ് മാന്വൽ വികസിപ്പിക്കൽ, യഥാർഥ ക്ലാസുകൾ**

യൂണിറ്റാസൂത്രണവും (ബോധനശാസ്ത്രപരമായ അപഗ്രഥനം), ദൈനംദിനാസൂത്രണവും രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് ടീച്ചിംഗ് മാന്വൽ. ടൈംടേബിൾ അനുസരിച്ച് ഒരു ദിവസം രണ്ട് - മൂന്ന് എന്ന ക്രമത്തിൽ ടീച്ചിംഗ് മാന്വൽ തയാറാക്കിയാണ് ക്ലാസ് നിർവ്വഹിക്കേണ്ടത്. ഓരോ ക്ലാസിനും ആവശ്യമായ പഠനസാമഗ്രികൾ തയാറാക്കണം. കഴിയുന്നതും ഐ.സി.ടി. സഹായത്തോടെ ക്ലാസുകൾ നിർവ്വഹിക്കണം. സാമൂഹ്യശാസ്ത്ര പഠനത്തിൽ 5, 6, 7 ക്ലാസുകളിലായി 15 ക്ലാസുകളാണ് നിർവ്വഹിക്കേണ്ടത്. ഓരോ പിരിയഡിനും പഠനനേട്ടത്തിനനുസരിച്ച് ടീച്ചിംഗ് മാന്വൽ തയാറാക്കുന്നതാണ് പരിഗണിക്കേണ്ടത്. എന്നാൽ സാമൂഹ്യശാസ്ത്രത്തിൽ ഒരു പഠനനേട്ടത്തിന് ഒന്നിലധികം പിരിയഡുകൾ ചിലപ്പോൾ ആവശ്യമായി വന്നേക്കാം. ഇവിടെ ഓരോ പിരിയഡിനും തീയതി വച്ച് പ്രവർത്തനങ്ങൾ തുടർച്ചയായും തയാറാക്കാം.

ക്ലാസ്സിനൊപ്പവും ക്ലാസിനുശേഷവും വിലയിരുത്തൽ പേജിലേക്കുള്ള കുറിപ്പുകൾ, പ്രതിഫലനാത്മക കുറിപ്പുകൾ എഴുതുകയും കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അടുത്ത ദിവസത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. (സാമൂഹ്യശാസ്ത്രം ടീച്ചിംഗ് മാന്വൽ മാതൃക കാണുക) പഠനനേട്ടം ആർജിക്കൽ, പഠനപ്രക്രിയയുടെ വിലയിരുത്തൽ, നൽകിയ സഹായം, തുടർ ആസൂത്രണം തുടങ്ങിയവ പ്രതിഫലനാത്മക കുറിപ്പിൽ പരിഗണിക്കണം.

**പഠനോപകരണങ്ങൾ, സ്രോതസ്സുകൾ**

ഓരോ ക്ലാസ്സുകൾക്കും ആവശ്യമായ പഠനോപകരണങ്ങൾ ക്ലാസ്സുകളുടെ നിർവഹണത്തിനു മുമ്പ് ഉറപ്പുവരുത്തണം. സാമൂഹ്യശാസ്ത്ര പഠനോപകരണങ്ങൾ ചർച്ച ചെയ്തത് ഓർക്കുമല്ലോ. ആവശ്യമായവ തയാറാക്കേണ്ടി വരാം, ചിലത് വിഭവ സ്രോതസ്സുകളിൽ നിന്നും ശേഖരിക്കേണ്ടിവരാം, സാമൂഹ്യശാസ്ത്ര ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആസൂത്രണം ഉറപ്പുവരുത്തണം. ഡിജിറ്റൽ വിഭവങ്ങൾ ഉപയോഗം തീരുമാനിക്കുമ്പോൾ അവയുടെ ലഭ്യതയും പ്രവർത്തന സാധ്യതയും മുൻകൂട്ടി പരിശോധിച്ച് ഉറപ്പുവരുത്തണം. ഐ.സി.ടി. ഉപയോഗിക്കുമ്പോൾ വെറും കാഴ്ചക്കാർ മാത്രമായി വിദ്യാർഥികൾ മാറരുത്. ചർച്ചക്കും വർക്കുഷീറ്റുകൾക്കും ഉള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം.

**ഇന്റേൺഷിപ്പ് വിലയിരുത്തൽ**

സാമൂഹ്യശാസ്ത്രം വിദ്യാലയ അനുഭവ പരിപാടികളുടെ വിലയിരുത്തൽ മെന്റർ ടീച്ചറും, ടീച്ചർ എഡ്യൂക്കേറ്ററും ചേർന്നാണ് നടത്തുന്നത്. യഥാക്രമം 25%, 75% എന്ന അനുപാതത്തിലാണ് വിലയിരുത്തൽ സ്കോർ നൽകുന്നത്. സാമൂഹ്യശാസ്ത്ര വിഷയത്തിൽ 15 ക്ലാസും 20 സ്കോറുമാണ് പാഠ്യപദ്ധതിയനുസരിച്ച് നൽകിയിട്ടുള്ളത്. സി പ്ലസ് ഗ്രേഡെങ്കിലും (50% - 59%) നേടുന്നവരാണ് വിജയകരമായി ഇന്റേൺഷിപ്പ് പൂർത്തിയാക്കിയതായി പരിഗണിക്കുക.

നമ്മൾ ഈ യൂണിറ്റിലൂടെ ചർച്ച ചെയ്തത് സ്കൂൾ അനുഭവ പരിപാടിയുടെ വിവിധ പ്രവർത്തനങ്ങളും അധ്യാപക വിദ്യാർഥികൾ ശ്രദ്ധിക്കേണ്ട വിശദാംശങ്ങളുമാണ്. ഫലപ്രദമായി വിദ്യാലയ അനുഭവപരിപാടികൾ പൂർത്തിയാക്കുന്നതിന് എല്ലാ പ്രവർത്തനങ്ങളിലും പ്രയോഗികാനുഭവങ്ങൾ നേടുന്നു എന്ന് ഉറപ്പുവരുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

**ഈ യൂണിറ്റിലൂടെ ചർച്ച ചെയ്ത പ്രധാനാശയങ്ങൾ** :

- സ്കൂൾ അനുഭവ പരിപാടി
- ക്ലാസ് റൂം അധ്യാപനത്തിനുള്ള തയാറെടുപ്പുകൾ
- യഥാർഥ ക്ലാസുകൾ നിരീക്ഷിക്കൽ
- വിശകലന ക്ലാസുകൾ

- ക്ലാസ് വിലയിരുത്തൽ
- ടീച്ചിംഗ് മാന്വൽ
- പഠനോപകരണ നിർമ്മാണം

**Reference Books**


1. DELEd പാഠ്യപദ്ധതി
2. Teacher Text Std. 6, SCERT.
3. Internship guidelines - NCTE

## വിശകലന / നിരീക്ഷണ ക്ലാസ്സ് ടൂൾ

**അധ്യാപക വിദ്യാർത്ഥിയുടെ പേര്** : **സെമസ്റ്റർ :**

**വിദ്യാലയത്തിന്റെ പേര്** :

**ക്ലാസ്സ്** :

**വിഷയം** :

| | വിശകലന മേഖല | 4/3/2/1 | നിരീക്ഷിച്ച കാര്യങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1. | **ആസൂത്രണം**<br>• പെഡഗോജിക്കൽ അനാലിസ് നടത്തി പ്രക്രിയാബന്ധിതമായി തയ്യാറാക്കിയ ടി.എം. | | | |
| 2. | **പഠന പ്രവർത്തനങ്ങളുടെ നിർവ്വഹണം**<br>• ജനാധിപത്യപരമായ ഇടപെടൽ<br>• എല്ലാവരേയും പരിഗണിക്കൽ<br>• കൈത്താങ്ങു നൽകി മുന്നേറാൻ സഹായിക്കുന്നു.<br>• ബോധനരീതി ബോധനതന്ത്രങ്ങൾ എന്നിവയുടെ അനുയോജ്യത.<br>• ടീച്ചറുടെ ക്രോഡീകരിക്കൽ.<br>**പഠന പ്രക്രിയകൾ**<br>• എല്ലാവർക്കും മാനസികമായും ഭൗതികമായും ഇടപെടാൻ കഴിയുന്നത്.<br>• പഠനനേട്ടങ്ങൾ നേടുന്നതിനുള്ള സാധ്യത. | | | |
| 3. | **പഠനതന്ത്രങ്ങളും പഠനോപകരണങ്ങളും**<br>• പഠനരീതികൾ / തന്ത്രങ്ങൾ എന്നിവയുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തൽ.<br>• ഐ.സി.ടി. ഉൾക്കൊള്ളിച്ച പഠനോപകരണങ്ങളുടെ ഉപയോഗപ്പെടുത്തൽ.<br>• പ്രക്രിയ ഫലപ്രദമാക്കാൻ അനുയോജ്യമായവ.<br>• എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കുംവിധം എണ്ണം. | | | |
| 4. | **പഠനാന്തരീക്ഷം**<br>• എല്ലാവരിലും ആത്മവിശ്വാസം വളർത്തുന്ന ഇടപെടൽ.<br>• ജനാധിപത്യപരമായ ഇടപെടലുകൾ.<br>• പിന്നാക്കക്കാർക്ക് പരിഗണനയും സഹായവും.<br>• എല്ലാവർക്കും പങ്കാളിത്തമുള്ള ഗ്രൂപ്പ് പ്രവർത്തനം.<br>• പഠനപ്രക്രിയകൾക്കനുസരിച്ച്. | | | |
| 5. | **മൂല്യനിർണ്ണയം**<br>• സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനുമുള്ള സാധ്യത.<br>• പഠന വിടവുകൾ കണ്ടെത്താൻ സഹായകമായ വിലയിരുത്തൽ സൂചനകൾ.<br>• കുട്ടികളുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ പ്രക്രിയകളിൽ മാറ്റങ്ങൾ വരുത്തൽ.<br>• തുടർപ്രവർത്തന സാധ്യതകൾ ഒരുക്കുന്നുണ്ട്. | | | |

- ആകെ അഞ്ചു മേഖലകളും പരിഗണിച്ച് വളരെ മികച്ചത് (5), മികച്ചത് (4), ശരാശരി (3), മെച്ചപ്പെടേണ്ടത് (2) എന്ന ക്രമത്തിൽ 20-ൽ സ്കോർ നൽകുക. നിരീക്ഷണവും രേഖപ്പെടുത്തുക

സ്ഥലം : ക്ലാസ്സ് നിരീക്ഷകന്റെ പേര് :

തിയ്യതി : ഒപ്പ് :

ഉദ്യോഗ പേര് :

24